# സാന്ത്വനപ്രകാശം

പാലാ രൂപതാ ബുള്ളറ്റിൻ



## ജൂലൈ 03 – ദുക്റാന തിരുനാൾ

Vol. LXIX July 2019 No. 7



**Pontifical Athenaeum Regina Apostolorum യൂണിവേഴ്സിറ്റിയിൽ നിന്നും The Resurrection of Jesus Christ as the Sign of Eschatological Presence and Hope എന്ന വിഷയത്തിൽ ഡോക്ടറേറ്റ് നേടിയ റവ. ഫാ. ജോസഫ് കരികുളത്തച്ചന്**

**പാലാ രൂപതയുടെ**

## പ്രാർത്ഥനാശംസകൾ



**സീറോമലബാർ സഭയുടെ കുടുംബ പ്രേഷിതത്വം, മാതൃവേദി, കുടുംബക്കൂട്ടായ്മ, പ്രോ ലൈഫ്, കത്തോലിക്കാ കോൺഗ്രസ് എന്നിവയുടെ രൂപതാ ഡയറക്ടർമാരുടെ സമ്മേളനം മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്യുന്നു.**


ജൂലൈ 25 ന് നാമഹേതുക തിരുനാൾ
ആഘോഷിക്കുന്ന
അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവിന്
സ്നേഹനിർഭരമായ പ്രാർത്ഥനാശംസകൾ




കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്ററിൽ വച്ചുനടന്ന ഇന്റർ എപ്പാർക്കിയൽ മീറ്റിംഗ്



ഫാമിലി അപ്പസ്തോലേറ്റിന്റെ നേതൃത്വത്തിൽ നടന്ന വിവാഹജൂബിലി ആഘോഷത്തിൽനിന്ന്

"നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു...
മനുഷ്യർ നിങ്ങളുടെ സൽപ്രവൃത്തികൾ കണ്ട്,
സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ
മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം
അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ."

(മത്തായി 5: 14 – 16)

*'സാന്ത്വനപ്രകാശമേ, നയിച്ചാലും'*

# സാന്ത്വനപ്രകാശം

## പാലാ രൂപതാ ബുള്ളറ്റിൻ

JULY 2019
Vol. LXIX No. 7

# CONTENTS


ദൈവാരാധനയെക്കുറിച്ച് ........................................ 587

സർക്കുലർ (യുവജനദിനം) ........................................ 621

സർക്കുലർ 251 ........................................ 627

ഇടയലേഖനം (സഭാദിനം) ........................................ 633

അറിയിപ്പ് ........................................ 639

Collection List ........................................ 646

Prayer Day List ........................................ 654

വാർത്തകൾ ........................................ 655

ആദരാഞ്ജലികൾ ........................................ 687

അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി ........................................ 692

Bishops' Engagements ........................................ 697

# ദൈവാരാധന (ലിറ്റർജി)യെക്കുറിച്ച്

തിരുസഭയുടെ ഏറ്റവും ശ്രേഷ്ഠമായ പ്രവൃത്തി ദൈവാരാധനയാണ്. “സഭയുടെ പ്രവർത്തനംതന്നെ ആരാധനക്രമമാകുന്ന അത്യുച്ചസ്ഥാനത്തേയ്ക്കാണ് തിരിഞ്ഞിരിക്കുന്നത്. അവളുടെ ശക്തി മുഴുവൻ നിർഗ്ഗളിക്കുന്നതും അവയിൽനിന്നാണ്” (വത്തിക്കാൻ കൗൺസിൽ, ദൈവാരാധന No. 10.) ദൈവാരാധനയും ദൈവവചന ശുശ്രൂഷയും മുഖ്യദൗത്യമായി പരിഗണിച്ച് ഇക്കാര്യങ്ങളിൽ അതീവ ശ്രദ്ധപുലർത്തുന്ന കാര്യം ബഹു. വൈദികരും സമർപ്പിതരും വിശ്വാസികളും പ്രത്യേകം ശ്രദ്ധിക്കുമല്ലോ. 13 വർഷം മുമ്പ് (സാന്ത്വനപ്രകാശം ഏപ്രിൽ 2007- സർക്കുലർ 38) നൽകിയ നിർദ്ദേശങ്ങൾ ഒന്നുകൂടി ഓർമ്മിപ്പിക്കുന്നത് ഉചിതമെന്നു കരുതുകയാണ്. ഇവയുടെ പാലനംവഴി നമ്മുടെ രൂപതയിൽ വിശ്വാസസംരക്ഷണവും വിശ്വാസപരിശീലനവും കാര്യക്ഷമമാകുമെന്നു പ്രതീക്ഷിക്കുന്നു.

ലിറ്റർജി (ദൈവാരാധന)യുടെ വിഷയം സഭയുടെ വിശ്വാസമാണ്. സഭയുടെ വിശ്വാസത്തിൽനിന്ന് വേർപെട്ട് ഒരു ആരാധനക്രമമില്ല. കാരണം, സഭയുടെ വിശ്വാസത്തിന്റെയും ആരാധന ക്രമത്തിന്റെയും ഉറവിടം പെസഹാരഹസ്യത്തിലുള്ള മിശിഹായുടെ ‘സ്വയംദാനം’ എന്ന ഏക സംഭവമാണ്. സഭയുടെ മൊത്തത്തിലുള്ള വിശ്വാസപ്രഖ്യാപനം തന്നെയാണ് ദൈവാരാധന, പ്രത്യേകിച്ച്, വി. കുർബാനയുടെ ആഘോഷം. വി. കുർബാനയെ ദൈവാരാധനയുടെ രത്നച്ചുരുക്കമെന്നു വിശേഷിപ്പിക്കുന്നതും അതുകൊണ്ടാണ്. വി. ഗ്രന്ഥത്തിന് സമാനമായ രീതിയിലാണ് ദൈവികലിറ്റർജികൾ വളർന്നുവന്നത് എന്ന് പോപ്പ് എമിരിറ്റസ് ബനഡിക്ട് 16-ാമൻ പഠിപ്പിക്കുന്നുണ്ട്. സാർവ്വത്രികസഭയുടെ കാഴ്ചപ്പാട് എല്ലാക്കാലത്തും അതു തന്നെയാണ്. തന്മൂലം ആരാധനക്രമത്തിന്റെ സാക്ഷാത്തായ

പരികർമ്മം ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. ദൈവശാസ്ത്ര പരമായ അർത്ഥത്തിൽ ദൈവാരാധന, വരാനുള്ള ലോക ത്തിന്റെ അച്ചാരവും മുന്നാസ്വാദനവുമാണ്. നിത്യജീവിത ത്തിന്റെയും സ്വർഗ്ഗഭാഗ്യത്തിന്റെയും മുന്നാസ്വാദനമാണത്. ഈ മുന്നാസ്വാദനമില്ലാത്ത സമൂഹം വെറും ജഢമാണ്. ദൈവാരാ ധനയിൽ സ്വർഗ്ഗം തുറക്കപ്പെടുന്നില്ലെങ്കിൽ അത് വെറും ഒരു ചടങ്ങു മാത്രമാണ്. സ്വർഗ്ഗം തുറക്കപ്പെടാത്ത വി.കുർബാന നമ്മൾ അർപ്പിക്കുന്നുണ്ടോ എന്നു എല്ലാവരും പരിശോധിക്കേ ണ്ടതാണ്.

പൗരസ്ത്യർ ഏവരും ആരാധനക്രമത്തെ ദൈവിക ലിറ്റർജി, ദൈവാരാധന എന്നാണ് വിളിച്ചുപോരുന്നത്. നമ്മളുടെ അധ്വാ നത്തിന്റെ ഫലമോ, നാം നിർമ്മിച്ചുണ്ടാക്കുന്നതോ അല്ല ദൈവാ രാധന. ലിറ്റർജി ദൈവത്തിന്റേതാണ്. സ്വർഗ്ഗമാണ് അതിന്റെ വിഷയം. നമ്മൾ അത് സ്വീകരിക്കുകയത്രെ. ലിറ്റർജി ദൈവ ത്തിന്റേതാണ് എന്നുപറഞ്ഞാൽ രക്ഷാകരപദ്ധതിയെ [(M'dabbranusa (Syriac), Oikonomia (Greek)] മുഴുവനും അനുസ്മരിച്ചുകൊണ്ട് സൃഷ്ടികർമ്മം, ഈശോയുടെ മനുഷ്യാ വതാരം, രഹസ്യജീവിതം, പരസ്യജീവിതം, പീഡാസഹനം, മര ണം, ഉത്ഥാനം, രണ്ടാമത്തെ ആഗമനം എന്നിവയുടെയെല്ലാം ഓർമ്മയാഘോഷിക്കുക എന്നതാണ്. അതായത് ലിറ്റർജി മിശിഹായുടെ ജീവിതമാണ്. മിശിഹാസംഭവത്തിന്റെ ആഘോ ഷമാണ്. നമ്മുടെ രക്ഷയുടെ ഓർമ്മയാചരണമാണ്. സീറോ-മലബാർസഭയുടെ വി. കുർബാനയും, യാമപ്രാർത്ഥനകളും അതിന്റെ ഏറ്റം നല്ല ഉദാഹരണങ്ങളാണ്. ദൈവജനത്തെ തങ്ങ ളിലേയ്ക്കുമാത്രം നോക്കാതെ ദൈവത്തിലേയ്ക്കു നോക്കാൻ നമ്മൾ പഠിപ്പിക്കണം. ദൈവജനത്തിന് ഈശോയെയും അവൻ നൽകുന്ന വിമോചനാനുഭവത്തെയും ദൈവാരാധനയിലൂടെ അനുഭവിക്കാൻ കഴിയുമ്പോഴാണ് അത് ദൈവജനത്തിന് ആകർഷമാകുന്നത്.

മഹാനായ വി. ബേസിലിന്റെ വാക്കുകൾ ശ്രദ്ധേയമാണ്. “വെളിപ്പെടുത്തപ്പെട്ട വി. ഗ്രന്ഥംപോലെ തന്നെയാണ് മഹത്തരമായ വി. കുർബാന. വിശദീകരണമോ, വ്യാഖ്യാനമോ, നവീകരണമോ വഴി ഒരു പുരാതന ലിറ്റർജിയെ ആരും നശിപ്പിക്കരുത്. ” അതായത് ലിറ്റർജി ദൈവത്തിന്റെ പ്രവൃത്തിയാണ്. വെളിപ്പെടുത്തപ്പെട്ട സത്യങ്ങളാണ്. ദൈവം പ്രവർത്തിക്കുന്നില്ലെങ്കിൽ ലിറ്റർജിക്ക് ഒരർത്ഥവുമില്ല. കേവലം മനുഷ്യൻ എന്ന നിലയിൽ നമുക്കു ചെയ്യാൻ പറ്റാത്ത കാര്യങ്ങളാണ് ലിറ്റർജിയിൽ നിർവ്വഹിക്കുന്നത്. വി. കുർബാന മിശിഹായുടെ ജീവിതത്തെയും രക്ഷാകരബലിയെയും നമുക്ക് അനുഭവവേദ്യമാക്കുന്നു. ഓരോ വി. കുർബാനയിലൂടെയും ചരിത്രവും പ്രപഞ്ചവും നവീകരിക്കപ്പെടുന്നു. മനുഷ്യവംശം തിന്മയിൽനിന്ന് വിമോചിക്കപ്പെടുന്നു. മിശിഹാ തന്നെത്തന്നെ നമുക്ക് നൽകുകയും തന്റെ ശരീരമായ സഭയെ നിരന്തരം നിർമ്മിക്കുകയും ചെയ്യുന്നു.  ഒരു വൈദികൻ ദൈവാരാധനയിൽ അവനെത്തന്നെയല്ല പ്രതിനിധീകരിക്കുന്നത്; സമൂഹത്തിന്റെ കേവലം ഒരു പ്രതിനിധിയുമല്ല. വൈദികൻ ദൈവത്തിന്റെ പ്രതിനിധിയാണ്; സഭയുടെ പ്രതിനിധിയാണ്. തന്മൂലം ലിറ്റർജി ആഘോഷം ഒരു കലാപരിപാടിയുടെ നിലവാരത്തിലേയ്ക്കോ ഒരു പൊതു മീറ്റിംഗിന്റെ സ്ഥിതിയിലേയ്ക്കോ താണുപോകരുതെന്നും പോപ്പ് എമിരിറ്റസ് ബനഡിക്ട് പതിനാറാമൻ നമ്മെ വ്യക്തമായി പഠിപ്പിച്ചിട്ടുണ്ട്. സ്നേഹത്തിന്റെ കൂദാശ (Sacramentum Caritatis)എന്ന ശ്ലൈഹിക ഉപദേശത്തിൽ (ഫെബ്രുവരി 22, 2007) അദ്ദേഹം ഇപ്രകാരം നമ്മെ ഉദ്ബോധിപ്പിക്കുന്നു: “സൗന്ദര്യം ദൈവത്തിന്റെയും വെളിപാടിന്റെയും ഒരു സ്വഭാവ (attribute)മായതുകൊണ്ട് ആരാധനക്രമത്തിന്റെയും ഒഴിച്ചുകൂടാൻ പറ്റാത്ത ഘടകമാണ് (essential element) സൗന്ദര്യം. അത് വെറുമൊരു അലങ്കാരമല്ല. ആരാധനക്രമത്തിന്റെ സൗന്ദര്യം പെസഹാ രഹസ്യത്തിന്റെ ഭാഗമാണ്, ദൈവമഹത്വത്തിന്റെ ഉന്നതമായ പ്രകാശനമാണ്, ഒരർത്ഥത്തിൽ ഭൂമി

യിലുള്ള സ്വർഗ്ഗത്തിന്റെ കാഴ്ചയാണ്. ആരാധനക്രമത്തിൽ അന്തർലീനമായിരിക്കുന്ന പ്രഭ (innate splendour) വി. കുർബാനയാഘോഷത്തിൽ പ്രതിഫലിക്കണമെങ്കിൽ അതീവശ്രദ്ധ ആവശ്യമാണെന്ന് നമ്മൾ മനസ്സിലാക്കണം"(N.35)

ഭാഗ്യസ്മരണാർഹനായ ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ അദ്ദേഹത്തിന്റെ സഭയും വി.കുർബാനയും (Ecclesia de Eucharistia)- എന്ന ചാക്രികലേഖനത്തിൽ ഇപ്രകാരം എഴുതി: "വി. കുർബാനയുടെ അർപ്പണത്തെ സംബന്ധിച്ച ആരാധനക്രമനിയമങ്ങൾ ഏറ്റം വിശ്വസ്തതയോടെ പാലിക്കണമെന്ന് അടിയന്തിരമായി അഭ്യർത്ഥിക്കുക എന്റെ കടമയാണെന്ന് ഞാൻ കരുതുന്നു. ലിറ്റർജി, ഒരിക്കലും ആരുടെയും, പ്രധാന കാർമ്മികന്റെയാകട്ടെ, രഹസ്യങ്ങൾ പരികർമ്മം ചെയ്യുന്ന സമൂഹത്തിന്റേതാകട്ടെ, സ്വകാര്യസ്വത്തല്ല. ആരാധനക്രമനിയമങ്ങളനുസരിച്ച് വിശ്വസ്തതാപൂർവ്വം വി. കുർബാന പരികർമ്മം ചെയ്യുന്ന വൈദികരും ഈ നിയമങ്ങൾ അനുവർത്തിക്കുന്ന സമൂഹങ്ങളും സഭയോടുള്ള സ്നേഹം ശാന്തമായി, എന്നാൽ വാചാലമായി പ്രകാശിപ്പിക്കുകയാണ് ചെയ്യുന്നത്" (N. 52). "ലിറ്റർജിയുടെ സമഗ്രതയ്ക്ക് ഭംഗംവരുത്തുകയും വിശ്വാസികൾക്ക് ഏറെ ഹാനി വരുത്തുകയും ചെയ്യുന്ന അനധികൃത പരീക്ഷണങ്ങൾ പുരോഹിതർ വ്യക്തിപരമായി നടത്തുന്നതിനെതിരെ എല്ലായ്പ്പോഴും ജാഗരൂകരായിരിക്കുവാൻ ലിറ്റർജിയുടെ മുഖ്യ സൂക്ഷിപ്പുകാരനെന്ന നിലയിൽ മെത്രാന്മാർ കടപ്പെട്ടവരാണ്" എന്ന് ജോൺ പോൾ രണ്ടാമൻ പാപ്പാ സീറോമലബാർ മെത്രാന്മാരുടെ ആദ്‌ലിമിനാ സന്ദർശനവേളയിൽ (മെയ്. 2003) പറഞ്ഞ കാര്യവും ഓർമ്മിപ്പിക്കട്ടെ.

പോപ്പ് എമിരിറ്റസ് ബനഡിക്ട് പതിനാറാമൻ സ്നേഹത്തിന്റെ കൂദാശ എന്ന ശ്ലൈഹിക ഉപദേശത്തിലൂടെ പഠിപ്പിച്ചു. "ദൈവജനം മുഴുവൻ വി. കുർബാനയിൽ പങ്കുകൊള്ളുന്നതുകൊണ്ട് കൃത്യമായി അത് ആഘോഷിക്കേണ്ട രീതി (a correct ars celebrandi) പാലിക്കേണ്ടത് തിരുപ്പട്ടം എന്ന

കൂദാശ സ്വീകരിച്ച എല്ലാവരുടെയും പ്രത്യേക ഉത്തരവാദിത്വമാണ്. മെത്രാന്മാരും പുരോഹിതരും മ്ശംശാനമാരും അവരുടെ സ്ഥാനമനുസരിച്ച് ആരാധനക്രമആഘോഷമാണ് അവരുടെ പ്രധാന ചുമതലയെന്ന് (Principal duty) തീർച്ചയായും മനസ്സിലാക്കണം"(No.39).

2007 സെപ്റ്റംബർ 9 നു വിയന്നായിലെ സിസ്റ്റേസിയൻ ആശ്രമം സന്ദർശിച്ചപ്പോൾ പോപ്പ് എമരിറ്റസ് ബനഡിക്റ്റ് പതിനാറാമൻ പറഞ്ഞു. "ലോകത്തിനുവേണ്ടിയുള്ള നിങ്ങളുടെ ഏറ്റവും പ്രധാനപ്പെട്ട ശുശ്രൂഷ നിങ്ങളുടെ പ്രാർത്ഥനയും കുർബാന അർപ്പണവുമാണ്. ഒരു വൈദികന് ദൈവത്തിനുള്ള ഈ ശുശ്രൂഷയേക്കാൾ മഹത്തരമായി മറ്റൊന്നും ചെയ്യാനില്ല. ഈ മനോഭാവത്തിന്റെ സൗന്ദര്യമാണ് ലിറ്റർജിയുടെ സൗന്ദര്യം. തന്മൂലം എവിടെ നമ്മൾ പാടാനും സ്തുതിക്കാനും ആഘോഷിക്കാനും ആരാധിക്കാനും ഒരുമിച്ചു കൂടുന്നുവോ അവിടെ സ്വർഗ്ഗത്തിന്റെ ഒരു ഭാഗം താഴേക്ക് ഇറങ്ങിവരുന്നു".

ദൈവാരാധനയാണ് ക്രൈസ്തവജീവിതത്തിന്റെ ഉറവിടവും അടിസ്ഥാനവും (totius vitae christianae fontes et culmen) എന്ന് ഒരു പുരോഹിതൻ വിശ്വസിക്കുന്നില്ലെങ്കിൽ അദ്ദേഹത്തിന് ദൈവജനത്തെ നയിക്കാനാവില്ല. അവരുടെ പൗരോഹിത്യം ഗുണമേന്മയില്ലാത്തതാവും. ആന്തരികതക്ക് പ്രാധാന്യം കൊടുക്കാതെ ബാഹ്യമാത്രകാര്യങ്ങളിൽ ഊന്നൽ കൊടുത്താൽ ദൈവരാധനയുടെ ചൈതന്യം നഷ്ടപ്പെടും. അത് പൗരോഹിത്യത്തിന്റെ അപചയമാണ്. ദൈവാരാധന വെറും ആചാരങ്ങളോ(ritualism) അനുഷ്ഠാനവിധികളോ (rubricism) മാത്രമായി ലഘൂകരിച്ച് കാണരുത്. സഭയുടെ ദൈവശാസ്ത്രമാണ് ദൈവവാരാധനയിലൂടെ വെളിപ്പെടുന്നത്. ആയതിനാൽ ദൈവാരാധനയെക്കുറിച്ചുള്ള ദൈവശാസ്ത്രപരമായ ജ്ഞാനം എല്ലാ വൈദികർക്കും ഉണ്ടാകണം. ഇതിന് ലിറ്റർജിക്കൽ പുസ്തകങ്ങളുടെ ഒരു ധ്യാനാത്മക വായന (lectio divina) സഹായിക്കും. അതോടൊപ്പം ഈ ഗ്രന്ഥ

ങ്ങളെക്കെയും ദൈവജനത്തിന് നന്നായി പരിചയപ്പെടുത്തു കയും വേണം.

നവസുവിശേഷവത്കരണത്തിന് ലിറ്റർജിയിലുള്ള പരിശീലനവും ലിറ്റർജി നവീകരണവും ഒരുപോലെ ആവശ്യമാണ്. സഭയുടെ ആത്മീയ ശക്തിയെ വിപുലീകരിക്കുന്നത് (maximize ചെയ്യുന്നത്) നല്ല ലിറ്റർജിയാണ്. മോശമായ ലിറ്റർജി അതിനെ ചെറുതാക്കുകയും (minimize)ചെയ്യും. ലിറ്റർജിക്കൽ തനിമ, ജീവിക്കുന്ന തനിമയാകണം. അതിന്റെ വളർച്ചയുടെ വഴിയിൽവച്ച് അതിന്റെ ജീവൻ നഷ്ടപ്പെടരുത്. ചരിത്രപരമായ ബന്ധം മുറിക്കപ്പെടാതെ ഇന്നത്തെ ലോകത്തിനു സ്വീകാര്യമാകുമ്പോഴാണ് അവിടെ സ്വത്വം നഷ്ടപ്പെടാതെ ജീവാത്മക വളർച്ച യാഥാർത്ഥ്യമാകുന്നത്. ലിറ്റർജിയിൽ വേണ്ടത് മുറിച്ചുമാറ്റലോ(rupture) വിപ്ലവമോ (revolution) അല്ല. പ്രത്യുത തുടർച്ചയാണ്. ലിറ്റർജി വേദപുസ്തകത്തിലെ കഴുകനെപ്പോലെയാണ്. "കഴുകനെപ്പോലെ നീ നിന്റെ ജീവിതം നവീകരിക്കുന്നു" (Your youth is renewed like the eagle - സങ്കീ. 103:5). നമ്മുടെ ഇടവകകളാണ് ലിറ്റർജിക്കൽ പാരമ്പര്യം സംരക്ഷിക്കേണ്ടത്. പണ്ട് സന്യാസഭവനങ്ങളും ആശ്രമങ്ങളും ചെയ്തിരുന്ന ശുശ്രൂഷയായിരുന്നു അത്. ചരിത്രവും തുടർച്ചയും ഇവർ വഴിയാണ് നടക്കുന്നത്.

വൈദികർ, ആശ്രമസ്ഥർ തുടങ്ങിയവർ ആരാധനാക്രമമാകുന്ന കിണർ കുഴിക്കുന്നവരാകണം, മൂടുന്നവരാകരുത്. പഴയനിയമത്തിലെ ഇസഹാക്ക്, മൂടിക്കളഞ്ഞ കിണറുകൾ എല്ലാം കുഴിക്കുകയും പുതിയവ നിർമ്മിക്കുകയും ചെയ്തവനാണ്. യാക്കോബിന്റെ കിണർ വലിയ രഹസ്യമായി നില്ക്കുന്നു (യോഹന്നാൻ 4:21-24 – സമരിയാക്കാരി സ്ത്രീ). ലിറ്റർജിക്കൽ തത്ത്വങ്ങൾക്കും നിർദ്ദേശങ്ങൾക്കും അനുസൃതമായി മാത്രമേ ലിറ്റർജി പരികർമ്മം ചെയ്യാവൂ. ആധ്യാത്മിക ഉണർവിന്റെ പേരിൽ കൂടുതൽ വൈകാരിക പ്രാധാന്യമുള്ള രീതിയിൽ ബലി അർപ്പണത്തിലേക്ക് നീങ്ങുന്നത് ശരിയല്ല.

ഭൂമിയിലെ മറ്റൊരു ജോലിയും ഈ ദൈവരാധനയ്ക്ക്/ ലിറ്റർജിക്കു തുല്യമല്ല. ആശ്രമങ്ങൾ ലിറ്റർജിക്കൽ ആതിഥ്യമാണ്(hospitality) ജനങ്ങൾക്ക് നല്കേണ്ടത്. ഏറ്റവും വലിയ നിധി ലിറ്റർജിയാണ്, വി. കുർബാനയാണ്. ഇടവക ലിറ്റർജിയിൽ പങ്കെടുക്കുമ്പോൾ നമ്മുടെ ആദ്ധ്യാത്മിക ബാറ്ററികൾ റീച്ചാർജ്ജ് (recharge) ചെയ്യപ്പെടുകയാണ്. ഓരോ രൂപതയുടെയും കത്തീഡ്രലിൽ ലിറ്റർജി അതിന്റെ പൂർണ്ണതയിൽ അർപ്പിക്കപ്പെടണം. ഓരോ രൂപതയുടെയും കത്തീഡ്രലുകളിൽനിന്നും ആശ്രമങ്ങളിൽനിന്നുമാണ് അവിരാമമായ പ്രാർത്ഥന (laus perennis-prayer without ceasing) ഉയരുന്നത്; പ്രാർത്ഥനയുടെ ഇടിമുഴക്കം കേൾക്കുന്നത്. ലിറ്റർജിയിൽ കേന്ദ്രിതമായ ഒരു ജീവിതം പടുത്തുയർത്തണം. ക്രൈസ്തവ വിശ്വാസത്തിന്റെ സമഗ്രത ആശ്രമ/കത്തീഡ്രൽ ലിറ്റർജിയിൽ കാണണം.

ലോകത്തിൽ ജീവിക്കുന്ന ആർക്കും ധൈര്യവും ശക്തിയും നല്കേണ്ടതു ലിറ്റർജിയാണ്. നമ്മുടെ ലിറ്റർജിയുടെ സൗന്ദര്യം നമ്മൾ നഷ്ടപ്പെടുത്തരുത്. ദൈവികരഹസ്യത്തിന്റെ വിസ്മയമാണ് ലിറ്റർജികൾ നൽകുന്നത്. ദൈവാലയ വിരിയ്ക്ക് ഉള്ളിലാണ് (ad interiora veleminis, within the veil) ഈ വിസ്മയം യാഥാർത്ഥ്യമാകുന്നത്. എല്ലാ ലിറ്റർജികളും ജറുസലേമിനെ ലക്ഷ്യമാക്കിയാണ് അർപ്പിക്കപ്പെടുന്നത്. പ്രത്യേകിച്ച് സ്വർഗ്ഗീയ ജറുസലേമിനെ. നമ്മുടെ സ്വർഗ്ഗത്തിലേക്കുള്ള യാത്രയിൽ തെറ്റാത്ത ഗ്രാമറായിട്ട് ലിറ്റർജി നില്ക്കുന്നു.

നമ്മുടെ രൂപതയിൽ കൂദാശകളുടെ, പ്രത്യേകിച്ച്, വി. കുർബാനയുടെ പരികർമ്മരീതിയെക്കുറിച്ച് കാലാകാലങ്ങളിൽ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടല്ലോ. അവയെല്ലാം നിഷ്ഠയോടെ പാലിക്കുവാൻ എല്ലാ ബഹു. വൈദികരും ശ്രദ്ധിക്കണം. ദൈവാലയത്തെക്കുറിച്ചും ദൈവാരാധനയെക്കുറിച്ചും ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ ഒരിക്കൽക്കൂടി ഓർമ്മപ്പെടുത്തട്ടെ.

1. നമ്മുടെ രൂപതയിൽ ദൈവാലയങ്ങൾ പണിയുമ്പോൾ മദ്ബഹാ കിഴക്കുവശത്ത് വരത്തക്കവിധം പടിഞ്ഞാറോട്ട് ദർശനമായി പണിയണം. ദൈവാലയത്തിനു ഹൈക്കല (സമൂഹവേദി), കെസ്ത്രോമ (ഗായകവേദി), മദ്ബഹ (ബലിവേദി) എന്നീ മൂന്നു ഭാഗങ്ങൾ ഉണ്ട്. കെസ്ത്രോമ, ഹൈക്കലയിൽനിന്ന് ഒരു പടിയും, മദ്ബഹാ കെസ്ത്രോമായിൽനിന്ന് മൂന്നുപടിയും ഉയർന്നിരിക്കണം. മദ്ബഹയിൽ പരി. ബലിപീഠം ഒരു പടി ഉയരത്തിലാണ് ക്രമീകരിക്കുന്നത് (മെസ്ഥപ്സാ). മദ്ബഹയുടെ മേൽക്കൂര (തോറ) മറ്റു ഭാഗങ്ങളെക്കാൾ ഉയർത്തിയാണ് പണിയുന്നത്.
2. നമ്മുടെ എല്ലാ ദൈവാലയങ്ങളിലും മദ്ബഹാ വിരി ഉണ്ടായിരിക്കണം. ലാകുമാറാ.../സകലത്തിന്റെയും നാഥാ.../ സർവ്വാധിപനാം കർത്താവേ... എന്ന പ്രാർത്ഥന ചൊല്ലിത്തുടങ്ങുന്ന അവസരത്തിൽ വിരി തുറക്കുകയും കാർമ്മികൻ മദ്ബഹായിലേയ്ക്ക് തിരിഞ്ഞ് ആചാരം ചെയ്യുകയും വേണം. തദവസരത്തിൽ ആരാധനാസമൂഹവും ആചാരം ചെയ്യണം. വി. കുർബാന കഴിയുമ്പോൾ ഉടൻതന്നെ വിരി അടയ്ക്കുകയും വേണം.
3. പരി. ബലിപീഠം കിഴക്കുഭാഗത്ത് ഭിത്തിയോട് ചേർത്ത് സ്ഥാപിക്കണം.
4. പുതുതായി പണിയുന്ന ദൈവാലയത്തിന്റെ കിഴക്കേ ഭിത്തിയിൽ പ്രധാനഭാഗത്ത് മാർത്തോമ്മാസ്ലീവാ പ്രതിഷ്ഠിക്കണം.
5. പരിശുദ്ധ ബലിപീഠത്തിന്റെ വലതുഭാഗത്ത് വി. ഏവൻഗേലിയോൻ പുസ്തകവും (പ്രഘോഷണഗ്രന്ഥം:- സുവിശേഷം) ഇടതുഭാഗത്ത് മാർതോമ്മാ സ്ലീവായും പ്രതിഷ്ഠിക്കണം. സുവിശേഷത്തിന്റെ പ്രഘോഷണഗ്രന്ഥവും മാർത്തോമ്മാ സ്ലീവായും കുർബാന തക്സയുമല്ലാതെ മറ്റൊന്നും പരി. ബലിപീഠത്തിൽ വയ്ക്കുവാൻ പാടില്ല.
6. ദൈവാരാധനയിൽ സുവിശേഷവായനയ്ക്ക് പ്രഘോഷണഗ്രന്ഥം ഉപയോഗിക്കണം. സുവിശേഷത്തിന്റെ പ്രഘോ

ഷണ ഗ്രന്ഥത്തെക്കൂടാതെ മറ്റ് സുവിശേഷപുസ്തകങ്ങൾ ബലിപീഠത്തിൽ വയ്ക്കരുത്. എല്ലാ കർമ്മങ്ങൾക്കും വേണ്ടി യുള്ള സുവിശേഷഭാഗം പ്രഘോഷണഗ്രന്ഥത്തിന്റെ അവ സാനഭാഗത്ത് നല്കിയിട്ടുണ്ട്.

7. മദ്ബഹായിൽ രണ്ടു വശങ്ങളിലായി രണ്ടു ബേസ്ഗസ്സാ കൾ ഉണ്ടായിരിക്കണം. ഇടതുവശത്തെ ബേസ്ഗസ്സായിൽ അപ്പവും കൈ കഴുകാനുള്ള വെള്ളവും വലതുവശത്ത് വീഞ്ഞും വെള്ളവും സജ്ജീകരിക്കണം. (ഈ നിർദ്ദേശങ്ങ ളിൽ വലത്ത്, ഇടത്ത് എന്നുപറയുമ്പോൾ മദ്ബഹായി ലേയ്ക്ക് നോക്കി നില്ക്കുന്ന ജനത്തിന്റെ വലത്, ഇടത് എന്ന് മനസ്സിലാക്കണം).

8. മദ്ബഹായിൽ പ്ലാസ്റ്റിക് പൂക്കൾ കഴിവതും ഒഴിവാക്കുകയും പ്രകൃതിദത്തമായ പൂക്കൾ ഉപയോഗിക്കാൻ പരിശ്രമിക്കു കയും ചെയ്യണം.

9. വചനശുശ്രൂഷയ്ക്കായി ഹൈക്കലായിൽ ബേമ്മയും (വചനവേദി), ബേമ്മയിൽ വചനപീഠവും (ഗാഗുൽത്താ) ഇരുവശങ്ങളിലായി വായനാപീഠങ്ങളും ഉണ്ടായിരിക്കണം. മുഖ്യകാർമ്മികനും സഹകാർമ്മികർക്കുമുള്ള ഇരിപ്പിടങ്ങൾ ബേമ്മയിലാണ് ക്രമീകരിക്കേണ്ടത്. ഈ ലോകത്തിലെ ഈശോയുടെ സാന്നിധ്യത്തിന്റെ പ്രതീകമായി ബേമ്മയിലെ വചനപീഠത്തിൽ (ഗാഗുൽത്ത) മാർത്തോമാ സ്ലീവാ ഉണ്ടാ യിരിക്കേണ്ടതാണ്.

10. കെസ്ത്രോമയിൽനിന്ന് ഒരു പടി ഉയർത്തി മാമ്മോദീസാ ത്തൊട്ടി, മദ്ബഹായുടെ (മദ്ബഹായുടെ പുറത്ത്) തെക്കു വശത്ത് സ്ഥാപിക്കണം, അത് കല്ലുകൊണ്ട് ഉണ്ടാക്കിയതും സാമാന്യം വലിപ്പമുള്ളതുമായിരിക്കണം.

11. തിരുശേഷിപ്പുകളും വിശുദ്ധതൈലങ്ങളും ഉചിതമായ വണ ക്കവും ആദരവും നല്കുന്നതിനായി ബേസ്സഹദേ (രക്ത സാക്ഷികളുടെ തിരുശേഷിപ്പ് സൂക്ഷിക്കുന്ന പീഠം)യിൽ സൂക്ഷിക്കണം. ഇത് മദ്ബഹായുടെ വടക്കുവശത്താണ് പണിയേണ്ടത്.

12. ദൈവാലയത്തിന്റെ മുഖവാരത്തോട് ചേർന്ന് മോണ്ടളം ഉണ്ടായിരിക്കണം.
13. ദൈവാലയത്തിനുള്ളിൽ ഹൈക്കലയുടെ തെക്കുവശത്തും വടക്കുവശത്തുമുള്ള ഭിത്തികളിൽ ആരാധനവത്സരത്തിലെ വിവിധ കാലങ്ങളുടെ ചിത്രീകരണങ്ങൾ വയ്ക്കുന്നത് നല്ലതാണ്.
14. പള്ളിക്കകത്ത് മദ്ബഹാ കവാടത്തിന്റെ ഭിത്തിയിൽ കർത്താവീശോമിശിഹായുടെയും പരി. മറിയത്തിന്റെയും വി. ശ്ലീഹന്മാരുടെയും ഐക്കണുകൾ വയ്ക്കുന്നത് നല്ലതാണ്.
15. വായു സഞ്ചാരമുള്ള വിധത്തിൽ വി. സ്ഥലങ്ങൾ ക്രമീകരിക്കുവാൻ ശ്രദ്ധിക്കുക. ഫാൻ, വെളിച്ചം, ശബ്ദം എന്നിവ തിരുക്കർമ്മങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാത്തവിധത്തിൽ ക്രമീകരിക്കണം.
16. അതിവിശുദ്ധ സ്ഥലമായ മദ്ബഹായിൽ കലാപരമായ നാടകീയമുഹൂർത്തങ്ങളോ ടാബ്ലോകളോ പാടില്ല.
17. സഭയുടെ ആരാധനാക്രമ പൈതൃകം വീണ്ടെടുക്കുന്നതിന്റെ ശ്രമഫലമായി പൊന്തിഫിക്കലുകൾ, വി. കുർബാനയുടെ പൊതുവായക്രമം, പ്രാരംഭകൂദാശകൾ, മറ്റ് കൂദാശകൾ, പ്രോപ്രിയ, പ്രഘോഷണഗ്രന്ഥം, മാർ തെയദോറിന്റെ കൂദാശക്രമം, മാർ നെസ്തോറിയസിന്റെ കൂദാശക്രമം, പിറവി തിരുനാൾ - വലിയ ആഴ്ച (ഹാശ്ശാ ആഴ്ച) തിരുക്കർമ്മങ്ങൾ എന്നിവയുടെ ക്രമങ്ങൾ പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട്. സീറോമലബാർ സഭാ സിനഡ് നിശ്ചയിച്ചിരിക്കുന്ന ടെക്സ്റ്റുകളാണ് എല്ലായിടത്തും ഉപയോഗിക്കേണ്ടത്. മറ്റു ടെക്സ്റ്റുകൾ ഉപയോഗിക്കാൻ പാടില്ല.
18. **ഞായറാഴ്ച ആചരണം** - കർത്താവിന്റെ ദിവസം പരിശുദ്ധമായി ആചരിക്കുന്നതിന് വി. കുർബാനയ്ക്ക് ഒരുമിച്ചുകൂടുക എന്നതാണ് ഏറ്റവും പ്രധാനം. കർത്താവിന്റെ രണ്ടാമത്തെ ആഗമനം വരെ രക്ഷാകര സംഭവങ്ങളെ അനുഭവിച്ചാഘോഷിക്കുന്ന വി. കുർബാന കേന്ദ്രിതമായി ഇടവകജ

നത്തെ രൂപപ്പെടുത്താൻ ശ്രദ്ധിക്കണം. ഒരു കുടുംബമായ ഇടവകപ്പള്ളിയിലെ വി. കുർബാനയിൽ നിന്നും ഞായറാഴ്ച ആചരണത്തിൽനിന്നും വ്യതിചലനം ഉണ്ടാകാൻ ഇട യാക്കുന്ന എല്ലാ ആത്മീയഭൗതിക സാഹചര്യങ്ങളെയും നിരുത്സാഹപ്പെടുത്തണം. ഞായറാഴ്ച കർത്താവിനുവേണ്ടി മാത്രമായി ദൈവമക്കൾക്കടുത്ത സ്വാതന്ത്ര്യത്തോടെ ദൈവ ത്തോടൊത്തും കൂട്ടായ്മയിലും ആയിരിക്കേണ്ട ദിവസമാണ്.

19. ഞായറാഴ്ച ഗൗരവമായ മറ്റു വേലകളിൽ ഏർപ്പെടുന്നത് ഒഴിവാക്കണം. ഞായറാഴ്ചകളിലും തിരുനാളുകളിലും വി. കുർബാന സമ്പൂർണ്ണക്രമത്തിൽ പ്രോപ്രിയ ഉപയോ ഗിച്ച് ആഘോഷമായ രീതിയിൽ അർപ്പിക്കണം. ഇക്കാര്യ ത്തിൽ ബഹു. വൈദികരുടെ ഭാഗത്തുനിന്ന് ഒരു വീഴ്ചയും വരാൻ പാടില്ല.

20. വി. കുർബാനയ്ക്ക് മൂന്നു രൂപങ്ങളാണല്ലോ ഉള്ളത്. ഏറ്റവും ആഘോഷമായ കുർബാന (most Solemn Form) - റാസ; ആഘോഷപൂർവ്വമായ കുർബാന (Solemn Form), സാധാ രണ കുർബാന (Simple Form). ഒരു വർഷത്തിൽ രണ്ടു പ്രാവശ്യമെങ്കിലും - ഉദാ: ദുക്റാനത്തിരുനാളിനും, ഇടവക തിരുനാളിനും - റാസ അർപ്പിക്കുവാൻ ബഹു. വൈദികർ ശ്രദ്ധിക്കണം.

21. നമ്മുടെ ആരാധനക്രമം സുറിയാനി ഭാഷയിലായിരുന്നല്ലോ. ഇപ്പോൾ നാം മലയാളത്തിൽ ഉപയോഗിക്കുന്ന തക്സാ യുടെ ഔദ്യോഗികരൂപം പരി. സിംഹാസനവും സീറോ-മലബാർ സിനഡും സുറിയാനിഭാഷയിൽ പ്രസിദ്ധീകരിച്ചി ട്ടുണ്ട്. വർഷത്തിൽ ഒരു പ്രാവശ്യമെങ്കിലും നമ്മുടെ പള്ളി കളിൽ സുറിയാനി ഭാഷയിൽ ഒരു വി. കുർബാന അർപ്പി ക്കുന്നത് നല്ലതാണ്. അതിന് പരിചയമുള്ള വൈദികരെ ക്കൊണ്ട് ആ കാര്യം നടപ്പിലാക്കുവാൻ ബഹു. വികാരി മാർ ശ്രദ്ധിക്കണം. സകലത്തിന്റെയും നാഥാ... എന്ന പ്രാർത്ഥനയും പരിപാവനനാം... എന്ന പ്രാർത്ഥനയും ചില

ഇടവകകളിൽ സുറിയാനിയിൽ തന്നെ പാടുന്നു എന്നത് ശ്രദ്ധേയമായ കാര്യമാണ്.

22. വളരെ വേഗത്തിൽ, ഏറ്റവും ചുരുങ്ങിയ സമയംകൊണ്ട് വി. കുർബാന തീർക്കണം എന്ന മനോഭാവം ആരും പുലർത്തരുത്. അത് ബലിയർപ്പണത്തിനു ചേർന്ന ചിന്തയല്ല. ആരാധനക്രമാനുഷ്ഠാനത്തിന്റെ സമ്പൂർണ്ണരൂപം ധ്യാനാത്മകമായി അനുഷ്ഠിക്കുന്ന കീഴ്വഴക്കമാണ് നമ്മുടെ രൂപത എന്നും പുലർത്തിപ്പോരുന്നത്. വി. കുർബാനയിലെ ഐച്ഛികങ്ങളെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ നേരത്തെ തന്നിട്ടുള്ളതാണ് (സാന്ത്വനപ്രകാശം, Vol. 50 ജൂൺ 2000). വി. കുർബാനയിൽ ഐച്ഛികങ്ങൾ അധികം ഉപയോഗിക്കാതെ സമ്പൂർണ്ണരൂപം ഉപയോഗിക്കുന്നതാണ് ഏറ്റവും നല്ലത്. ഞായറാഴ്ചകളിൽ നിർബന്ധമായും സമ്പൂർണ്ണരൂപം ഉപയോഗിക്കേണ്ടതാണ് എന്ന് ഒരിക്കൽക്കൂടി ഓർമ്മിപ്പിക്കട്ടെ.

23. നമ്മുടെ വി. കുർബാന ആഘോഷങ്ങളിൽ പ്രോപ്രിയായുടെ ഉപയോഗത്തെക്കുറിച്ചു തന്നിരുന്ന നിർദ്ദേശങ്ങൾ കൃത്യമായും പാലിക്കണം. (സാന്ത്വനപ്രകാശം Vol.56 ജൂലൈ 2006). പ്രോപ്രിയ നമ്മുടെ ആരാധനക്രമത്തിന്റെ സമ്പന്നമായ ഒരു ഭാഗമാണ്.

24. നമ്മുടെ ആരാധനക്രമത്തിൽ സർവ്വപ്രധാനമായ സ്ഥാനമാണ് തിരുവചനപ്രഘോഷണത്തിനുള്ളത്. വി. കുർബാനയിലെ പ്രസംഗം തിരുവചനാധിഷ്ഠിതവും ആരാധനാക്രമാധിഷ്ഠിതവുമായിരിക്കണം. വി. കുർബാനയിലെ നാലു വായനകളും പ്രസംഗത്തിന്റെ വിഷയമാകണം. സഭാപിതാക്കന്മാരുടെയും വിശുദ്ധരുടെയും പ്രബോധനങ്ങളും ഇക്കാര്യത്തിൽ നന്നായി ഉപയോഗിക്കപ്പെടേണ്ടതാണ്. തിരുവചനപ്രഘോഷണം കർത്താവിനെ കണ്ടുമുട്ടാനുള്ള ക്ഷണമാണ്. 10-12 മിനിറ്റിൽ കൂടാതിരിക്കുന്നതാണ് ഉചിതം. ഇപ്പോൾ ഇവിടെയായിരിക്കുന്ന നമ്മോടുള്ള ദൈവത്തിന്റെ

അഭിസംബോധനയാണ് വചന വായനകൾ. പ്രസംഗത്തിൽ ദൈവികവെളിപാട് നാം വ്യാഖ്യാനിക്കുകയാണെന്ന് മറക്ക രുത്. ദൈവവചനം സജീവവും ജീവദായകവും ക്രിയാത്മ കവും ആകുന്നത് പ്രധാനമായും ആരാധനക്രമത്തിലാണ്. എമ്മാവൂസിലേയ്ക്ക് പോയ ശിഷ്യന്മാരുടെ അനുഭവം (ഹൃദയം ജ്വലിക്കണം) ശ്രോതാക്കൾക്ക് കിട്ടണം. പ്രസംഗ സമയത്ത് പരോക്ഷമായിപ്പോലും വ്യക്തിപരമായതും സൂച നകൾ വച്ചുള്ളതുമായ പരാമർശങ്ങൾ പാടില്ല. മ്ശംശാന പട്ടമെങ്കിലും ഉള്ളവർക്കേ വി. കുർബാന മദ്ധ്യേ വചനപ്ര ഘോഷണം നടത്തുവാൻ അനുവാദമുള്ളു.

25. തക്സായിലുള്ള പ്രാർത്ഥനകളോടുകൂടി, എന്തെങ്കിലും സ്വന്തമായി കൂട്ടിച്ചേർക്കാനോ, കുറയ്ക്കാനോ പാടില്ല. സഭ നിശ്ചയിച്ചിരിക്കുന്ന പ്രാർത്ഥനകളാണവയെല്ലാം.
26. സഹകാർമ്മികരുള്ളപ്പോൾ കൈകഴുകൽ ശുശ്രൂഷ മുഖ്യ കാർമ്മികന്റെ കർമ്മമാണ്. കൈ കഴുകാനുള്ള വെള്ളവും തുടയ്ക്കാനുള്ള തുണിയും ശുശ്രൂഷി ബേമയിലേക്കു കൊണ്ടുവന്ന് അവിടെ വച്ച് കൈകഴുകൽ കർമ്മം നടത്ത ണം. കൈകഴുകൽ കൈയ്യിലെ ഒരു വിരൽ മാത്രം കഴു കുന്ന ശൈലിയായി ഒതുങ്ങുന്നത് ശരിയല്ല.
27. വി. കുർബാനയുടെ ആരംഭത്തിലെ പ്രദക്ഷിണത്തിൽ വി. ഏവൻഗേലിയോൻ പുസ്തകവും മാർത്തോമാ സ്ലീവായും ധൂപക്കുറ്റിയും തിരികളുമായി മദ്ബഹായിൽ കയറി വണങ്ങിയതിനുശേഷം വിരിതുറന്നു ബേമ്മയി ലേക്കുവരുന്നു.
28. ഞായറാഴ്ചകളിലും ആഘോഷാവസരങ്ങളിലും 4 വായ നകളും ധൂപവും ഉണ്ടായിരിക്കണം. വേദപുസ്തകവായന കൾ പ്രഘോഷണഗ്രന്ഥങ്ങളിൽ (Lectionary) നിന്നാവണം. ലേഖന വായനയുടെ സമയത്ത് വായനക്കാരന്റെ സമീ പത്തു കത്തിച്ചതിരിയുമായി മറ്റൊരു ശുശ്രൂഷി നിൽക്കേ ണ്ടതാണ്. സുവിശേഷ വായനയ്ക്കുള്ള പ്രദക്ഷിണത്തിലും

സുവിഷേഷവായനയുടെ സമയത്തും രണ്ടു തിരികളും സാധിക്കുമെങ്കിൽ മാർത്തോമ്മാ സ്ലീവായും ഉപയോഗിക്കേണ്ടതാണ്.

29. വി. കുർബാനയിലെ സുമ്മാറ (ഹല്ലേലൂയ്യാ) ഗീതത്തിന്റെ ആരംഭത്തിൽതന്നെ ആരാധനസമൂഹം എഴുന്നേൽക്കണ്ടതാണ്.

30. സുവിശേഷപ്രദക്ഷിണത്തിനു സുവിശേഷം നെറ്റിവരെ ഉയർത്തി മുഖം മറച്ച് പിടിക്കണം, സുവിശേഷവായനയ്ക്കുശേഷം സുവിശേഷം ബലിപീഠത്തിൽ തിരികെ പ്രതിഷ്ഠിക്കണം.

31. കാറോസൂസയുടെ സമയത്ത് സമൂഹം നിൽക്കുകയാണ് ചെയ്യേണ്ടത്.

32. അപ്പവും വീഞ്ഞും ബേസ്ഗസ്സാകളിൽ ദിവ്യരഹസ്യങ്ങൾ ഒരുക്കുന്നതിനുമുമ്പ് ബലിപീഠത്തിൽ വയ്ക്കുന്ന രീതി ഒഴിവാക്കണം. ബലിവസ്തുക്കൾ ഒരുക്കുന്നത് കാറോസൂസയുടെ സമയത്താണ്. വി. കുർബാനയിലെ ദിവ്യരഹസ്യഗീതത്തിന്റെ സമയത്താണ് അവ ബലിപീഠത്തിൽ ആഘോഷമായി പ്രതിഷ്ഠിക്കേണ്ടത്. ബേസ്ഗസ്സാകളിൽനിന്ന് ബലിവസ്തുക്കൾ ബലിപീഠത്തിലേയ്ക്ക് കൊണ്ടുപോകുമ്പോൾ നെറ്റിവരെ ഉയർത്തിപ്പിടിക്കണം.

33. ബലിവസ്തുക്കൾ മൂടുക, ബലിവസ്തുക്കൾക്കു ചുറ്റും ചുരുട്ടിവയ്ക്കുക, അനുരഞ്ജനശുശ്രൂഷയിൽ നിവർത്തിവയ്ക്കുക എന്നിങ്ങനെയുള്ള ശോശപ്പായുടെ ഉപയോഗം വി. കുർബാനയിൽ യഥാവിധം ചെയ്യേണ്ടതാണ്.

34. വിശ്വാസപ്രമാണത്തിൽ "പിതാവിൽനിന്ന് പുറപ്പെടുന്ന പരിശുദ്ധാത്മാവ്" എന്നാണ് ചൊല്ലേണ്ടത്. നാം ഉപയോഗിക്കുന്ന നിഖ്യ-കോൺസ്റ്റാന്റിനോപ്പിൾ സാർവ്വത്രികസൂനഹദോസുകളിൽ രൂപപ്പെട്ട വിശ്വാസപ്രമാണത്തിൽ പിതാവിൽനിന്ന് പുറപ്പെടുന്ന പരിശുദ്ധാത്മാവ് എന്നു മാത്രമേ

ഉള്ളു. എല്ലാ പൗരസ്ത്യസഭകളും ഈ രീതിയാണ് സ്വീകരിച്ചിരിക്കുന്നത്.

35. "എന്റെ സഹോദരരേ,..." എന്ന സഹായാഭ്യർത്ഥന ജനങ്ങളുടെ നേരെ കരങ്ങൾ നീട്ടി വിടർത്തിക്കൊണ്ട് ചൊല്ലണം. ഈ ഭാഗം മുഴുവനും മൈക്കിലൂടെ ചൊല്ലി, ഒടുവിൽ മാത്രം ജനങ്ങളുടെ നേരെ തിരിയുകയല്ലവേണ്ടത്. **അതുപോലെ തന്നെ സമാധാനം നൽകുമ്പോഴും.** സഹകാർമ്മികർ ഉള്ളപ്പോഴും "എനിക്കുവേണ്ടി" എന്ന ഏകവചനരൂപം ഉപയോഗിക്കണം.

36. വി. കുർബാനയിൽ കാർമ്മികൻ ദൈവജനത്തെ ആശീർവ്വദിക്കുമ്പോഴൊക്കെ ജനം ശിരസ്സു നമിച്ച് കുരിശുവരച്ച് ആശീർവ്വാദം സ്വീകരിക്കണം. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി എന്ന് ചൊല്ലുമ്പോൾ സ്വയം കുരിശടയാളം വരയ്ക്കുന്നതും പ്രോത്സാഹിപ്പിക്കപ്പെടേണ്ടതാണ്.

37. അനാഫൊറായിലെ ഗ്ഹാന്തപ്രാർത്ഥനകൾ മാറ്റി ചൊല്ലാനോ നിശബ്ദമായി ചൊല്ലാനോ മറ്റുപ്രാർത്ഥനകളുടെയോ ഗീതങ്ങളുടെയോ സമയത്തു ചൊല്ലിത്തീർക്കാനോ ഉപേക്ഷിക്കാനോ പാടില്ല.

38. അനാഫൊറാ അഥവാ കൂദാശാ ഭാഗം പ്രധാനകാർമ്മികൻ തന്നെയാണ് ചൊല്ലേണ്ടത്. സഹകാർമ്മികർ ഉള്ളപ്പോൾ ഗ്ഹാന്തകൾ മാറിമാറി ചൊല്ലാൻ പാടില്ല.

39. വി. കുർബാനയർപ്പണത്തോടനുബന്ധിച്ചു തക്സായിൽ പറഞ്ഞിരിക്കുന്ന കാർമ്മികന്റെ സ്വരവൈവിധ്യം ശ്രദ്ധിക്കുകയും പാലിക്കുകയും വേണം. വിശ്വാസികളുടെ സമൂഹത്തിന് ഫലപ്രദമായ രീതിയിൽ പ്രാർത്ഥനകൾ ഉൾക്കൊള്ളാൻ ഇത് കാരണമാകും. **കാനോനപ്രാർത്ഥനകൾ** എല്ലാം ഉയർന്ന സ്വരത്തിൽ ചൊല്ലേണ്ടതാണ്. **ഗ്ഹാന്താ പ്രാർത്ഥനകൾ** കുനിഞ്ഞുനിന്ന് താഴ്ന്ന സ്വരത്തിൽ, എന്നാൽ വിശ്വാസികളുടെ സമൂഹത്തിന് കേൾക്കത്തക്ക

വിധത്തിൽ ചൊല്ലേണ്ടതാണ്. **കുശാപ്പാ പ്രാർത്ഥനകൾ** താഴ്ന്ന സ്വരത്തിൽ ജനങ്ങൾ പ്രാർത്ഥന ചൊല്ലുന്ന സമയത്ത് ചൊല്ലണം. **കുർബാനസ്ഥാപനവിവരണം** നാടകീയമായും ഉപകരണങ്ങളുടെ അമിത അകമ്പടിയോടെയും (വളരെ ഉച്ചത്തിലും) ചൊല്ലരുത്.

40. ജീവിച്ചിരിക്കുന്നവരെയും മരിച്ചവരെയും അനുസ്മരിക്കാനും പ്രത്യേക പ്രാർത്ഥനാനിയോഗം അറിയിക്കാനുമുള്ള അവസരം അനുസ്മരണാപ്രാർത്ഥനാസമയമാണ് (ഡിപ്റ്റിക്സ്).
41. കുർബാനസ്ഥാപന വിവരണശേഷം പീലാസയും കാസയും പ്രത്യേകം ഉയർത്തുന്നില്ല.
42. ധൂപാശീർവാദപ്രാർത്ഥനകൾ വിശ്വാസികൾ കേൾക്കത്തക്ക വിധത്തിൽ ചൊല്ലുന്നത് നല്ലതാണ്.
43. കൈകൾ വിരിച്ചു പിടിക്കുന്നത്: കൈകൾ ശിരസ്സിനു മുകളിൽ വരാതെയും കൈമുട്ടുകൾ ദേഹത്തു തൊടാതെയും ഉള്ളംകൈകൾ മുകളിലേയ്ക്ക് തുറന്നുപിടിക്കുന്നു.
44. കൈകൾ ഉയർത്തിപ്പിടിച്ച്:

    നിങ്ങളുടെ വിചാരങ്ങൾ ഉന്നതത്തിലേയ്ക്ക്...

    ഒന്നായ് ഉച്ചസ്വരത്തിലവർ...

    കർത്താവേ അനുഗ്രഹിക്കണമേ...

    ഞങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ കർത്താവേ...

    കർത്താവായ ദൈവമേ, കാരുണ്യപൂർവ്വം.../കർത്താവേ ഞങ്ങളുടെ ഇടയിൽ നിന്റെ സമാധാനവും...
45. കാർമ്മികൻ തന്റേമേൽ കുരിശു വരയ്ക്കുന്നു:

    ഉള്ളംകൈ ശിരസ്സിനു മുകളിൽ കാണത്തക്കവിധം ഉയർത്തി നെറ്റിയിൽ വച്ചുകൊണ്ട് തുടങ്ങുന്നു.
46. ബലിപീഠ ചുംബനം:

    ചുംബിക്കുകയോ നെറ്റിത്തടം അൾത്താരയിൽ മുട്ടിക്കുകയോ ചെയ്യുന്നു.

47. സമാധാനം നൽകുന്നത്: (ശ്ലാമാ/കൈക്കസ്തുരി)

കൊടുക്കുന്ന ആൾ തന്റെ കൂപ്പുകൈ സ്വീകരിക്കുന്ന ആളിന്റെ കൈപ്പത്തികൾക്കുള്ളിൽവച്ചുകൊണ്ടാണ് നല്കേണ്ടത്. ശുശ്രൂഷികൾ കാർമ്മികനിൽനിന്ന് ശ്ലാമാ സ്വീകരിച്ച് വിശ്വാസികൾ നിൽക്കുന്ന സ്ഥലത്ത് കൊണ്ടുചെന്നു കൊടുക്കുന്നത് പ്രോത്സാഹിപ്പിക്കേണ്ടതാണ്.

48. പ്രാർത്ഥനായാചനകൾ:

ജനങ്ങൾക്കുനേരെ തിരിഞ്ഞു കരങ്ങൾ നീട്ടി വിടർത്തി ചെയ്യണം.

49. ആരാധനക്രമ പ്രാർത്ഥനകളിൽ സഭാതലവനെ അനുസ്മരിക്കുന്ന അവസരത്തിൽ 'ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ച് ബിഷപ്പ് മാർ ഗീവർഗീസ് മെത്രാപ്പോലീത്താ' എന്നാണ് ചൊല്ലേണ്ടത്. രൂപതാദ്ധ്യക്ഷനെ സ്മരിക്കുന്ന ഭാഗത്ത് 'ഞങ്ങളുടെ പിതാവും മേലദ്ധ്യക്ഷനുമായ' എന്ന അഭിസംബോധനയാണ് ഉപയോഗിക്കേണ്ടത്.

50. റൂഹാക്ഷണപ്രാർത്ഥന സ്വരമുയർത്തി ചൊല്ലണം. അദ്ദായി-മാറിയുടെയും തെയദോറിന്റെയും അനാഫൊറാകളിൽ ദിവ്യരഹസ്യങ്ങളുടെ മുകളിൽ കൈകൾ ഉയർത്തി ഇടതുകൈ അടിയിലും വലതുകൈ മുകളിലുമായി കുരിശാകൃതിയിൽ കമിഴ്ത്തി പിടിക്കണം. കൈകൾ കാസയിൽ മുട്ടരുത്. നെസ്തോറിയസിന്റെ അനാഫൊറായിൽ കൈകൾ ഉയർത്തിപ്പിടിക്കുകയാണ് ചെയ്യേണ്ടത്.

51. വി. കുർബാന ഉയർത്തുന്നതിനുമുമ്പ് കൈകൾ കുരിശാകൃതിയിൽ നെഞ്ചോടുചേർത്ത് ബലിപീഠം ചുംബിക്കുന്നു. അതിനുശേഷം ആചാരം ചെയ്ത് തിരുവോസ്തി (ബുക്റ) കരങ്ങളിലെടുത്തുയർത്തി അതിന്മേൽ നോക്കിക്കൊണ്ടാണ് പ്രാർത്ഥിക്കുന്നത്.

52. വിഭജനശുശ്രൂഷ അമിതവേഗത്തിൽ ചൊല്ലിത്തീർക്കാവുന്ന ഒന്നാണെന്നു തെറ്റിദ്ധരിക്കരുത്. "ഞാൻ സ്വർഗ്ഗത്തിൽനി

ന്നിറങ്ങിയ ജീവനുള്ള അപ്പമാകുന്നു" എന്ന ഓനീസായുടെ ഒരു പാദംപോലും തീരുന്നതിനുമുമ്പ്തന്നെ വിഭജനശുശ്രൂഷ തീർക്കാനുള്ള പ്രവണത തിരുത്തേണ്ടതാണ്.

53. അനുരഞ്ജനശുശ്രൂഷയിൽ ശുശ്രൂഷി കാറോസൂസ ചൊല്ലുമ്പോൾ കാർമ്മികൻ കൈകൾ ഉയർത്തിപ്പിടിച്ച് താഴ്ന്ന സ്വരത്തിൽ ചൊല്ലേണ്ട "ഞങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ കർത്താവേ" എന്ന സ്വകാര്യപ്രാർത്ഥന ഒഴിവാക്കരുത്.

54. വിശ്വാസികൾ ഒരേ ദിവസംതന്നെ ഒന്നിലധികം കുർബാനകളിൽ പങ്കെടുക്കേണ്ടിവരുന്ന അവസരങ്ങളിൽ ഒരു പ്രാവശ്യംമാത്രം വി. കുർബാന സ്വീകരിച്ചാൽ മതിയാകും.

55. വി. കുർബാനസ്വീകരണം സംബന്ധിച്ച് ഏതാനും കാര്യങ്ങൾ ഓർമ്മിപ്പിക്കുന്നു. സാധിക്കുന്നിടത്തോളം ഇരുസാദൃശ്യങ്ങളിൽ വി. കുർബാന നൽകേണ്ടതാണ്. നാവിൽതന്നെ വി. കുർബാന നല്കുന്നതായിരിക്കും അഭികാമ്യം. ഓരോ വി. കുർബാനയിലും ആവശ്യമായ ഓസ്തികൾ കൂദാശ ചെയ്യേണ്ടതും ആവശ്യത്തിൽകൂടുതൽ ഓസ്തികൾ കൂദാശചെയ്തുവയ്ക്കുന്നത് ഒഴിവാക്കേണ്ടതുമാണ്. സക്രാരിയിൽ അത്യാവശ്യത്തിനുള്ള ഏതാനും തിരുവോസ്തികൾ സൂക്ഷിച്ചാൽ മതി. വിശ്വാസികളുടെ കുർബാനസ്വീകരണത്തിന് ഉപയോഗിക്കുന്ന ഓസ്തികൾക്ക് ഉചിതമായ കനവും വലിപ്പവുമുണ്ടായിരിക്കണം.

56. കുർബാന സ്വീകരണത്തിനുശേഷം ബലിപീഠത്തിൽ വച്ച് കാസായും പീലാസയും കഴുകി വെടിപ്പാക്കരുത്. അത് ബേസ്ഗസ്സായിലേക്കു കൊണ്ടുചെന്നാണ് ചെയ്യേണ്ടത്.

57. പരി. കുർബാന സ്വീകരണസമയത്തുള്ള ഗാനം അതിനുശേഷമുള്ള പ്രാർത്ഥനകൾക്കു പകരമാകുന്നില്ല. "മനുഷ്യവർഗ്ഗത്തിന്റെ ..." ചൊല്ലി, സമൂഹത്തിന്റെ കൃതജ്ഞതപ്രാർത്ഥന ഉൾപ്പെടെ ശുശ്രൂഷിയുടെ "പരിശുദ്ധാത്മാവിന്റെ..." വരെ ചൊല്ലേണ്ടതാണ്.

58. വി. കുർബാനാഘോഷസമയത്ത് ജനങ്ങൾ നില്ക്കുകയും ഇരിക്കുകയും മുട്ടുകുത്തുകയും ചെയ്യുന്നത് താഴെപ്പറയും പ്രകാരമാണ്:

**നില്ക്കുന്നു**

- കുർബാനയുടെ ആരംഭംമുതൽ ആദ്യ വിശുദ്ധഗ്രന്ഥ പാരായണത്തിന്റെ ആരംഭംവരെ
- സുവിശേഷവായനയുടെ സമയത്ത്
- കാറോസൂസ മുതൽ കൈവയ്പുപ്രാർത്ഥന ഉൾപ്പെടെ
- വിശ്വാസപ്രമാണസമയത്ത്
- കൂദാശ (അനാഫൊറ) ഭാഗത്ത്
- കുർബാനസ്വീകരണത്തിനുമുമ്പുള്ള "സ്വർഗ്ഗസ്ഥനായ പിതാവേ" ക്ക് തൊട്ടുമുമ്പുള്ള പ്രാർത്ഥനമുതൽ കുർബാനയുടെ സമാപനം വരെ.

**ഇരിക്കുന്നു**

- പഴയനിയമ, ലേഖനവായനകളുടെ സമയത്ത്
- സുവിശേഷപ്രസംഗസമയത്ത്
- (വേണമെങ്കിൽ ദിവ്യരഹസ്യങ്ങളുടെ സമയത്ത് - ഇരുന്നാൽ വിശ്വാസപ്രമാണം തുടങ്ങുമ്പോൾ എഴുന്നേൽക്കേണ്ടതാണ്).

59. വി. കുർബാന അനാദരവോടെ എഴുന്നള്ളിച്ചു കൊടുക്കുന്ന ശൈലികൾ ഉണ്ടെങ്കിൽ (പ്രത്യേകിച്ച് തിരുനാളുകളിൽ) തിരുത്തണം. വി. കുർബാന താഴെ വീഴാൻ ഇടയാകരുത്. ഏതെങ്കിലും കാരണവശാൽ താഴെ വീഴാൻ ഇടയായാൽ വൈദികർതന്നെ ആദരവോടെ മുട്ടുകുത്തി തിരുവോസ്തി എടുത്ത് കുസ്തോദിയിൽ വയ്ക്കുകയും ആ സ്ഥലം സങ്കീഞ്ഞുകൊണ്ട് നന്നായി തുടയ്ക്കുകയും ചെയ്യണം. (സാധിക്കുമെങ്കിൽ ദൈവാലയശുശ്രൂഷി വെള്ളം കൊണ്ടുവന്ന് നിലം തുടയ്ക്കുന്നതും നല്ലതാണ്).

60. തിരുവസ്ത്രങ്ങൾ, തിരുകർമ്മങ്ങൾക്കുള്ള പുസ്തകങ്ങൾ, വസ്തുക്കൾ തുടങ്ങിയവ വൃത്തിയായിരിക്കുകയും കാലാകാലങ്ങളിൽ പുതുക്കുകയും വേണം.

61. ശുശ്രൂഷികൾക്ക് നല്ല പരിശീലനം നൽകണം. ആഘോഷമായ അവസരങ്ങളിലെങ്കിലും നിർദ്ദിഷ്ട തിരുവസ്ത്രങ്ങളണിയുന്നത് നല്ലതാണ്. ശുശ്രൂഷികളുടെ പ്രാർത്ഥനകളും ഗീതങ്ങളും ശുശ്രൂഷകർ തന്നെ നിർവ്വഹിക്കണം. കുട്ടികൾക്കു പുറമെ മുതിർന്നവരെയും പരിശീലിപ്പിച്ചു പള്ളികളിൽ ശുശ്രൂഷികളായി അനുവദിക്കുന്നത് യുവാക്കൾക്കും മുതിർന്നവർക്കും അർഹമായ പങ്കാളിത്തം ലഭിക്കുന്നതിന് ഇടയാക്കും. നമ്മുടെ രൂപതയിൽ അൾത്താരബാലികമാരെ അനുവദിച്ചിട്ടില്ല.

62. സഹകാർമ്മികരോടൊപ്പം വി. കുർബാന അർപ്പിക്കുമ്പോൾ ബേമ്മയിൽ മുഖ്യകാർമ്മികന്റെ മൈക്ക് കൂടാതെ മറ്റു വൈദികർക്കും ശുശ്രൂഷികൾക്കും ആവശ്യത്തിന് മൈക്കുകൾ ക്രമീകരിക്കുന്നത് നല്ലതാണ്.

63. സുറിയാനിശൈലിക്കും മലയാളഭാഷയ്ക്കും ചേർന്നവിധം എല്ലാ പ്രാർത്ഥനകളും ധ്യാനാത്മകമായി , ഭക്തിദ്യോതകമായി നിറുത്തിനിറുത്തി എന്നാൽ ഈണത്തിൽ ചൊല്ലണം. ആരാധനാക്രമത്തിൽ പ്രാർത്ഥനകൾ വായിക്കുകയല്ല(read), ചൊല്ലുകയാണ് (recite) എന്ന് എല്ലാവരും അറിഞ്ഞിരിക്കണം. പ്രാർത്ഥനകളും ഗീതങ്ങളും സംഗീതാത്മകമായിരിക്കുന്നത് നല്ല ഒരു ആരാധന പാരമ്പര്യമാണ്. എന്നാൽ Sound, Musical Instruments എന്നിവയുടെ അതിപ്രസരം ഉണ്ടാകാത്ത വിധത്തിലും ഒന്നോ രണ്ടോ പേർ മാത്രം പാടുന്നു എന്നുവരാത്തവിധത്തിലും ക്രമീകരിക്കണം. വചനവേദിയിലുള്ളവർ എന്നു നിർദ്ദേശിച്ചിരിക്കുന്നവ പട്ടം സ്വീകരിച്ചിട്ടുള്ളവർ മാത്രം പാടാനും പ്രാർത്ഥിക്കാനും ശ്രദ്ധിക്കേണ്ടതാണ്. കഴിവതും എല്ലാവർക്കും പാടാവുന്ന ഈണത്തിൽ തന്നെ (തുയെ) കുർബാന അർപ്പി

ക്കുക. കുർബാനയുടെ ആഘോഷാത്മകത ട്യൂണിനെ ആശ്രയിച്ചല്ല നിലകൊള്ളുന്നത് എന്ന് പ്രത്യേകം ശ്രദ്ധിക്കണം.

64. കുർബാന മദ്ധ്യേ നടത്തുന്ന പിരിവ്, അതിനുശേഷം മദ്ബഹയിൽ കൊണ്ടുവന്നു വയ്ക്കരുത്.

65. തിരുവസ്ത്രങ്ങൾക്ക് വി. ഗ്രന്ഥാധിഷ്ഠിതമായ പ്രത്യേക അർത്ഥങ്ങൾ ഉള്ളതിനാൽ പൂർണ്ണ തിരുവസ്ത്രങ്ങളോടു കൂടി മാത്രമേ ബഹു. വൈദികർ വി. കുർബാനയിൽ പങ്കെടുക്കാവൂ.

66. ഇടവകദൈവാലയങ്ങൾ പുതുക്കിപ്പണിയുന്ന അവസരത്തിൽ താത്ക്കാലിക കെട്ടിടസൗകര്യങ്ങളിൽ വി. കുർബാന അർപ്പിക്കേണ്ടതായിവരുമ്പോഴും സിനഡിന്റെ പൊതുനിർദ്ദേശങ്ങൾ പാലിച്ചിരിക്കണം. വചനശുശ്രൂഷ ജനാഭിമുഖമായും അനാഫൊറാ മുതൽ കുർബാന സ്വീകരണം വരെ മദ്ബഹായിലേയ്ക്ക് തിരിഞ്ഞും ആയിരിക്കണം. വി. കുർബാന മുഴുവനും ജനാഭിമുഖമായിട്ടു അർപ്പിക്കുവാൻ പാടില്ല. സെമിനാരിപോലെയുള്ള പരിശീലനകേന്ദ്രങ്ങളിൽ കുർബാന മുഴുവനും മദ്ബഹായിലേയ്ക്ക് തിരിഞ്ഞ് ചൊല്ലണം എന്ന പരി. സിംഹാസനത്തിന്റെ നിർദ്ദേശം ബന്ധപ്പെട്ട വൈദികർ ശ്രദ്ധിക്കണം. റാസയിലെ ക്രമവും റാസക്കുർബാനയുടെ ഭാഗങ്ങളും ഉചിതമെങ്കിൽ ആഘോഷമായ കുർബാനയർപ്പണങ്ങളിൽ ഉപയോഗിക്കാവുന്നതാണ്.

67. ഇടവകദൈവാലയങ്ങളിലെ വി. കുർബാനയാണ് പ്രോത്സാഹിപ്പിക്കപ്പെടേണ്ടത്. കുരിശുപള്ളികളിലെ വി. കുർബാന കഴിവതും നിരുത്സാഹപ്പെടുത്തേണ്ടതാണ്.

68. കാറോയാ, ഹെവ്പ്പദ്യാക്കോന പട്ടം (Minor Orders) സ്വീകരിച്ചവർ ആരാധനക്രമ കർമ്മങ്ങൾക്കിടെ സുവിശേഷപ്രഘോഷണം നടത്തുന്നില്ല.

69. ആരാധനയ്ക്കായി വിശുദ്ധ കുർബാന എഴുന്നള്ളിച്ചുവയ്ക്കുന്നത് ബലിപീഠത്തിൻമേലാണ്. ബേമ്മയിലോ, മറ്റു മേശകളിലോ വയ്ക്കാൻ പാടില്ല.

70. മെത്രാന്മാരും വൈദികരും മാത്രമേ വി. കുർബാന നേരിട്ട് എടുത്ത് സ്വീകരിക്കാവൂ.

71. പ്രത്യേക പരിശീലനം സിദ്ധിച്ച് അനുവാദം ലഭിച്ചിട്ടുള്ള സിസ്റ്റേഴ്സ് മാത്രമേ പരിശുദ്ധ കുർബാന വിശ്വാസികൾക്ക് നല്കാൻ പാടുള്ളു.

72. മംഗളവാർത്തയുടെ ഒന്നാം ഞായർ മുതൽ ഓശാന ഞായർ വരെയുള്ള കാലങ്ങളിൽ ആയിരുന്നു മാർ തെയദോറിന്റെ കൂദാശ ചൊല്ലിയിരുന്നത്. ഇപ്പോൾ ഉചിതമായ ഏതു അവസരത്തിലും ഉപയോഗിക്കാവുന്നതാണ്.

73. മാർ നെസ്തോറിയസിന്റെ കൂദാശ ആരാധനാവത്സരത്തിൽ ദനഹാത്തിരുനാൾ, വി. യോഹന്നാൻ മാംദാനയുടെ ഓർമ്മ വെള്ളിയാഴ്ച, ഗ്രീക്ക് മല്പാന്മാരുടെ ഓർമ്മ, മൂന്നുനോമ്പിലെ ബുധൻ, പെസഹാ വ്യാഴം എന്നീ അഞ്ച് ദിവസങ്ങളിലാണ് ഉപയോഗിച്ചിരുന്നത്. ഇപ്പോൾ മറ്റ് അവസരങ്ങളിലും ഈ കൂദാശക്രമം ഉപയോഗിക്കാവുന്നതാണ്. നെസ്തോറിയസിന്റെ കുർബാനക്രമത്തിൽ കാർമ്മികൻ രണ്ടുതവണ മുട്ടുകുത്തുന്ന കാര്യം ശ്രദ്ധയിൽപെടുത്തുന്നു.

74. കൂദാശചെയ്യാത്ത ബലിപീഠങ്ങളിൽ ദെപ്പാ ഉപയോഗിച്ചു മാത്രമേ വി. കുർബാന അർപ്പിക്കാവൂ. (ഉദാ: മഠങ്ങൾ, സന്യാസഭവനങ്ങൾ, കുരിശുപള്ളികൾ) ബലിപീഠം സ്ഥിരമായി ഉറപ്പിക്കപ്പെട്ടതല്ലെങ്കിൽ കപ്പേള ആശീർവദിക്കുന്നക്രമം ഉപയോഗിച്ചാൽ മതിയാവും. സ്ഥിരമായി ഉറപ്പിക്കപ്പെട്ട ബലിപീഠമെ കൂദാശ ചെയ്യുകയുള്ളു. കൂദാശ ചെയ്ത ബലിപീഠം ഇളക്കി മാറ്റാൻ പാടില്ല.

75. പ്രധാനപ്പെട്ട അവസരങ്ങളിൽ ആഘോഷപൂർവ്വം വി. കുർബാന അർപ്പിക്കുമ്പോൾ സഹകാർമ്മികർ എല്ലാവരും മുഴുവൻ തിരുവസ്ത്രങ്ങളും ധരിക്കാൻ ശ്രദ്ധിക്കണം.

മറ്റ് അവസരങ്ങളിൽ സഹകാർമ്മികർ കൊത്തീനയും സൂനാറായും ഉറാറായും എങ്കിലും ധരിച്ചിരിക്കേണ്ടതാണ്. ഇവ സാധ്യമല്ലാത്ത അവസരങ്ങളിൽ മാത്രമേ ളോവക്ക് പുറമേ ഉറാറമാത്രം ധരിച്ച് വി. കുർബാന അർപ്പിക്കാവൂ. വിവിധ റീത്തിലെ വൈദികർ സമൂഹബലി അർപ്പിക്കുമ്പോൾ അത് (പ്രാർത്ഥനകൾ) മുഖ്യകാർമ്മികന്റെ റീത്തിലായിരിക്കണം. എന്നാൽ ഓരോരുത്തരും സ്വന്തം റീത്തനുസരിച്ചുള്ള തിരുവസ്ത്രങ്ങൾ അണിയണമെന്നതാണ് സാധാരണനിയമം.

76. സമൂഹബലിയിൽ സംബന്ധിക്കുന്ന വൈദികർ പ്രാർത്ഥനകളും ഗീതങ്ങളും ചെല്ലുന്നകാര്യത്തിൽ തക്സയിൽ കൊടുത്തിരിക്കുന്ന നിയമങ്ങൾ പാലിക്കേണ്ടതാണ്. സമൂഹബലിയിൽ സംബന്ധിക്കുന്ന വൈദികർ, അന്നുതന്നെ മറ്റൊരു കുർബാനയർപ്പിച്ച് കുർബാനധർമ്മം വാങ്ങിയിട്ടുണ്ടെങ്കിൽ വീണ്ടും കുർബാനധർമ്മം സ്വീകരിക്കാൻ പാടില്ല. അജപാലനാവശ്യത്തിനായി രണ്ടാമതോ മൂന്നാമതോ വി. കുർബാന അർപ്പിക്കേണ്ടിവന്നാൽ അവയുടെ കുർബാനധർമ്മം രൂപതാദ്ധ്യക്ഷന്റെ നിയോഗത്തിലേക്ക് നീക്കിവയ്ക്കേണ്ടതാണ്.

77. കുട്ടികളുടെ ആദ്യകുമ്പസാരശേഷമുള്ള കുർബാനസ്വീകരണം, ഒത്തുകല്യാണം, വിവാഹാഘോഷം, തിരുപ്പട്ടസ്വീകരണം, ജൂബിലിയാഘോഷങ്ങൾ തുടങ്ങിയ അവസരങ്ങളിൽ മിതവ്യയം പാലിക്കാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കണം.

78. പ്രഥമ അനുരഞ്ജനകൂദാശസ്വീകരണവും തുടർന്നുള്ള വി. കുർബാനസ്വീകരണവും ധൂർത്തും പാഴ്ചെലവും ഒഴിവാക്കി ദൈവാലയത്തിൽ ഇടവകയുടെ ആഘോഷമായും വീട്ടിൽ അടുത്ത കുടുംബംഗങ്ങളുടെ മാത്രം ആഘോഷമായും പരിമിതപ്പെടുത്തണം.

79. കൂദാശകളുടെ പുതുക്കിയ ക്രമം വന്നപ്പോൾ അവയുടെ പരികർമ്മരീതിയെക്കുറിച്ചുതന്ന നിർദ്ദേശങ്ങൾ ദയവായി എല്ലാവരും ശ്രദ്ധിക്കണം. കുട്ടിയെ മാമ്മോദീസാത്തൊട്ടി

യിൽ ഇരുത്തി, വൈദികൻ തന്നെ രണ്ടുകൈകളും ഉപയോഗിച്ച് കുട്ടിയുടെ ശിരസ്സിലേയ്ക്ക് മൂന്നു പ്രാവശ്യം ജലം ഒഴിക്കുന്ന ക്രമം എല്ലാവരും പാലിക്കണം (സാന്ത്വനപ്രകാശം Vol.55 ജനുവരി 2005).

80. മാമ്മോദീസയുടെ പരികർമ്മത്തിൽ തൈലവും വെള്ളവും ഓരോ പ്രാവശ്യം പുതുതായിത്തന്നെ വെഞ്ചരിക്കേണ്ടതാണ്. രോഗീലേപനത്തിനുള്ള തൈലവും അപ്രകാരംതന്നെ ചെയ്യേണ്ടതാണ്.

81. മാമ്മോദീസാക്രമത്തിൽ ആദ്യത്തെലേപനം മുമ്പു നടത്തിയ മാമ്മോദീസായിലെ ശേഷിച്ച തൈലംകൊണ്ടു ശിശുവിന്റെ നെറ്റിയിൽ സ്ലീവാ അടയാളം വരച്ച് റൂശ്മ/മുദ്ര ചെയ്യുകയാണ് വേണ്ടത്. മാമ്മോദീസായിലെ രണ്ടാമത്തെ ലേപനത്തിനുള്ള തൈലവും മാമ്മോദീസ മുക്കുന്നതിനാവശ്യമായ വെള്ളവും അതതു മാമ്മോദീസാ പരികർമ്മങ്ങൾക്കിടയിൽ ആശീർവ്വദിക്കണം.

82. മാമ്മോദീസായും തൈലാഭിഷേകവും സ്വകാര്യമായി നൽകാതെ പ്രത്യേക അവസരങ്ങളിൽ വിശിഷ്യ ദനഹാ, വലിയശനി, പന്തക്കുസ്താ തുടങ്ങിയ ദിവസങ്ങളിലെ തിരുക്കർമ്മങ്ങളോട് ചേർത്ത് നടത്തുന്നത് പ്രോത്സാഹിപ്പിക്കാവുന്നതാണ്. ഇതിനുപുറമെ വി. കുർബാനയോടനുബന്ധിച്ചുതന്നെ പ്രവേശക കൂദാശകൾ പരികർമ്മം ചെയ്യാൻ തക്കവിധം ഓരോ ഇടവകയിലും മാസത്തിൽ ഒരു ദിവസം പ്രത്യേകം നീക്കിവയ്ക്കുന്നത് അഭികാമ്യമാണ്.

83. പ്രവേശകകൂദാശകൾ സ്വീകരിക്കുന്നത് ചെറുപ്പത്തിലാണെങ്കിലും നന്മതിന്മകൾ തിരിച്ചറിയുന്ന പ്രായത്തിൽ വിശ്വാസപരിശീലനം 4-ാം ക്ലാസ്സ് പൂർത്തിയാക്കുന്ന കുട്ടികളെ അനുരഞ്ജന കൂദാശയ്ക്ക് പ്രത്യേകം ഒരുക്കി പ്രഥമകുമ്പസാരം നടത്തിയശേഷമുള്ള വി. കുർബാന സ്വീകരണം നടത്തണം.

84. മാമ്മോദീസായോടൊപ്പം പരിശുദ്ധ കുർബാന സ്വീകരിച്ച പൈതങ്ങളെ തുടർന്ന് ദൈവാലയത്തിൽ കൊണ്ടുവരുമ്പോൾ അവർക്ക് പരിശുദ്ധ കുർബാന നൽകേണ്ടതില്ല. അവർക്ക് പരിശുദ്ധ കുർബാന നൽകുന്നതിന് ദൈവശാസ്ത്രപരമായി എന്തെങ്കിലും തടസ്സം ഉള്ളതുകൊണ്ടല്ല ഇങ്ങനെ നിശ്ചയിച്ചത്. ഇക്കാര്യത്തിൽ ഏകീകൃതരീതിയുണ്ടായിരിക്കുക, പരിശുദ്ധ കുർബാനയോടുള്ള ആദരവിന് കുറവ് സംഭവിക്കാതിരിക്കുക എന്നീ ലക്ഷ്യങ്ങളോടെ അജപാലനപരമായ കാരണങ്ങളാലാണ്.

85. മാമ്മോദീസായ്ക്കുവേണ്ട വെള്ളയുടുപ്പ്, അലങ്കരിച്ച തിരി, മുടി എന്നിവ മാതാപിതാക്കൾ തന്നെ കൊണ്ടുവരേണ്ടതാണ്. മാമ്മോദീസാ പരികർമ്മത്തിനു തടസ്സമാകാത്ത വിധത്തിൽ ലളിതമായ വസ്ത്രത്തോടെയാവണം കുഞ്ഞിനെ കൊണ്ടുവരേണ്ടത്.

86. മുതിർന്നവരുടെ മാമ്മോദീസായ്ക്ക് പ്രത്യേക ക്രമമാണുള്ളത്. മുതിർന്നവർക്ക്, മാമ്മോദീസാ തൊട്ടിയോടു ചേർന്നു നിൽക്കുന്ന അർത്ഥിയുടെ ശിരസ്സിൽ, ശരീരത്തിൽ വീഴത്തക്കവിധം മൂന്നുപ്രാവശ്യം വെള്ളമൊഴിച്ച് മാമ്മോദീസാ നൽകണം.

87. കുമ്പസാരിക്കാൻ വിശ്വാസികൾക്ക് കൂടുതൽ അവസരങ്ങൾ നൽകണം. നിവൃത്തിയുള്ളിടത്തോളം പള്ളിയിൽതന്നെ കുമ്പസാരക്കൂടുകളിൽ വേണം കുമ്പസാരമെന്ന കൂദാശ പരികർമ്മം ചെയ്യാൻ. മറ്റു രീതികൾ നിരുത്സാഹപ്പെടുത്തേണ്ടതാണ്. കാർമ്മികൻ ഊറാറ ധരിക്കണം. വ്യക്തികളെ ഐഡന്റിഫൈ ചെയ്യാൻ പറ്റാത്തവിധം കുമ്പസാരക്കൂടിന്റെ നെറ്റ് ഇഴയടുപ്പമുള്ളതാകൻ ശ്രദ്ധിക്കണം.

88. ബന്ധുക്കളുടെയും അയല്ക്കാരായ കത്തോലിക്കാ കുടുംബങ്ങളുടെയും സാന്നിദ്ധ്യത്തിൽ രോഗീലേപനം നടത്തുന്നത് ഉത്തമമാണ്. ഇതിന് ഭവനത്തിൽ ഉചിതമായ ഒരുക്കങ്ങൾ നടത്തുവാൻ ശ്രദ്ധിക്കണം. (സ്ലീവാ, വെള്ളത്തുണി

വിരിച്ച മേശ, വിശുദ്ധഗ്രന്ഥം, കത്തിച്ച തിരികൾ എന്നിവ ഒരുക്കണം). കിടപ്പുരോഗികൾ അല്ലാത്തവർക്ക് രോഗീദിനം പോലുള്ള പ്രത്യേകാവസരങ്ങളിൽ ദൈവാലയത്തിൽ വച്ചു തന്നെ പ്രത്യേക ഒരുക്കങ്ങൾ നടത്തി രോഗീലേപനം നൽകുന്നത് ഉചിതമാണ്.

89. പള്ളിയിൽനിന്നുകൊണ്ടുവരുന്ന പ്രത്യേക പാത്രങ്ങളിൽ വേണം രോഗീലേപനത്തിനുള്ള തൈലം ആശീർവദിക്കുവാൻ. അതിനുള്ള തൈലം പള്ളിയിൽനിന്നുതന്നെ കൊണ്ടുവരുന്നതാണ് ഉചിതം. രോഗീലേപനത്തിന് ഒലിവെണ്ണ ലഭ്യമല്ലെങ്കിൽ നല്ലെണ്ണയോ (എള്ളെണ്ണ), വെളിച്ചെണ്ണയോ ഉപയോഗിക്കാവുന്നതാണ്. മൂറോൻതൈലമോ മാമ്മോദീസായ്ക്കുള്ള തൈലമോ ഇതിനു പകരമായി ഉപയോഗിക്കരുത്.

90. മരണം സംഭവിക്കുമ്പോൾ മൃതസംസ്കാരം പല ദിവസങ്ങൾ നീട്ടിക്കൊണ്ടുപോകുന്ന രീതി ഒഴിവാക്കണം. റെക്കോർഡ് ചെയ്തപാട്ടുകൾ ഉച്ചഭാഷിണി ഉപയോഗിച്ച് വലിയ സ്വരത്തിൽ വീടുകളിൽ വയ്ക്കരുത്. പ്രാർത്ഥനാന്തരീക്ഷം വീടുകളിൽ നിലനിർത്താൻ ശ്രദ്ധിക്കേണ്ടതാണ്.

91. മൃതസംസ്ക്കാരശുശ്രൂഷയിൽ വിലാപയാത്ര പോകേണ്ടത് റോഡിന്റെ ഇടതുവശം ചേർന്നാണ്. കുരിശിൻ തൊട്ടിയിൽ കുരിശിനെ വലം വച്ചാണ് (ക്ലോക്ക് വൈസ്) പള്ളിയിലേയ്ക്ക് മൃതദേഹം വഹിക്കേണ്ടത്. മൃതദേഹം പള്ളിയുടെ ഹൈക്കലായിൽ സാധിക്കുന്നിടത്തോളം ബേമ്മയുടെ സമീപത്താണ് വയ്ക്കേണ്ടത്. അല്മായരാണെങ്കിൽ മൃതദേഹത്തിന്റെ ശിരസ് കിഴക്കോട്ട് നോക്കുന്നവിധം പടിഞ്ഞാറാണ് തലവയ്ക്കേണ്ടത്. സിമിത്തേരിയിൽ മൃതസംസ്കാരത്തിൽ പങ്കെടുക്കുന്ന വിശ്വാസികൾക്ക് കിഴക്കോട്ടു തിരിഞ്ഞു നിന്നു പ്രാർത്ഥിക്കാനുള്ളവിധമാണ് സിമിത്തേരി കപ്പേള പണിയേണ്ടത് (കിഴക്ക് പടിഞ്ഞാറ് ദർശനമായി).

92. മൃതസംസ്കാരം നിരാഘോഷമായി എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് പ്രസംഗം,വി.കുർബാന, മൈക്ക് എന്നിവ ഇല്ലാ

തിരിക്കുക, രണ്ട് മുത്തുക്കുടകൾ, ഒരു കുരിശ്, ഒരു വൈദികൻ എന്നിവ മാത്രമായിരിക്കുക എന്നതാണ്.

93. വീടുകളിലെ സന്ധ്യാപ്രാർത്ഥനയിൽ മരിച്ചവിശ്വാസികൾക്കുവേണ്ടിയുള്ള പ്രാർത്ഥനകൾ (5 സ്വർഗ്ഗ, 5 നന്മനിറഞ്ഞ, 5 ത്രിത്വസ്തുതി, 5 മരിച്ചവിശ്വാസികളുടെ ആത്മാക്കൾക്ക്...) ഉൾപ്പെടുത്തണം.

94. ദനഹാക്കാലത്തിലെ അവസാനത്തെ വെള്ളിയാഴ്ചയാണ് സകലമരിച്ചവരുടെയും തിരുനാൾ ആഘോഷിക്കേണ്ടത്.

95. വൈദികൻ മരിച്ചാൽ ആ വിവരം ഇടവക ജനങ്ങളെ അറിയിക്കുന്നതിനായി ഒന്നും മൂന്നും വീതം 5 പ്രാവശ്യം ഇടവിട്ട് മണിയടിക്കണം. നഗരികാണിക്കൽ ശുശ്രൂഷാസമയത്ത് മൃതദേഹത്തിനുമുകളിൽ പിടിക്കാനായി 'പാലിക' ആനവാതിൽക്കൽ മുതൽ ഉപയോഗിക്കണം. വൈദികരുടെ കരം ചുംബിച്ചാണ് അന്തിമോപചാരം അർപ്പിക്കുന്നത്. മൃതദേഹം വീട്ടിലും പള്ളിയിലും സെമിത്തേരിയിലും ജനാഭിമുഖമായിട്ടാണ് വയ്ക്കേണ്ടത്.

96. വിവിധാവശ്യങ്ങൾക്കായി പള്ളിയിൽ മണിയടിക്കുന്ന ക്രമം:-

- മാർപാപ്പയുടെ മരണം സംബന്ധിച്ച് - മൂന്നും നാലും ആയി ഓരോ നിർത്തിനും അഞ്ചുപ്രാവശ്യം.
- മെത്രാപ്പോലീത്തായുടെയും മെത്രാന്റെയും മരണം സംബന്ധിച്ച് - രണ്ടും മൂന്നുമായി ഓരോ നിർത്തിനും അഞ്ചു പ്രാവശ്യം.
- ബഹു. വൈദികരുടെ മരണം സംബന്ധിച്ച് - ഒന്നും മൂന്നുമായി ഓരോ നിർത്തിനും അഞ്ചു പ്രാവശ്യം.
- അൽമായരുടെ മരണം സംബന്ധിച്ച് - ഒന്നും രണ്ടുമായി ഓരോ നിർത്തിനും അഞ്ചു പ്രാവശ്യം.
- ഏഴു വയസ്സിന് താഴെയുള്ള കുട്ടികളുടെ മരണം സംബന്ധിച്ച് ഓരോ നിർത്തിനും ഒമ്പതുമണി.

- ത്രികാല ജപത്തിന് - മൂന്നുവീതം മൂന്ന് പ്രാവശ്യം
- മരിച്ചവരുടെ ഓർമ്മയ്ക്കായി സന്ധ്യാപ്രാർത്ഥനയ്ക്കുശേഷം ഒന്നുവീതം അഞ്ചുപ്രാവശ്യം.
- ഞായറഴ്ചകളുടെയും കടമുള്ള ദിവസങ്ങളുടെയും തലേ ദിവസവും അന്നു പ്രഭാതത്തിലും ത്രികാലജപത്തിനുള്ള മണിയടിക്കുശേഷം കൂട്ടമണി.
- ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും പ്രധാന കുർബാനകൾക്കുമുമ്പ് അരമണിക്കൂർ ഇടവിട്ട് ഒന്നും രണ്ടും മൂന്നും മണി.

97. വിവാഹം എന്ന കൂദാശയുടെ പരികർമ്മത്തിന് ഇടയിലുള്ള തിരി/നിലവിളക്ക് തെളിക്കുന്നത് കാർമ്മികൻ മാത്രമാണ്.

98. വിവാഹവാഗ്ദാനത്തിനുശേഷം മൂന്ന് പ്രാവശ്യം വിവാഹ പരസ്യം നടത്തണമെന്നാണ് സഭയുടെ പാരമ്പര്യം. എന്നാൽ പ്രത്യേക സാഹചര്യത്തിൽ വിവാഹപരസ്യത്തിന് സമയക്കുറവ് വരുമെങ്കിൽ വിവാഹവാഗ്ദാനത്തിനുമുമ്പ് വിവാഹപരസ്യം നടത്താൻ അനുവാദം നൽകേണ്ടത് ഫൊറോനാ വികാരിയാണ്. വിവാഹപരസ്യങ്ങൾ കുറവ് ചെയ്യുന്നത് ഒഴിവാക്കുന്നതാണ് നല്ലത്. എന്നാൽ വളരെ പ്രത്യേക സാഹചര്യത്തിൽ അപ്രകാരം ആവശ്യമായി വന്നാൽ വിവാഹപരസ്യം ഒന്ന് കുറവ് ചെയ്യാൻ ഇടവക വികാരിക്കും രണ്ട് കുറവ് ചെയ്യാൻ ഫൊറോനാ വികാരിക്കും അധികാരമുണ്ട്. മറ്റ് അനുവാദങ്ങൾ രൂപതാ കേന്ദ്രത്തിൽ നിന്നാണ് വാങ്ങേണ്ടത്.

99. നമ്മുടെ രൂപതയിൽ ഞായറാഴ്ച രണ്ടുമണിക്കു മുമ്പ് വിവാഹകർമ്മം പാടില്ല.

100. അവിവാഹിതാവസ്ഥ സംബന്ധിച്ച സാക്ഷ്യപത്രം: ആറു മാസത്തിലേറെക്കാലം സ്വന്തം ഇടവകയ്ക്കു വെളിയിൽ താമസിക്കുന്നവർ അക്കാലയളവിൽ തങ്ങൾ വിവാഹം നടത്തിയിട്ടില്ലെന്ന് തെളിയിക്കുന്ന സാക്ഷ്യപത്രം (free state certificate) അവർ താമസിച്ച സ്ഥലത്തെ വികാരി

യിൽനിന്ന് വാങ്ങിച്ച് ഹാജരാക്കണം. വൈദികരുടേത് സാധ്യമല്ലെങ്കിൽ വിശ്വാസ്യതയുള്ള ഒരധികാരിയുടെ സാക്ഷ്യപത്രം ഉണ്ടായിരിക്കണം. ഒപ്പം മാതാപിതാക്കന്മാരുടെയും വിവാഹിതനാകാൻ പോകുന്ന വ്യക്തിയുടെയും affidavit കൂടി സമർപ്പിക്കണം.

101. വിവാഹത്തിന് ഒരുക്കമായുള്ള കോഴ്സ് നിർബന്ധമായും കൂടേണ്ടതാണ്.

102. നോമ്പുകാലത്തെ വിവാഹമുടക്കത്തെ ഗൗരവമായി തന്നെ പരിഗണിക്കേണ്ടതാണ്. ഓരോ സ്വയാധികാരസഭയുടെയും നിയമങ്ങളെയും ആചാരങ്ങളെയും മാനിച്ചുകൊണ്ടാവണം നോമ്പുകാലത്ത് വിവാഹം ആശീർവ്വദിക്കേണ്ടിവന്നാൽപോലും നടത്തേണ്ടത്. രൂപതാ കാര്യാലയത്തിൽ നിന്ന് അനുമതിയില്ലാതെ നോമ്പുകാലവിവാഹം പാടില്ല.

103. വിവാഹം നടന്നുകഴിഞ്ഞാൽ ബന്ധപ്പെട്ട കക്ഷികൾ വിവാഹരേഖകൾ വികാരിയച്ചനിൽനിന്നും വാങ്ങി സർക്കാർ നിയമാനുസൃതമായ രജിസ്ട്രേഷൻ അതാത് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നടത്തേണ്ടതാണ്.

104. തിരുനാളുകളെക്കുറിച്ച് രണ്ടാം വത്തിക്കാൻ സൂനഹദോസ് വ്യക്തമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. സാർവ്വത്രികസഭ വിശിഷ്യ പൗരസ്ത്യസഭകൾ കർത്താവിന്റെ തിരുനാളുകൾക്കാണ് (ഉദാ: ഉത്ഥാനം, ദനഹ, ക്രിസ്മസ്...) മുഖ്യ പ്രാധാന്യം നല്കുന്നത്. ശ്ലീഹന്മാരോടും രക്തസാക്ഷികളോടും മറ്റ് വിശുദ്ധരോടുമുള്ള വണക്കത്തെ അവരോടുള്ള ആരാധനയായി ധ്വനിപ്പിക്കപ്പെടാൻ ഇടയാകരുത്. തിരുനാളുകളെല്ലാം വി. കുർബാന കേന്ദ്രിതവും വചനപ്രഘോഷണാധിഷ്ഠിതവുമായിരിക്കണം. ധൂർത്ത് ഒഴിവാക്കണം. തിരുനാൾ പ്രദക്ഷിണം രാത്രി 9 മണിക്ക് കഴിഞ്ഞ് ദീർഘിപ്പിക്കരുത്. രണ്ടു കിലോമീറ്റർ കൂടുതലുള്ള പ്രദക്ഷിണങ്ങൾ നിരുൽസാഹപ്പെടുത്തേണ്ടതാണ്. ഇടവകജനം മുഴുവന്റെയും സഹകരണത്തോടെ ലളിതമായി തിരുനാൾ ആഘോഷിക്കണം. ധ്യാനം, റംശാപ്രാർത്ഥനകൾ എന്നിവ

തിരുനാളിന്റെ ഭാഗമായി നടത്തണം. പ്രസുദേന്തിമാരുടെ പണക്കൊഴുപ്പ് പ്രകടിപ്പിക്കുന്ന വേദിയായി തിരുനാളുകൾ മാററുത്. ദൈവാലയങ്കണം വെറുമൊരു അങ്ങാടിയായി മാറ്റി അതിന്റെ പരിശുദ്ധി നഷ്ടപ്പെടുത്തരുത്, ആവശ്യത്തിൽ കൂടുതൽ വാദ്യമേളങ്ങൾ പാടില്ല.

105. തിരുനാൾ ദിനങ്ങളിൽ വി. കുർബാനയിൽ സ്ലീവാചുംബനം നടത്തുന്നതു നല്ലതാണ്.

106. ഇടവകകളിൽ ശനിയാഴ്ച വൈകുന്നേരവും പ്രധാനതിരുനാൾ ദിവസങ്ങളിലും ഇതരവിശേഷാവസരങ്ങളിലും ബേമയിൽ വച്ച് മദ്ബഹയിലേക്ക് തിരിഞ്ഞ് റംശാപ്രാർത്ഥന നടത്തുന്നത് അഭികാമ്യമാണ്.

107. ദൈവാലയങ്ങളുടെ പാവനതയ്ക്കും ശ്രേഷ്ഠതയ്ക്കുമിണങ്ങുന്ന കലാപരിപാടികളാണ് ഇടവകതിരുനാളിനോടനുബന്ധിച്ച് ക്രമീകരിക്കേണ്ടത്. ഞായറാഴ്ച ആചരണത്തിന് തടസ്സം നേരിടുമെന്നതിനാൽ ശനിയാഴ്ച വൈകുന്നേരം കലാപരിപാടികൾ ഉണ്ടായിരിക്കരുത്. തിരുനാൾ അറിയിപ്പുകളുടെയും തിരുനാൾ പ്രോഗ്രാമുകളുടെയും കാര്യത്തിൽ മിതത്വവും ലാളിത്യവും ജാഗ്രതയും പാലിക്കേണ്ടതാണ്. തിരുനാൾ പ്രദക്ഷിണങ്ങൾക്ക് വാദ്യമേളങ്ങൾ ഉപയോഗിക്കുമ്പോൾ ഭക്തിഗാനങ്ങൾ മാത്രമേ ഉപയോഗിക്കാവൂ. കരിമരുന്നു വസ്തുക്കളുടെ ഉപയോഗം പാടില്ല. മുമ്പുതന്നിട്ടുള്ളനിർദ്ദേശങ്ങൾ കൃത്യമായി പാലിക്കണം.

108. ആരാധനാവത്സരത്തിലെ കാലങ്ങളിലെ അരൂപി വിശ്വാസികൾക്കു കൂടുതൽ അനുഭവവേദ്യമാകുന്നതിനും ബോധ്യമാകുന്നതിനും ഉതകുന്ന രീതിയിൽ പ്രബോധനങ്ങളും തിരുനാളുകളും പ്രാർത്ഥനകളും ക്രമീകരിക്കണം.

109. തിരുനാളുകളും നൊവേനകളും അബദ്ധവിശ്വാസത്തിലേയ്ക്കും അന്ധവിശ്വാസത്തിലേയ്ക്കും വിശ്വാസികളെ നയിക്കാൻ ഇടയാക്കരുത്. ലാഭേച്ഛയും സാമ്പത്തിക നേട്ടത്തിനുള്ള മത്സരബുദ്ധിയും വാണിജ്യസംസ്കാര പ്രവണതകളും ഒരു കാരണവശാലും പാടില്ല.

110. പീഡാനുഭവവാരം (ഹാശാ ആഴ്ച): ഓശാനയുടെ പ്രത്യേക തിരുക്കർമ്മങ്ങളും പ്രാരംഭഗാനങ്ങളും കുരുത്തോല വെഞ്ചരിപ്പും ദൈവാലയത്തിനു വെളിയിൽ ക്രമീകരിക്കുന്നതാണ് ഉചിതം.

111. കാൽകഴുകൽ ശുശ്രൂഷയ്ക്ക് മുതിർന്നവരെ തെരഞ്ഞെടുക്കുന്നതാണ് ഉചിതം.

112. പെസഹാകർമ്മങ്ങൾക്കുശേഷം പൊതുവായ ദിവ്യകാരുണ്യ ആരാധന നടത്താവുന്നതാണ്.

113. തികച്ചും ഗാർഹിക ആചരണമായി കുടുംബനാഥന്റെ കാർമ്മികത്വത്തിൽ പെസഹാ അപ്പം മുറിക്കൽ കർമ്മം നടത്തണം.

114. പെസഹാഭക്ഷണത്തിനുശേഷം രാത്രിയും പകലും വീടുകളിലോ ദൈവാലയങ്ങളിലോ പ്രാർത്ഥനയിലും ബൈബിൾ വായനയിലും സങ്കീർത്തനാലാപനത്തിലും മറ്റും ചെലവഴിക്കുന്നതാണ് ഉചിതം. പാനവായന പ്രോത്സാഹിപ്പിക്കാവുന്നതാണ്.

115. പീഡാനുഭവ വെള്ളി: പൗരസ്ത്യസഭകളുടെ പതിവനുസരിച്ച് പീഡാനുഭവ വായനയുടെ ഭാഗങ്ങൾ കാർമ്മികൻ തന്നെയാണ് നടത്തേണ്ടത്. ദുഃഖവെള്ളിയാഴ്ചത്തെ മൂന്നു കറോസൂസയും ചെല്ലണം. പരിശുദ്ധ കുർബാനയർപ്പണം ഇല്ലാത്ത ഇന്നേദിവസം കാർമ്മികനോ, ജനങ്ങളോ പരിശുദ്ധ കുർബാന സ്വീകരണം നടത്തുന്നില്ല. സമാപനാശീർവാദത്തിനും സ്ലീവാചുംബനത്തിനും ശേഷം മിശിഹായുടെ സംസ്കാരം അനുസ്മരിച്ച് സ്ലീഹാ ബലിപീഠത്തിൽ കിടത്തി ധൂപിക്കുന്നു.

116. മദ്ബഹായിൽ ഫോട്ടോഗ്രാഫർമാർക്ക് പ്രവേശനത്തിന് അനുവാദമില്ല. പള്ളിയകത്ത് arranged photography - യും പാടില്ല.

117. വി. കുർബാന മദ്ധ്യേയുള്ള അറിയിപ്പുകൾ ചുരുങ്ങിയ വാക്കുകളിൽ എഴുതി വായിക്കുന്നതാണ് ഉത്തമം.

118. നൊവേനകൾ, മറ്റു പ്രാർത്ഥനകൾ എന്നിവ ആരാധനക്രമത്തിനു ചേർന്നവിധം പുനഃസംവിധാനം ചെയ്യണം. വി. കുർബാനയ്ക്കും വചനപ്രഘോഷണത്തിനുമുള്ള മുൻഗണന നഷ്ടപ്പെടുത്തരുത്. പുതിയ നൊവേനകൾ, മാസവണക്കങ്ങൾ തുടങ്ങിയവ ആരംഭിക്കുന്നതിനുമുമ്പ് രൂപതാദ്ധ്യക്ഷന്റെ രേഖാമൂലമായ അംഗീകാരം വാങ്ങിച്ചിരിക്കണം.

119. ദൈവാലയസംഗീതത്തെക്കുറിച്ചു നാളിതുവരെ തന്നിട്ടുള്ള നിർദ്ദേശങ്ങൾ, കൃത്യമായി പാലിക്കണം. വി. കുർബാനയിൽ തക്സയിൽ നിർദ്ദേശിച്ചിരിക്കുന്ന പാട്ടുകൾ മാത്രമേ പാടാവൂ. മുൻകൂട്ടി റിക്കാർഡ് ചെയ്തിരിക്കുന്ന കാസറ്റുകൾ ഉപയോഗിക്കാൻ പാടില്ല. സമൂഹത്തെ സഹായിക്കുക എന്ന ദൗത്യമാണ് ഗായകസംഘത്തിനുള്ളത്. എല്ലാ ഇടവകകളിലും പരിശീലനം സിദ്ധിച്ച ഗായകസംഘം ഉണ്ടാകുന്നത് നല്ലതാണ്.

120. ഗായകസംഘങ്ങളെ പ്രോത്സാഹിപ്പിക്കുകയും അവർക്ക് മതിയായ പരിശീലനം നല്കുകയും വേണം. ദൈവാരാധനയിൽ വിശ്വാസികളുടെ സമൂഹത്തെ ഗാനാലാപനത്തിൽ സഹായിക്കുക എന്നതാണ് ഗായകസംഘത്തിന്റെ കർത്തവ്യം. വിശ്വാസസമൂഹത്തിന്റെ ശബ്ദമാണ് ദൈവാലയത്തിൽ ഉയർന്ന് കേൾക്കേണ്ടത്. ആരാധനാസമൂഹത്തെ കേൾവിക്കാരും കാഴ്ചക്കാരുമാക്കുന്ന രീതിയിൽ ഗായകസംഘം പെരുമാറരുത്. സംഗീതത്തിലുള്ള തങ്ങളുടെ കഴിവുതെളിയിക്കാനുള്ള വേദിയായി ദൈവാരാധനയെ ആരും കാണുകയുമരുത്. വിശ്വാസപ്രമാണം ഗായകസംഘത്തിലെ ഒരാൾ മാത്രം മൈക്കിലൂടെ ചൊല്ലുന്ന പതിവ് ഒഴിവാക്കണം.

121. സിമിത്തേരിയിൽ കർമ്മങ്ങൾക്കു വേണ്ടിയുള്ള കപ്പേളകൾ ഉണ്ടാവണം.

122. പാരീഷ് ഹാൾ അക്രൈസ്തവരുടെ ചടങ്ങുകൾക്ക് നൽകുമ്പോൾ രൂപതാകേന്ദ്രത്തിൽനിന്ന് മുൻകൂട്ടി അനുവാദം

വാങ്ങേണ്ടതാണ്. അവിടെ മറ്റുമതക്കാരുടെ മതകർമ്മങ്ങൾ അനുവദനീയമല്ല. പള്ളികളിലും പരിസരങ്ങളിലും ഷൂട്ടിംഗ് അനുവദിച്ചിട്ടില്ല എന്നകാര്യം ഓർമ്മിപ്പിക്കുന്നു.

123. നമ്മുടെ എല്ലാ ഭവനങ്ങളിലും മാർത്തോമ്മാസ്ലീവായും തിരുക്കുടുംബത്തിന്റെയും ഈശോയുടെ തിരുഹൃദയത്തിന്റെയും രൂപങ്ങളും ഉള്ളത് നല്ലതാണ്.

124. വി. ഗ്രന്ഥവും തിരുവസ്തുക്കളും ഉപയോഗയോഗ്യമല്ലാതാകുമ്പോൾ അവ അലക്ഷ്യമായി കളയുകയോ മറ്റ് ആവശ്യങ്ങൾക്ക് (ഉദാ: നാടകം, സ്കിറ്റ്, അലങ്കാരങ്ങൾ) ഉപയോഗിക്കുകയോ വിൽക്കുകയോ ചെയ്യാൻ പാടില്ല. മറിച്ച്, ഉചിതമായ രീതിയിൽ കത്തിച്ചുകളയുകയാണ് വേണ്ടത്. പൗരാണികമൂല്യമുള്ള വസ്തുക്കൾ മ്യൂസിയത്തിലോ മറ്റ് ഉചിതമായ രീതിയിലോ പ്രദർശിപ്പിച്ച് വയ്ക്കുന്നത് നല്ലതാണ്. രൂപതയുടെ ഗോൾഡൻ ജൂബിലി മ്യൂസിയത്തിലേക്ക് വീടുകളിലേയും പള്ളികളിലേയും പുരാതന വസ്തുക്കൾ കൈമാറുന്നതിൽ ഏവരും താൽപര്യം കാണിക്കണം.

125. സീറോമലബാർ സഭയുടെ ആരാധനക്രമവിശ്വാസപരിശീലനം എന്ന പേരിലുള്ള വിശ്വാസപരിശീലനഗ്രന്ഥം വിവിധ വേദികളിൽ പഠനവിഷയമാക്കുന്നത് ഉചിതമാണ്. മതാദ്ധ്യാപകരും ഭക്തസംഘടനകളും കൂടുംബകൂട്ടായ്മാഭാരവാഹികളും ഇക്കാര്യം ഗൗരവമായി പരിഗണിക്കണം.

126. ഇടവകയോടും ദൈവാലയത്തോടും അനുബന്ധിച്ച് ആവശ്യത്തിൽ കൂടുതൽ നിർമ്മാണപ്രവർത്തനങ്ങൾ നടത്താൻ പാടില്ല. ജീവകാരുണ്യപ്രവർത്തനങ്ങളാണ് പ്രോത്സാഹിപ്പിക്കേണ്ടത്. ഇടവകയുടെ വാർഷികവരുമാനത്തിന്റെ 10% ജീവകാരുണ്യപ്രവർത്തികൾക്കായി നീക്കിവയ്ക്കണം.

മാതൃസഭയുടെ ആരാധനക്രമസമ്പന്നതയും ദൈവശാസ്ത്രാഭിമുഖ്യങ്ങളും ആദ്ധ്യാത്മികതയും ശിക്ഷണക്രമവും മെച്ചപ്പെട്ട രീതിയിൽ മനസിലാക്കുവാൻ ആരാധനക്രമം പരി കർമ്മം

ചെയ്യുന്നരീതിയിലൂടെയും പ്രബോധനത്തിലൂടെയും സാധ്യമാകണം. വാക്കുകളോടൊപ്പംതന്നെ അനുഷ്ഠാനങ്ങളുടെ കാര്യവും കൂടുതൽ ശ്രദ്ധിക്കുന്നത് തലമുറകളിലേയ്ക്കു വിശ്വാസം പകർന്നുനല്കാൻ ഏറെ സഹായിക്കും.

മുകളിൽ തന്നിരിക്കുന്ന നിർദ്ദേശങ്ങളനുസരിച്ച് വേണ്ട ക്രമീകരണങ്ങൾ നമ്മുടെ എല്ലാ ഇടവക ദൈവാലയങ്ങളിലും ആശ്രമ ചാപ്പലുകളിലും സന്യാസഭവനങ്ങളുടെ കപ്പേളകളിലും ധ്യാനകേന്ദ്രങ്ങളിലും നടപ്പാക്കേണ്ടതാണ്. സ്നേഹത്തിന്റെ കൂദാശ എന്ന ശ്ലൈഹിക ഉപദേശത്തിൽ പോപ്പ് എമിരിറ്റസ് ബനഡിക്ട് പതിനാറാമൻ മാർപാപ്പ പറഞ്ഞിരിക്കുന്നതുപോലെ കത്തീഡ്രൽ ദൈവാലയത്തിൽ പരികർമ്മം ചെയ്യുന്ന ആരാധനക്രമാഘോഷങ്ങളുടെ മാതൃകയിൽ നമ്മുടെ രൂപതയിലെ ആരാധനക്രമാഘോഷങ്ങൾക്ക് ഐകരൂപ്യവും പൊരുത്തവും ഉറപ്പുവരുത്താൻ നിങ്ങൾ ഏവരുടെയും സഹകരണം അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

+ Jos Kallarangatt

മെത്രാസനമന്ദിരം

പാലാ, 25.06.2019

**ബിഷപ്പ് ജോസഫ് കല്ലറങ്ങാട്ട്**

പാലാ രൂപതാ മെത്രാൻ

---

NB: ഈ പ്രബോധനത്തിലെ കാര്യങ്ങൾ ബഹുമാനപ്പെട്ട വൈദികർ ശ്രദ്ധാപൂർവ്വം പഠിക്കുകയും വിശ്വാസികളെ ബോധവത്കരിക്കുകയും ചെയ്യണം.

Ref: 3206/K-5/KCBC/OL/DS 25.06.2019

# യുവജനദിനം 2019

## ജൂലൈ 7, ഞായർ

## കെസിബിസി യുവജനകമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

മിശിഹായിൽ പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,

കെസിബിസി യുവജനകമ്മീഷന്റെ ആഭിമുഖ്യത്തിൽ 2019 ജൂലൈ 7-ാം തീയതി നാം യുവജനദിനമായി ആചരിക്കുകയാണ്. ഈ യുവജനദിനത്തിന്റെ എല്ലാവിധ അനുഗ്രഹങ്ങളും ആശംസകളും കേരളത്തിലെ എല്ലാ കെസിവൈഎം പ്രവർത്തകർക്കും ഇതരയുവജനസംഘടനകൾക്കും കേരളത്തിലെ കത്തോലിക്കാ മെത്രാൻസംഘത്തിന്റെ പേരിൽ ഹൃദയപൂർവം നേരുന്നു. 2018 ഒക്ടോബർ 3 മുതൽ 28 വരെ വത്തിക്കാനിൽ നടന്ന അന്തർദേശീയ യുവജന സിനഡിന്റെ പശ്ചാത്തലത്തിലാണ് ഈ വർഷത്തെ യുവജനദിനാചരണം. സിനഡിന്റെ വെളിച്ചത്തിലുള്ള പ്രബോധനരേഖ 'ക്രിസ്തു ജീവിക്കുന്നു' എന്ന പേരിൽ 2019 ഏപ്രിൽ 2-ന് ഫ്രാൻസിസ് പാപ്പാ പ്രസിദ്ധീകരിച്ചു. "ക്രിസ്തു ജീവിക്കുന്നു...നിങ്ങൾ ജീവനുള്ളവരായിക്കാൻ അവിടന്ന് ആഗ്രഹിക്കുന്നു" എന്ന് യുവജനങ്ങളെ ഓർമ്മിപ്പിക്കുന്ന ഫ്രാൻസിസ് പാപ്പാ, യുവജനം ലോകത്തിന്റെയും സഭയുടെയും ഭാവിയല്ല, ഇന്നാണ് എന്നു എടുത്തുപറയുന്നു.

യുവജനം സഭയുടെ ഇന്നിന്റെ മുഖമാകണം. അവർ സഭയിൽ മുൻനിരയിൽ പ്രതിഷ്ഠിക്കപ്പെടണം. എന്നാൽ യുവജനങ്ങൾ അവഗണിക്കപ്പെടുന്ന സംസ്കാരം ഇന്ന് വളർന്നുകൊണ്ടിരിക്കുന്നു. ഇന്നത്തെ ഡിജിറ്റൽ സാഹചര്യങ്ങളും കുടിയേറ്റത്തിന്റെ കയ്പുനിറഞ്ഞ അനുഭവങ്ങളും ലൈംഗികവും ധാർമികവുമായ ദുരുപയോഗങ്ങളും യുവജനത്തെ തളർത്തുന്നുണ്ട്. ഫ്രാൻസിസ് പാപ്പാ യുവജനങ്ങളെ ആഹ്വാനംചെയ്തുകൊണ്ട് പറയുന്നു, യുവജനങ്ങളേ, ഇന്നും ജീവിക്കുന്ന ക്രിസ്തു നിങ്ങളിലുണ്ട്. നിങ്ങളോടുകൂടെയുണ്ട്. ഒരിക്കലും നിങ്ങളെ ഉപേ

ക്ഷിക്കുകയില്ല. നിങ്ങൾ ജീവിതത്തിന്റെ ഏതവസ്ഥയിലായാലും തിരിച്ചുവരാനും പുതുതായി തുടങ്ങാനും ഭയപ്പെടേണ്ടതില്ല. ഉത്ഥിതനായ ക്രിസ്തുവാണ് നിങ്ങളുടെ പ്രത്യാശയും ശക്തിയും. യുവജനത്തെ അവജ്ഞയോടെ കാണുന്നതും അവരുടെ മേൽ ആധിപത്യം പുലർത്തുന്നതും അവരുടെ സ്വപ്നങ്ങളെ കാണാതിരിക്കുന്നതും കഴിവുകളെ പ്രയോജനപ്പെടുത്താതിരിക്കുന്നതും പ്രത്യാശയെ അപഹരിക്കുന്നതുമായ ശൈലികൾ തിരുത്തപ്പെടണമെന്ന് ഫ്രാൻസിസ് പാപ്പാ മുന്നറിയിപ്പു നല്കുന്നു.

സഭയ്ക്കും ലോകത്തിനും വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും പ്രത്യാശയുടെയും സാക്ഷ്യം കൊടുക്കുന്ന വ്യക്തികളായി വളരാൻ യുവജനങ്ങളെ സഹായിക്കുക എന്നതാണ് യുവജനകമ്മീഷന്റെ മുഖ്യമായ ദൗത്യം. ഈ ദൗത്യം കേരളസഭയിൽ നാം പ്രാവർത്തികമാക്കുന്നത് കെ.സി. വൈ.എമ്മിന്റെയും, അതിനോട് ചേർന്ന് പ്രവർത്തിക്കുന്ന കേരളത്തിലെ മറ്റു കത്തോലിക്കാ യുവജന സംഘടനകളുടെയും കർമ്മപരിപാടികളിലൂടെയാണ്. യുവജനങ്ങളുടെ രൂപീകരണത്തിനായി അനേകം കർമ്മ പരിപാടികൾ യുവജന കമ്മീഷൻ ആവിഷ്ക്കരിച്ച് നടപ്പാക്കുന്നുണ്ട്. അവ പ്രധാനമായും മൂന്ന് ലക്ഷ്യങ്ങൾ മുന്നിൽ കണ്ടുകൊണ്ടുള്ളതാണ്.

ഒന്നാമതായി, യുവജനങ്ങളെ യേശുവിന്റെ യഥാർത്ഥ ശിഷ്യന്മാരായിത്തീരാൻ സഹായിക്കുകയെന്നതാണ്. യുവത്വത്തിന്റെ നിറവിൽ രക്ഷയുടെ സന്ദേശം പങ്കുവച്ചുതന്ന യേശുവിന്റെ മാതൃകയിൽ കരുത്താർജ്ജിക്കുന്നതിനുവേണ്ടിയുള്ള ആത്മീയ രൂപീകരണമാണത്. “ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിൽ വളർന്നുവന്ന” (ലൂക്കാ 2,52) യേശുവിനോട് അനുരൂപരായി യുവതീയുവാക്കൾ ജീവിക്കണം.

രണ്ടാമത്തെ ലക്ഷ്യം, യുവജനങ്ങളെ നല്ല മിഷനറിമാരായി വളരാൻ സഹായിക്കുകയെന്നതാണ്. കർത്താവ് നമ്മെ

ഏല്പിച്ച വലിയ ഉത്തരവാദിത്വമാണ് ദൈവരാജ്യത്തിന്റെ സന്ദേശം അഥവാ, രക്ഷയുടെ മാർഗം എല്ലാവരെയും അറിയിക്കുക എന്നത്. “നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ” (മർക്കോ 16,15) എന്നാണ് അവിടന്ന് അവസാനമായി നമ്മോട് കല്പിച്ചത്. യേശുവിന്റെ രക്ഷയുടെ സന്ദേശം, സ്നേഹമായും കരുണയായും കരുതലായും സമാധാനമായും സമൂഹത്തിൽ പ്രഘോഷിക്കുവാൻ ക്രൈസ്തവയുവജനങ്ങൾ മുന്നിട്ടിറങ്ങുന്നതിന്റെ നേർക്കാഴ്ചകൾ കേരളത്തിൽ അങ്ങോളമിങ്ങോളം കാണാം. സുവിശേഷത്തിന്റെ സന്തോഷവും സമാധാനവും എല്ലാവരിലും പ്രത്യക്ഷമായും പരോക്ഷമായും എത്തിക്കുവാൻ ഉത്സാഹത്തോടെ, ഉണർന്നു പ്രവർത്തിക്കുന്ന യുവജനം സഭയുടെ അമൂല്യസമ്പത്താണ്. കഴിഞ്ഞ നാലുപതിറ്റാണ്ടുകാലം കെ.സി.വൈ.എം “സഭയുടെ നല്ല സാക്ഷ്യമുഖമായി” പ്രവർത്തിച്ച് സഭയ്ക്ക് വലിയ സംഭാവനകൾ നൽകിയിട്ടുണ്ട്. അതുകൊണ്ടുതന്നെ ഇന്ന് കേരള കത്തോലിക്കാ സഭയിലെ മഹത്തായ യുവജന പ്രസ്ഥാനമായി അതു നിലകൊള്ളുന്നു.

യുവജനങ്ങളുടെ സമഗ്രവികസനം ലക്ഷ്യം വച്ചുകൊണ്ട് അവരെ സമൂഹനിർമ്മിതിയിൽ പങ്കാളികളാക്കുകയും യേശുവിന്റെ മാതൃകയിലും ശൈലിയിലും തിന്മയ്ക്കെതിരേ പോരാടുവാൻ ശക്തരാക്കുകയും ചെയ്യുക എന്നതാണ് യുവജനകമ്മീഷന്റെ മൂന്നാമത്തെ ലക്ഷ്യം. കുടുംബത്തിന്റെയും സഭയുടെയും സമൂഹത്തിന്റെയും യുവജനങ്ങളോടുള്ള ഉത്തരവാദിത്വം മറ്റേതു കാലഘട്ടത്തെക്കാളും ഇന്ന് വർദ്ധിച്ചിരിക്കുന്നു. ശാസ്ത്ര-സാങ്കേതിക വളർച്ചയും ഇലക്ട്രോണിക് മീഡിയായും സമൂഹത്തിന്റെ ചിന്താഗതിയിലും പ്രവർത്തനത്തിലും വലിയ മാറ്റം വരുത്തിയിരിക്കുന്നു. യേശു പ്രഖ്യാപിച്ച ജീവന്റെയും സ്നേഹത്തിന്റെയും പ്രത്യാശയുടെയും സംസ്കാരം കടുത്ത വെല്ലുവിളി നേരിടുകയാണ്. ഇതിനെ പ്രതിരോധിക്കുവാൻ യുവജനവിഭവശേഷി ശരിയായി നാം പ്രയോജനപ്പെടുത്തണം.

സമൂഹത്തിൽ വർദ്ധിച്ചുവരുന്ന ഭീകരപ്രവർത്തനം, അക്രമം, അസഹിഷ്ണുത, വിഭാഗീയത, ഏകാന്തത എന്നിവയെല്ലാം മരണസംസ്കാരത്തിന് വേദി ഒരുക്കുന്നു. മദ്യം, മയക്കുമരുന്ന്, ലൈഗിക അരാജകത്വം എന്നിവയൊക്കെ ഈ സംസ്കാരത്തിന് ശക്തി പകരുന്നു. ഇവയോട് നാം സന്ധിയില്ലാസമരം ചെയ്യണം. വിശക്കുന്നവർക്ക് ഭക്ഷണം, ഭവനമില്ലാത്തവർക്ക് ഭവനം, കുട്ടികൾക്ക് പഠിക്കാൻ അവസരം, പ്രായമായ മാതാപിതാക്കൾ, രോഗികൾ, വിധവകൾ, ഭിന്നശേഷിക്കാർ, ദുർബലവിഭാഗങ്ങൾ എന്നിവരുടെ സംരക്ഷണം, ഓഖി ദുരന്തം, വെള്ളപ്പൊക്കദുരിതം, പ്രകൃതിക്ഷോഭം എന്നിവയിൽ അകപ്പെട്ടവർക്കായുള്ള പുനരുദ്ധാരണ പ്രവർത്തനങ്ങൾ തുടങ്ങി നിരവധിയായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് യുവജനങ്ങൾ സമൂഹനിർമ്മിതിയിൽ പങ്കുചേരുന്നു.

നാം ജീവിക്കുന്ന ഈ സമൂഹത്തിലും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലും നടന്നുകൊണ്ടിരിക്കുന്ന അക്രമത്തിനും ഭീകരപ്രവർത്തനത്തിനുമെതിരേ, യുവജനങ്ങൾ ഏറ്റെടുത്ത 'യുവജനങ്ങൾ സമാധാനത്തിന്' (Youth for Peace Campaign) എന്ന യജ്ഞം അഞ്ച് ഘട്ടങ്ങളിലായാണ് നടത്തപ്പെടുന്നത്.

1. സമാധാനസന്ദേശ യാത്ര (കാസർകോട് മുതൽ കന്യാകുമാരി വരെ സമാധാനസന്ദേശയാത്ര - K2K)
2. സമാധാനദീപം തെളിക്കൽ (Lighting Peace Lamp)
3. സമാധാനപദയാത്ര (Peace Walk, July 7, 2019)
4. അന്തർദേശീയ സമാധാനസമ്മേളനം (International Peace Conference)
5. രൂപതാതല സമാധാനസമ്മേളനങ്ങൾ (Peace Conference in 32 Dioceses)

ഇതിൽ ഏതാനും പരിപാടികൾ നടത്തപ്പെട്ടു കഴിഞ്ഞു. കാസർഗോട് മുതൽ കന്യാകുമാരി വരെ കേരളത്തിലെ 32 രൂപതകളിലും തമിഴ്നാട്ടിലെ നാല് രൂപതകളിലുമായി കെ.സി.

വൈ.എമിന്റെ നേതൃത്വത്തിലുള്ള സമാധാന സന്ദേശ യാത്ര (K2K) കടന്നുപോയപ്പോൾ, സമൂഹത്തിൽ ശാന്തിയുടെയും സൗഹൃദത്തിന്റെയും വലിയ സന്ദേശമാണ് പരന്നത്. ഈ സന്ദേശയാത്രയ്ക്ക് അഭിവന്ദ്യപിതാക്കന്മാരും വൈദികരും സന്ന്യസ്തരും വിശ്വാസികളും പൊതുസമൂഹവും നല്കിയ ആവേശോജ്ജ്വലമായ സ്വീകരണങ്ങൾ യുവജനങ്ങൾക്ക് വലിയ പ്രത്യാശയും ആവേശവും പകർന്നു. അഭിവന്ദ്യപിതാക്കന്മാരോടും ഈ സന്ദേശയാത്രയെ വരവേറ്റ് അനുഗമിച്ച എല്ലാവരോടും നന്ദി രേഖപ്പെടുത്തുന്നു. യാത്രയിൽ പങ്കെടുത്ത എല്ലാ കെ.സി.വൈ.എം. പ്രവർത്തകരെയും അനുമോദിക്കുന്നു.

ഈ വർഷം യുവജനങ്ങൾ ഏറ്റെടുക്കുന്ന മറ്റ് പരിപാടികൾ ഇവയാണ്: 1) ഉന്നതവിദ്യാഭ്യാസവും തൊഴിലിനുവേണ്ടിയുള്ള പരിശീലനവും (Higher Education and Placement Cell); 2) ഹരിതകേരളം പദ്ധതിയോട് ചേർത്ത് നടപ്പാക്കുന്ന പരിപാടികൾ (Green Protocol in 10 Cathedral Campuses); 3) മീഡിയയുടെയും സാങ്കേതിക വിദ്യയുടെയും സുവിശേഷവത്കരണം (Evangelizing Media, Technology and Cell Phone Campaign); 4) ബൈബിൾ, പാരമ്പര്യം, സഭാ പ്രബോധനങ്ങൾ എന്നീ വിഷയങ്ങളിൽ ബോധവത്കരണ പരിപാടികളും പഠനക്ലാസ്സുകളും.

നാം ജീവിക്കുന്ന ഈ സമൂഹത്തിലും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലും നടന്നുകൊണ്ടിരിക്കുന്ന അക്രമത്തിനും തിന്മയ്ക്കും എതിരേ ഫലപ്രദമായി പ്രവർത്തിക്കുവാൻ യുവജനങ്ങളോട് ചേർന്ന് നില്ക്കുവാനും അവരെ പ്രോത്സാഹിപ്പിക്കാനും സഹായസഹകരണങ്ങൾ നൽകുവാനുമുള്ള ആഹ്വാനമാണ് യുവജനദിനം നമുക്ക് നല്കുന്നത്. യുവജന കമ്മീഷന്റെ ആഭിമുഖ്യത്തിൽ കെ.സി.വൈ.എമും മറ്റു യുവജനസംഘടനകളും കേരളസഭയ്ക്കു നല്കുന്ന എല്ലാ ശുശ്രൂഷകളെയും ഓർത്ത് യുവജനങ്ങൾക്ക് നന്ദി പറയുന്നു.

എല്ലാ യുവജനങ്ങൾക്കും ഈ ദിനത്തിന്റെ ആശംസകൾ! ദൈവം നമ്മെ അനുഗ്രഹിക്കട്ടെ!

**ഡോ. ജോസഫ് മാർ തോമസ്**
(ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)

**ഡോ. മാർ ജോർജ് മഠത്തിക്കണ്ടത്തിൽ**
(വൈസ് ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)

**റൈറ്റ് റവ. ഡോ. ക്രിസ്തുദാസ്**
(വൈസ് ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം,
പി.ഒ.സി., കൊച്ചി - 682 025

---

**N.B.** 2019 ജൂലൈ 7-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

സർക്കുലർ 251

# കുട്ടികളും മയക്കുമരുന്നുപയോഗവും

മിശിഹായിൽ പ്രിയപ്പെട്ടവരെ,

പുതിയ അധ്യയനവർഷം ആരംഭിച്ചുകഴിഞ്ഞിരിക്കുന്ന അവസരത്തിൽ മാതാപിതാക്കളേയും കുട്ടികളേയും അധ്യാപകരേയും ഒരുകാര്യം പ്രത്യേകം ഓർമ്മിപ്പിക്കാൻ ആഗ്ര ഹിക്കുന്നു. സമീപകാലവാർത്താ മാധ്യമങ്ങളിലെല്ലാം മദ്യത്തി ന്റെയും മയക്കുമരുന്നിന്റെയും ഉപയോഗം, വിതരണം മുതലായ കാര്യങ്ങളെപ്പറ്റി ഞെട്ടിപ്പിക്കുന്ന വാർത്തകളാണല്ലോ വന്നുകൊ ണ്ടിരിക്കുന്നത്. ഇതൊന്നും എന്റെ പ്രശ്നമല്ല എന്റെ മക്കൾ അങ്ങനെയൊന്നും ആകുകയില്ല എന്ന ധൈര്യത്തിലാണ് പല മാതാപിതാക്കളും. എന്നാൽ ഏതു നിമിഷവും കുട്ടികൾ ലഹ രിക്കും മയക്കുമരുന്നുകൾക്കും അടിമകളാകാനുള്ള സാദ്ധ്യ തയുണ്ട് എന്ന തിരിച്ചറിവ് മാതാപിതാക്കൾക്കും അധ്യാപ കർക്കും ഉണ്ടാകണം. ഇടത്തും വലത്തും മുമ്പിലും പിന്നിലും നിൽക്കുന്ന വ്യക്തി മയക്കുമരുന്ന് വാഹകനാണ് എന്ന സങ്കല്പം നമ്മുടെ കുട്ടികൾക്ക് ഉണ്ടായെങ്കിൽ മാത്രമേ ഈ മാരകവിപത്തിൽ നിന്നും രക്ഷപ്പെടാൻ സാധിക്കൂ എന്ന ബോദ്ധ്യം മാതാപിതാക്കളും അധ്യാപകരും കുട്ടികൾക്ക് കൊടു ക്കണം. കുട്ടികൾ വീട്ടിൽനിന്നും പോകുന്ന സമയം, തിരിച്ചുവരുന്ന സമയം, അവരുടെ സുഹൃത്തുക്കൾ എന്നീ കാര്യങ്ങളിലെല്ലാം മാതാപിതാക്കന്മാർക്ക് ശ്രദ്ധവേണം. കുട്ടി കളെ വിശ്വാസത്തിലെടുക്കുന്നതോടൊപ്പം അവരുടെ ഓരോ നീക്കത്തിലും മാതാപിതാക്കൾ ശ്രദ്ധാലുക്കളാകണം. 2019 ജൂൺ മാസത്തിൽ കാരുണികൻ മാസികയിൽ പ്രസിദ്ധീകരിച്ച കുട്ടികളുടെ ഇടയിലുള്ള ലഹരി ഉപയോഗത്തിന്റെയും മറ്റും ചില കണക്കുകൾ നമ്മെ ഭയപ്പെടുത്തുന്നതാണ്.

1. രാജ്യത്ത് 9000 കുട്ടികൾ പ്രതിവർഷം ജീവനൊടുക്കുന്നു.
2. 64000 കുട്ടികൾ നിസ്സാരകാര്യങ്ങളിൽ ഒരുവർഷം വീടുവിട്ടിറങ്ങുന്നു.
3. 2018 ൽ ലഹരിമരുന്നു കടത്തുമായി ബന്ധപ്പെട്ട് 50000 പേർ കേരളത്തിൽ മാത്രമായി പോലീസ് പിടിയിലായി.

**യുവജനങ്ങളിൽ ലഹരി ഉപയോഗം വർദ്ധിക്കാനുള്ള ഏതാനും ചില കാര്യങ്ങൾ**

1. **മാതാപിതാക്കളുടെ നിസംഗത**

   ഞങ്ങൾ ഏറെ കഷ്ടപ്പെട്ടു; മക്കൾ ആ കഷ്ടപ്പാട് അനുഭവിക്കരുത് എന്ന മനോഭാവമാണ് പൊതുവേ മാതാപിതാക്കൾക്കുള്ളത്. അതുകൊണ്ട് മക്കൾ ആവശ്യപ്പെടുന്നത് എന്തും സാധിച്ചുകൊടുക്കുന്നു. തുടക്കത്തിൽ മക്കളിൽ നിന്നു ചെറിയ വീഴ്ചകൾ വരുമ്പോൾ മാതാപിതാക്കൾ കണ്ണടയ്ക്കുന്നു. ഇത് കൂടുതൽ വീഴ്ചകളിലേക്ക് പോകാൻ കാരണമാകുന്നു. ഇത്തരം നിസംഗതാമനോഭാവം കുട്ടികളെ മദ്യത്തിലേക്കും മയക്കുമരുന്നുകളിലേക്കും മോശമായ കൂട്ടുകെട്ടുകളിലേയ്ക്കും നയിക്കുന്നു.
2. മൂല്യബോധം നഷ്ടപ്പെട്ട ആധുനിക തലമുറ.
3. ദുർച്ചെലവുകൾക്കുള്ള പണത്തിന്റെ ലഭ്യത.
4. അന്യസംസ്ഥാന തൊഴിലാളികളുടെ സാന്നിധ്യം വഴിയുള്ള ലഹരി കൈമാറ്റം.
5. പഠനത്തിനും ജോലിക്കുമായി അന്യസംസ്ഥാനങ്ങളിലേക്കുണ്ടായ പ്രവാഹംവഴി മാതാപിതാക്കളുടെ സംരക്ഷണത്തിൽ നിന്നുള്ള വിടുതൽ.
6. വിദ്യാഭ്യാസ നയത്തിൽ വന്നമാറ്റം
7. ശിഥിലമാകുന്ന കുടുംബബന്ധങ്ങൾ; കുടുംബപ്രാർത്ഥനയുടെ കുറവ്.

8. ഗവൺമെന്റ് നയങ്ങളും മദ്യലഭ്യതയും; റോൾമോഡലുകളുടെ അഭാവവും.

**എന്താണ് പ്രതിവിധി?**

1. ലഹരിക്ക് എതിരേയുള്ള ബോധവത്ക്കരണ പ്രവർത്തനങ്ങൾ ശക്തമാക്കുക.
2. സ്കൂൾ, കോളേജ് തലത്തിൽ ബോധവത്ക്കരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കണം.
3. വീടുകളും വിദ്യാലയങ്ങളും സ്നേഹവാത്സല്യങ്ങളുടെയും പരിഗണനയുടെയും ഇടമാകണം.
4. അക്രമവാർത്തകളും ഭയപ്പെടുത്തുന്ന സംഭവങ്ങളും കുട്ടികളുടെ ഇളംമനസ്സുകളിൽ ഭീതി നിറയ്ക്കുവാൻ ഇടവരാത്തവിധം മാതാപിതാക്കൾ ശ്രദ്ധിക്കണം.
5. അദ്ധ്യാപകരുടെയും മാതാപിതാക്കളുടെയും കുട്ടികളുടെയും നേതൃത്വത്തിൽ എല്ലാ സ്കൂളുകളിലും വിജിലൻസ് സെല്ലുകൾ രൂപപ്പെടുത്തണം.
6. ലഹരിവിരുദ്ധ പ്രവർത്തനങ്ങളിൽ സജീവമായി പ്രവർത്തിക്കുന്ന അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും പ്രത്യേക അവാർഡുകളും അംഗീകാരവും കൊടുക്കണം.
7. എല്ലാ സ്കൂളുകളിലും കുട്ടികൾക്ക് കൗൺസിലിംങ്ങ് സൗകര്യം ഒരുക്കുന്നതിന് പ്രഥമാധ്യാപകർ പ്രത്യേക ശ്രദ്ധ നൽകണം.
8. ലഹരിവിരുദ്ധദിനം സ്കൂളുകളിൽ ആചരിക്കുകയും ലഹരിയുടെ ദൂഷ്യങ്ങൾ ചിത്രീകരിക്കുന്ന ദൃശ്യശ്രാവ്യമാധ്യമങ്ങൾ നല്ല കലാപരിപാടികൾ കുട്ടികളെക്കൊണ്ട് നടത്തിക്കുക.
9. സ്കൂൾ പരിസരത്തും നാല്കവലകളിലും ബസ്സ്റ്റാന്റ്ഡിലുമൊക്കെ ലഹരിക്കെതിരെയുള്ള പരസ്യബോർഡുകൾ സ്ഥാപിക്കുക.

10. കുട്ടികളുടെ ഇടയിൽ വർദ്ധിച്ചു വരുന്ന സാങ്കേതിക സമ്പർക്ക മാധ്യമങ്ങളുടെ സ്ഥാനത്ത് മനുഷ്യസമ്പർക്കത്തിനുള്ള കുടുംബസദസ്സുകൾ സന്ധ്യാസമയങ്ങളിലെങ്കിലും നമ്മുടെ ഭവനങ്ങളിൽ കൂടുതലാകണം.

**ഇടവകതലത്തിൽ ചെയ്യേണ്ട കാര്യങ്ങൾ**

1. ലഹരിവിരുദ്ധബോധവത്ക്കരണ സെമിനാറുകൾ സംഘടിപ്പിക്കുക. പ്രത്യേകിച്ച് യുവജനങ്ങൾക്കും കുട്ടികൾക്കും.
2. കുടുംബ കൂട്ടായ്മകളിൽ ഈ വിഷയം മുഖ്യചർച്ചാവിഷയമാക്കുക.
3. കെ.സി.ബി.സി. യുടെ മദ്യവിരുദ്ധസമിതിയുടെ യൂണിറ്റുകൾ എല്ലാ ഇടവകകളിലും ആരംഭിക്കുകയും ലഹരിക്കെതിരേ ജാഗ്രതാ സെല്ലുകൾ രൂപീകരിക്കുകയും ചെയ്യുക.
4. ലഹരിവിരുദ്ധ ടീമിന്റെ നേതൃത്വത്തിൽ ധ്യാനങ്ങൾ നടത്തുക.
5. ചികിത്സ ആവശ്യമുള്ളവരെ കേന്ദ്രഗവൺമെന്റ് അംഗീകാരത്തോടെ പാലാ രൂപത നടത്തുന്ന അഡാർട്ടിൽ എത്തിക്കുക.
6. ഇടവകതലത്തിൽ ലഹരിവിരുദ്ധദിനം ആചരിക്കുക.
7. എ.എ ഗ്രൂപ്പുകൾ (ലഹരിവിമുക്തരായവരുടെ കൂട്ടായ്മ) ഇടവകതലത്തിൽ ആരംഭിക്കുക.
8. മദ്യമയക്കുമരുന്ന് അടിമകളാകുന്നവരെ സമീപിച്ച് ചികിത്സാകേന്ദ്രങ്ങളിലെത്തിക്കുവാൻ സാധിക്കുന്നവിധം വ്യക്തികളും സംഘടനകളും ഉണർന്ന് പ്രവർത്തിക്കണം.
9. വിശ്വാസപരിശീലന ക്ലാസ്സുകളിലുടെയുള്ള ബോധവൽക്കരണം.

ഗവൺമെന്റും, നീതിന്യായകോടതിയും, ഭരണകർത്താക്കളും, നിയമപാലകരും, മത, സാംസ്കാരിക രാഷ്ട്രീയ നേതൃത്വവും യുദ്ധകാലാടിസ്ഥാനത്തിൽ

ഉണർന്ന് പ്രവർത്തിക്കുന്നില്ലെങ്കിൽ വരുംതലമുറ ലഹരിയിൽ മയങ്ങും. അതിന്റെ ഫലം: –

1. സമ്പന്നർ ദരിദ്രരാകും
2. ആരോഗ്യവാൻ അനാരോഗ്യവാനാകും
3. നീതിമാൻ അനീതിക്കാരനാകും
4. സത്യസന്ധതയുള്ളവൻ അസത്യക്കാരനാകും
5. ധാർമ്മികതയുള്ളവൻ അധാർമ്മികനാകും
6. വിശ്വാസി അവിശ്വാസിയാകും

മദ്യം വീടുകളിൽ സൂക്ഷിക്കുന്നതിനുപോലും നിയന്ത്രണമില്ലാത്ത ഒരു സംസ്ഥാനത്ത് ലഹരിവസ്തുക്കളുടെ എല്ലാവിധ ഉപഭോഗവും നമ്മുടെ വളരുന്ന തലമുറയുടെ ഭാവിക്ക് വൻഭീഷണിയായിരിക്കുന്നു. കുടുംബത്തിലെ ഒരംഗവും മദ്യമയക്കുമരുന്നുകളിലേക്ക് തിരിയാതിരിക്കുവാനുള്ള കരുതലുകൾ വളർത്തേണ്ട കാലമായിരിക്കുന്നു. ഇവയുടെ ഉപയോഗംവഴി കുടുംബവും സമൂഹവും നാശത്തിന്റെ വഴിയിലാണ് ഇന്ന് സഞ്ചരിക്കുന്നത്. മദ്യപാനി രോഗിയാണ് – പല മദ്യങ്ങളിലും ശാരീരിക അവയവങ്ങളെ നശിപ്പിക്കാനുള്ള വിഷമാണ് ചേർത്തിരിക്കുന്നത്. വിദ്യാസമ്പന്നർ ഉൾപ്പെടെ അനേകരുടെ അനവസരത്തിലുള്ള മരണങ്ങൾക്ക് മുമ്പിൽ നമ്മുടെ സമൂഹം പകച്ചുനിൽക്കുന്നു. മദ്യപാനി ദ്രോഹിയാണ് – മദ്യം ഉള്ളിൽ ചെല്ലുന്നതോടെ മനുഷ്യത്വം നഷ്ടപ്പെട്ട് മൃഗതുല്യമാകുന്ന അനുഭവങ്ങൾ നമ്മുടെ കൺമുമ്പിലുണ്ട്. മദ്യപാനി പാപിയാണ്. ഒരുവനെ മദ്യത്തിലേക്ക് നയിക്കുന്നത് സ്വാർത്ഥത എന്ന തിന്മയാണ്. തനിക്കു മാത്രമുള്ള സുഖമാണ് ഒരു മദ്യപനുള്ളത്. അതിലൂടെ സകലവിധ തിന്മകളും ആ വ്യക്തിയിലേക്ക് കടന്നു ചെല്ലുന്നു. പാപത്തിന് അടിമയാകുന്നു. മദ്യപാനം കുടുംബത്തെ സാമ്പത്തിക ദുസ്ഥിതിയിലേക്ക് നയിക്കുന്നു. അനേകം നല്ല ക്രിസ്തീയ കുടുംബങ്ങൾ തകർച്ചയിലേക്ക് നീങ്ങിയത് മദ്യത്തിനും മയക്കുമരുന്നിനും ചെലവിട്ട

പണനഷ്ടം വഴിയാണ്. മദ്യപരുടെ ചികിത്സയ്ക്കു വൻതുക ചെലവഴിക്കേണ്ടിവരുന്നു. ഇത്തരമൊരു വ്യവസ്ഥിതിയല്ല നമ്മുടെ ക്രിസ്തീയ ഭവനങ്ങളിൽ ഉണ്ടാകേണ്ടത്. അറിവിന്റെ കുറവു കൊണ്ടല്ല വീഴ്ചകളുണ്ടാകുന്നത്. അനുഭവത്തിന്റെ അഭാവം കൊണ്ടല്ല അബദ്ധങ്ങൾ സംഭവിക്കുന്നത്. കൃപയുടെ കുറവാണ് തിന്മയുടെ അടിസ്ഥാനം. പ്രാർത്ഥനയും ത്യാഗങ്ങളും കൂടുതലായി നമ്മുടെ ഭവനങ്ങളിൽ വളർന്നാൽ ദൈവകൃപ വർദ്ധിക്കും. നമ്മുടെ ഭവനങ്ങൾ ദൈവകൃപയുടെ കൂടാരങ്ങളായി മാറട്ടെ.

മിശിഹായിൽ സ്നേഹപൂർവ്വം,

+ Jos Kallarangatt

മെത്രാസനമന്ദിരം
പാലാ, 25.06.2019

**ബിഷപ്പ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാ മെത്രാൻ

---

NB: ഈ സർക്കുലർ 2019 ജൂലൈ 14-ാംതീയതി ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും പരിശുദ്ധ കുർബാന അർപ്പണമുള്ള മഠങ്ങളിലും സ്ഥാപനങ്ങളിലും കുർബാന മധ്യേ വായിക്കേണ്ടതാണ്.

ഇടയലേഖനം

# സഭാദിനം - ജൂലൈ 3, 2019

സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ് കർദ്ദിനാൾ ജോർജ് ആലഞ്ചേരി തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്. കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ!

ഈശോമിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

നമ്മുടെ പിതാവായ മാർതോമാശ്ലീഹായുടെ ദുക്റാന തിരുനാൾ ദിവസമായ ജൂലൈ 3 ആണല്ലോ പതിവനുസരിച്ച് സീറോമലബാർ സഭാദിനമായി ആചരിച്ചു വരുന്നത്. തോമാശ്ലീഹായുടെ സുവിശേഷ പ്രഘോഷണത്തിലൂടെ വിശ്വാസം സ്വീകരിച്ച പൂർവ്വികന്മാർ നമുക്ക് കൈമാറിത്തന്ന വിശ്വാസത്തിന്റെ വെളിച്ചം കൂടുതൽ പ്രകാശിപ്പിക്കാൻ കടപ്പെട്ടവരാണ് നാമെല്ലാവരുമെന്ന് ദുക്റാന തിരുനാൾ ഓർമ്മപ്പെടുത്തുന്നു. നമ്മുടെ എല്ലാ രൂപതകളിലും ഇടവകകളിലും സ്ഥാപനങ്ങളിലും സഭാദിനം ആഘോഷിക്കുമ്പോൾ, കാലഘട്ടത്തിന്റെ പ്രത്യേകതകളിൽ ഈശോമിശിഹായുടെ സുവിശേഷം ഫലപ്രദമായി പ്രഘോഷിക്കാനുള്ള കൃപയ്ക്കുവേണ്ടി നമുക്ക് പ്രാർത്ഥിക്കാം.

ഗാഗുൽത്തായിൽ രക്തം ചിന്തിയവനിലുള്ള വിശ്വാസത്താൽ പ്രേരിതനായി മൈലാപ്പൂരിൽ തോമാശ്ലീഹ സ്വന്തം രക്തം ചിന്തി മരണം കൈവരിച്ചതുമുതലാണ് നമ്മുടെ സഭ വളർന്നു തുടങ്ങിയത്. തോമാശ്ലീഹായുടെ സുവിശേഷ പ്രഘോഷണത്തിലൂടെ രൂപീകൃതമായ വിവിധ സഭകളുടെ ഇടയിൽ നമ്മുടെ സഭ പ്രേഷിതപ്രവർത്തനങ്ങളിൽ മുൻപന്തിയിൽ നിൽക്കുന്നു. ഇക്കാരണത്താൽ, നമ്മുടെ പിതാവിനെപ്പോലെ ധീരതയോടെ സുവിശേഷത്തിനു സാക്ഷ്യം വഹിക്കാനുള്ള ദൗത്യം നമുക്കുണ്ട്. "അവനോടൊപ്പം മരിക്കാൻ നമുക്കും പോകാം" (യോഹ. 11:16)

എന്ന അപ്പസ്തോലന്റെ വാക്കുകൾ ഈശോയുമായുള്ള ആഴമായ സൗഹൃദത്തിൽനിന്ന് ശക്തി പ്രാപിച്ചവയായിരുന്നു. ഈശോയെ കൂടുതൽ അറിയാനും കുടുതൽ സ്നേഹിക്കാനും ആഗ്രഹിച്ച ശ്ലീഹായുടെ ആത്മാർത്ഥത നിറഞ്ഞു നില്ക്കുന്ന സമീപനം സുവിശേഷത്തിൽ കാണുന്നുണ്ട്. "കർത്താവേ, നീ എവിടേയ്ക്കു പോകുന്നുവെന്ന് ഞങ്ങൾക്കറിഞ്ഞുകുടാ, പിന്നെ വഴി ഞങ്ങൾ എങ്ങനെയറിയും?" (യോഹ. 14:5) എന്ന ചോദ്യവും ഈശോ മിശിഹായെ ഏറ്റവും അടുത്തനുഗമിക്കാനുള്ള അദ്ദേഹത്തിന്റെ ആഗ്രഹത്തെയാണ് പ്രകടമാക്കുന്നത്. താൻ സ്ഥലത്തില്ലാതിരുന്നപ്പോൾ മറ്റുള്ളവർക്കു നൽകപ്പെട്ട ഉത്ഥിതന്റെ ദർശനം തനിക്കും ലഭിക്കണമെന്ന തീവ്രമായ ആഗ്രഹവും അവന്റെ കൈകളിൽ ആണികളുടെ പഴുതുകൾ ഞാൻ കാണുകയും അവയിൽ എന്റെ വിരൽ ഇടുകയും അവന്റെ പാർശ്വത്തിൽ എന്റെ കൈവയ്ക്കുകയും ചെയ്തല്ലാതെ ഞാൻ വിശ്വസിക്കുകയില്ല (യോഹ. 20:25) എന്ന ശാഠ്യവും തോമാശ്ലീഹായുടെ വിശ്വാസത്തിന്റെ വലിയ ഏറ്റുപറച്ചിലായിരുന്നു. ഇപ്രകാരം, ഈശോമിശിഹായോടുള്ള വ്യക്തിപരമായ സ്നേഹവും അടുപ്പവും ഹൃദയത്തിൽ സൂക്ഷിച്ച തോമാശ്ലീഹാ, തന്റെ ഗുരുവിൽ ഉത്ഥിതന്റെ അടയാളങ്ങൾ കണ്ടപ്പോൾ നടത്തിയ "എന്റെ കർത്താവേ എന്റെ ദൈവമേ" എന്ന വിശ്വാസ പ്രഖ്യാപനം, അദ്ദേഹത്തിന്റെ സ്നേഹവും തീക്ഷ്ണതയും പ്രകടിപ്പിക്കുന്നതായിരുന്നു.

തന്റെ ഗുരുവിനോടുള്ള സ്നേഹവും അടുപ്പവും പരസ്യജീവിതകാലത്തെ സാധാരണ അനുവഭങ്ങളുടെ പരിമിതികൾ കടന്ന് ഉത്ഥാനാനുഭവത്തിലെത്തിയപ്പോഴാണ് തോമാശ്ലീഹായിലെ പ്രേഷിതൻ രൂപപ്പെടുന്നത്. പലസ്തീനായിൽനിന്ന് കൊടുങ്ങല്ലൂർ വഴി, വിവിധ സ്ഥലങ്ങൾ കടന്ന് മൈലാപ്പൂരിൽ അവസാനിച്ച തോമാശ്ലീഹായുടെ പ്രേഷിത യാത്ര ആധുനിക സമൂഹത്തിന്റെ വിശാല വഴികളിലൂടെ തുടരാൻ വിളിക്കപ്പെട്ടവരാണ്, സഭാമക്കളായ നമ്മൾ എല്ലാവരും. നമ്മുടെ സഭയും തോമാശ്ലീഹായിൽനിന്ന് വിശ്വാസം സ്വീകരിച്ച ഇതരസഭകളും ഈ ദൗത്യം തുടരുന്നുണ്ട്. തോമാശ്ലീഹായുടെ വിശ്വാസ തീക്ഷ്ണതയും അദ്ദേഹം ജീവിച്ച കാലഘട്ടത്തിന്റെ വെല്ലുവിളികളും അതിന്റെ ഫലമായ

രക്തസാക്ഷിത്വവും നമ്മുടെ സുവിശേഷപ്രചരണ സംരംഭങ്ങളിൽ കാലാനുസൃതമായി പ്രതിഫലിക്കണം.

സഭാദിനാചരണത്തിന്റെ പശ്ചാത്തലത്തിൽ, സീറോ മലബാർ സഭയുടെ പ്രേഷിത പ്രവർത്തനങ്ങളെയും അവ ലോകത്തിനു നല്കിയ നിരവധി ഫലങ്ങളെയും ഓർത്ത് നന്ദി പറയാം. ലോകമെമ്പാടും ഇന്ന് സീറോമലബാർ സഭയുടെ മക്കൾ സജീവസാക്ഷ്യം നല്കി ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നു എന്നത് സന്തോഷകരമായ യാഥാർത്ഥ്യമാണ്. നമ്മുടെ സഭയിൽനിന്നുള്ള മെത്രാന്മാരും വൈദികരും സമർപ്പിതരും മറ്റ് വ്യക്തി സഭകളിൽ ഫലപ്രദമായ അജപാലന-പ്രേഷിത ശുശ്രൂഷകൾ ചെയ്യുന്നതും അഭിമാനാർഹമായ കാര്യമാണ്. മാർതോമ്മാ ശ്ലീഹാ തെളിയിച്ചുതന്ന വിശ്വാസദീപം ലോകമാസകലം പ്രകാശിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ തീക്ഷ്ണതയോടെ നമുക്കു തുടരാം. ഭാരതം മുഴുവനിലും പ്രേഷിതപ്രവർത്തനം നടത്തുവാനുള്ള അവസരം ലഭിച്ച നമ്മുടെ സഭ പ്രേഷിത ചൈതന്യത്തിൽ കൂടുതൽ വളരേണ്ടതുണ്ട്. ഗൾഫ്, സിംഗപ്പൂർ, ആഫ്രിക്കയിലെ ചില രാജ്യങ്ങൾ എന്നിവിടങ്ങളിലെ നമ്മുടെ വിശ്വാസികൾക്കും കൂടി നമ്മുടെ സഭയുടെ തനതായ അജപാലന സൗകര്യങ്ങൾ അവയുടെ പൂർണ്ണതയിൽ ലഭിക്കുന്നതിനുവേണ്ടി എല്ലാവരും പ്രാർത്ഥിക്കണം.

ഏതൊരു പ്രേഷിതപ്രവർത്തനവും ആത്മാർത്ഥതയോടെ ഏറ്റെടുക്കുകയും പ്രതിബദ്ധതയോടെ തുടരുകയും ചെയ്യണമെങ്കിൽ അയച്ചവനോടുള്ള ബന്ധവും വിശ്വസ്തതയും സജീവമായി നിലനിർത്തണം. ആധുനിക സമൂഹത്തിന്റെ പ്രായോഗിക സംസ്കാരത്തിൽ, ചില തത്വചിന്തകളും ദൈവശാസ്ത്ര സമീപനങ്ങളും ഈ വിശ്വസ്തതയ്ക്ക് എതിരായി നിൽക്കുന്നുണ്ട്. ഈശോയുടെ രക്ഷാകര ദൗത്യം തങ്ങളോടുതന്നെയും വിശ്വാസസമൂഹത്തോടും പൊതുസമൂഹത്തോടും ഫലപ്രദമായി പ്രഘോഷിക്കാൻ എല്ലാ സഭാംഗങ്ങൾക്കും സാധിക്കണം.

വർത്തമാനകാലത്തിൽ സഭയുടെ പ്രേഷിത സ്വഭാവത്തെയും ദൗത്യത്തെയും ലോകത്തിനു മുൻപിൽ അവതരിപ്പിക്കുന്നതിൽ ഫ്രാൻസിസ് മാർപാപ്പ എപ്പോഴും ശ്രദ്ധാലുവാണ്.

യുവജനങ്ങൾക്കുവേണ്ടി റോമിൽ നടന്ന പ്രത്യേക സിനഡിനു ശേഷം പുറത്തിറക്കിയ ക്രിസ്തു ജീവിക്കുന്നു (*Christus vivit*) എന്ന അപ്പസ്തോലിക പ്രബോധനം മാർപാപ്പയുടെ ലോക ത്തോടുള്ള ശക്തമായ സുവിശേഷ പ്രഘോഷണമാണ്. ഈ അപ്പസ്തോലിക പ്രബോധനത്തിൽ ഏതൊരു ക്രൈസ്തവനും വിശ്വസിക്കേണ്ടതും ജീവിക്കേണ്ടതും പ്രഘോഷിക്കേണ്ടതുമായ മൂന്ന് സത്യങ്ങളെ അവതരിപ്പിക്കുന്നുണ്ട്. ദൈവം നിന്നെ സ്നേഹിക്കുന്നു, ക്രിസ്തുവാണ് രക്ഷകൻ, ക്രിസ്തു ജീവിക്കുന്നു എന്നിവയാണ് മാർപാപ്പ ലോകത്തോട് പ്രഘോഷിക്കുന്ന സുവിശേഷ സത്യങ്ങൾ. ഉപഭോഗ മരണസംസ്കാരങ്ങൾ ആധുനിക മനുഷ്യന്റെ നിഷേധാത്മകതയെ വളർത്തി സുവിശേഷമൂല്യങ്ങളിൽനിന്നും സഭയിൽനിന്നും അകറ്റുമ്പോൾ രക്ഷകനായ ക്രിസ്തു ഇന്നും ജീവിക്കുന്നവനാണെന്നു പ്രഘോഷിക്കുന്നതാണല്ലോ വിമോചനത്തിന്റെ സുവിശേഷം. എല്ലാ പ്രേഷിതപ്രവർത്തനങ്ങളും അടിസ്ഥാനമിടേണ്ടതും അർത്ഥം കണ്ടെത്തേണ്ടതും ഈ സത്യത്തിൽ നിന്നാണ്. ഈ കാലഘട്ട ത്തിലും നമ്മൾ പ്രഘോഷിക്കേണ്ടതും ജീവിക്കേണ്ടതും പ്രാവർത്തികമാക്കേണ്ടതുമായ സത്യവും ഇതുമാത്രമാണ്.

ദൈവം നല്കിയ അനുഗ്രഹങ്ങൾക്കിടയിലും ഇനിയും ആത്മപരിശോധനയ്ക്ക് വിഷയമാക്കേണ്ട കാര്യങ്ങൾ നമ്മുടെ മുൻപിലുണ്ട്. സഭയുടെ എല്ലാ പ്രവർത്തനങ്ങളിലും ഇടപെടലു കളിലും സുവിശേഷത്തിന്റെ കലർപ്പില്ലാത്ത സന്ദേശം പകർന്നു കൊടുക്കുവാൻ നമുക്കു കഴിയണം. ആദിമസഭയിലുണ്ടായിരുന്ന പങ്കുവയ്ക്കൽ മനോഭാവം വിവിധ സഭാസംവിധാനങ്ങളിലും സ്ഥാപനങ്ങളുടെ നടത്തിപ്പിലും വിഭവങ്ങൾ കൈകാര്യം ചെയ്യുന്നതിലും നയരൂപീകരണത്തിലും കൂടുതൽ പ്രകടമാ കേണ്ടതുണ്ട്. ചരിത്രത്തിലൂടെ ദീർഘയാത്ര തുടരുന്ന ഇന്നത്തെ സഭ, ആദിമസഭയുടെ ജാഗ്രതയും തീക്ഷ്ണതയും കൈമോശം വരാതെ കാത്തുസൂക്ഷിക്കണം. മണവാളൻ എപ്പോൾ വരുമെന്ന് നിശ്ചയമില്ലാത്തതിനാൽ, വിളക്കണയാതിരിക്കാൻ എണ്ണ കരുതി സ്വീകരിക്കാൻ കാത്തിരിക്കുന്ന കന്യകമാരുടെ ജാഗ്രത സഭയുടെ എല്ലാ മേഖലകളിലും ഉറപ്പുവരുത്തുവാൻ കൂട്ടായ്മയോടെ

പ്രവർത്തിക്കേണ്ടതുണ്ട്. ദൈവം ഈ ലോകം മുഴുവനെയും സ്നേഹിക്കുന്നുവെന്നും ദൈവപുത്രനായ ഈശോമിശിഹായാണ് നമ്മുടെ രക്ഷകനെന്നും ഈ രക്ഷകൻ ഇന്നും ജീവിക്കുന്നുവെന്നും ഫലപ്രദമായി പ്രഘോഷിക്കുവാൻ നമുക്ക് സാധിക്കണം.

ഈ പ്രഘോഷണത്തിലും സാക്ഷ്യത്തിലും നമുക്കു വന്നുപോയ പോരായ്മകളെ എളിമയോടെ അംഗീകരിക്കാം. തെറ്റിദ്ധാരണകളെയും വിമർശനങ്ങളെയും എതിർപ്പുകളെയും ഈശോയുടെ ശൈലിയിൽ സ്വീകരിക്കാൻ സാധിക്കണം. നാമെല്ലാവരും വിശുദ്ധിയിലേയ്ക്ക് വളരാൻ വിളിക്കപ്പെട്ടവരാണെന്ന സത്യം 'ആനന്ദിച്ച് ആഹ്ളാദിക്കുവിൻ' എന്ന തന്റെ ചാക്രിക ലേഖനത്തിൽ ഫ്രാൻസിസ് മാർപാപ്പ ഓർമ്മിപ്പിക്കുന്നുണ്ട്. വിശുദ്ധിയെന്നത് നമ്മുടെ ദുർബലതയും ദൈവിക കൃപയുടെ ശക്തിയും തമ്മിലുള്ള കണ്ടുമുട്ടലാണ്. നമ്മുടെ പരിമിതികളിൽ നിന്നും കുടുതൽ ഉയരത്തിലേയ്ക്കു നോക്കാൻ വേണ്ടി, ദൈവത്താൽ സ്നേഹിക്കപ്പെടാനും, വിമോചിതരാകാനും വിട്ടുകൊടുക്കുന്നതിൽ നമുക്ക് ഭയപ്പെടാതിരിക്കാം (ആനന്ദിച്ച് ആഹ്ലാദിക്കുവിൻ, നമ്പർ 34). എല്ലാ ക്ലേശങ്ങൾക്കുമിടയിൽ ആനന്ദം നല്കുന്ന രക്ഷയുടെ പ്രത്യാശ നമുക്ക് മുറുകെപിടിക്കാം.

നമ്മുടെ സഭാദിനാചരണവേളയിൽ നിങ്ങൾക്കെഴുതുമ്പോൾ സുപ്രധാനമായ ചില വാർത്തകൾ കൂടി പങ്കുവയ്ക്കുവാൻ ആഗ്രഹിക്കുന്നു. തിരുകുടുംബ സന്യാസിനി സമൂഹത്തിന്റെ സ്ഥാപകയും നമ്മുടെ സഭാംഗവുമായ വാഴ്ത്തപ്പെട്ട മറിയം ത്രേസ്യ അടുത്ത ഒക്ടോബർ മാസത്തിൽ വിശുദ്ധ പദവിയിലേയ്ക്കുയർത്തപ്പെടുമെന്ന് നമുക്ക് അറിവു ലഭിച്ചിട്ടുണ്ട്. അതുപോലെ കാനഡയിലെ മിസിസാഗ എക്സാർക്കേറ്റ്, രൂപതയായി പരിശുദ്ധ പിതാവ് ഉയർത്തിയ വിവരം നിങ്ങൾ അറിഞ്ഞു കാണുമല്ലോ. രൂപതയുടെ ഉദ്ഘാടന ചടങ്ങിലും പ്രഥമമെത്രാന്റെ സ്ഥാനാരോഹണ കർമ്മത്തിലും ഞാൻ പങ്കെടുത്തിരുന്നു. മൂന്നാമത്തേത്, വരുന്ന ഒക്ടോബർ മാസത്തിൽ, നമ്മുടെ സഭയിലെ പിതാക്കന്മാരെല്ലാം ആദ് ലിമിന (*Ad limina*) സന്ദർശനത്തിനായി റോമിലേയ്ക്ക് പോകുന്നു എന്നതാണ്.

നിങ്ങളുടെ പ്രാർത്ഥനയിൽ നമ്മുടെ സഭയുടെ എല്ലാ നിയോഗങ്ങളെയും എളിയവനായ എന്നെയും ഓർക്കുന്നതിന് നന്ദി പറയുന്നു. ആഗസ്റ്റ് മാസം നടക്കാനിരിക്കുന്ന നമ്മുടെ സഭയുടെ സിനഡിനുവേണ്ടിയും നിങ്ങൾ പ്രത്യേകം പ്രാർത്ഥിക്കണം. നമ്മുടെ പിതാവായ തോമാശ്ലീഹായെപ്പോലെ ഉത്ഥിതനായ ഈശോയെ നാഥനും രക്ഷകനുമായി ഏറ്റുപറഞ്ഞ്, ഈശോ ഇന്നും ജീവിക്കുന്നു എന്ന ഉറച്ച ബോദ്ധ്യത്തിൽ നമ്മുടെ എല്ലാ ജീവിത സാഹചര്യങ്ങളിലും പ്രേഷിത ചൈതന്യത്തിൽ മുന്നേറാൻ നിരന്തരം പരിശ്രമിക്കാം. ദുക്റാന തിരുനാളിന്റെയും സഭാദിനത്തിന്റെയും മംഗളങ്ങൾ സ്നേഹപൂർവ്വം ആശംസിക്കുന്നു.



**+ കർദിനാൾ ജോർജ് ആലഞ്ചേരി**

സീറോ മലബാർ സഭയുടെ മേജർ ആർച്ചു ബിഷപ്പ്

കാക്കനാട് മൗണ്ട് സെന്റ് തോമസ്സിലുള്ള മേജർ ആർച്ചു ബിഷപ്പിന്റെ കാര്യലയത്തിൽനിന്ന് 2019-ാം ആണ്ട് ജൂൺ മാസം 14-ാം തീയതി നല്കപ്പെട്ടത്.

---

NB: ഈ ഇടയലേഖനം 2019 ജൂൺ 30-ാം തീയതി ഞായറാഴ്ച കുർബാനമദ്ധ്യേ എല്ലാ പള്ളികളിലും ഞായറാഴ്ച കുർബാനയുള്ള സ്ഥാപനങ്ങളിലും വായിക്കുന്നതിനായി നൽകപ്പെട്ടതാണ്.

# ബഹുമാനപ്പെട്ട വൈദികർക്ക്

## ബൈബിൾ വിചിന്തന ക്ലാസുകൾ

**ജൂലൈ 22, 23, കപ്പാട് ബെനഡിക്റ്റെൻ ശ്രമം**

സഭാത്മക ജീവിതത്തെയും പൗരോഹിത്യ ശുശ്രുഷ യെയും വിശുദ്ധ ഗ്രന്ഥത്തിന്റെ വെളിച്ചത്തിൽ വിശകലനം ചെയ്ത് കാലഘട്ടത്തിന്റെ വെല്ലുവിളികളെ അതിജീവിച്ച് നവ ചൈതന്യത്തോടെ ശുശ്രൂഷാരംഗത്ത് മുന്നേറാൻ സഹായി ക്കുന്ന ബൈബിൾ വിചിന്തന ക്ലാസ്സുകൾ 2019 ജൂലൈ 22, 23 (തിങ്കൾ, ചൊവ്വ) ദിവസങ്ങളിൽ കപ്പാട് ബെനഡിക്റ്റെൻ ആശ്ര മത്തിൽ വച്ച് നടത്തപ്പെടുന്നു. ജൂലൈ 22-ാം തീയതി തിങ്ക ളാഴ്ച വൈകുന്നേരം അഞ്ച് മണിക്ക് ആരംഭിക്കുന്ന ഈ പ്രോഗ്രാം 23-ാം തീയതി ചൊവ്വാഴ്ച വൈകുന്നേരം 4 മണിക്ക് അവസാനിക്കും. സുപ്രസിദ്ധ ബൈബിൾ പണ്ഡിതനും കപ്പാട് ബെനഡിക്റ്റെൻ ആശ്രമാധിപനുമായ ബഹുമാനപ്പെട്ട ജോൺ കുറിച്ചിയാനിയിൽ അച്ചൻ നയിക്കുന്ന ബൈബിൾ വിചിന്തന ക്ലാസ്സുകളിൽ ആദ്യം പേര് രജിസ്റ്റർ ചെയ്യുന്ന മുപ്പത് അച്ചന്മാർക്ക് മാത്രമെ അവസരം ഉണ്ടായിരിക്കുകയുള്ളു. പങ്കെ ടുക്കാൻ ആഗ്രഹിക്കുന്ന ബഹു. വൈദികർ ജൂലൈ 10-ന് മുമ്പായി 09495571915 എന്ന നമ്പറിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

**മോൺ. സെബാസ്റ്റ്യൻ വേത്താനത്ത്**

വികാരി ജനറാൾ

## സംഘടനാ പ്രവർത്തനങ്ങൾ ഉദ്ബോധനവും വിശകലനവും

**2019 ജൂലൈ 17 ബുധൻ, ബിഷപ്സ് ഹൗസ്**

അജപാലന പ്രവർത്തനങ്ങൾക്ക് പ്രയോഗിക തലത്തിൽ ഉണർവ്വും ജീവനും നല്കുന്ന ഭക്തസംഘടനകളുടെ ഇടവകതലപ്രവർത്തനങ്ങളെക്കുറിച്ച് ഉദ്ബോധനവും വിശകലനവും ലക്ഷ്യം വച്ചുകൊണ്ട് ബഹുമാനപ്പെട്ട വൈദികരുടെ സമ്മേളനം 2019 ജൂലൈ 17 - ാം തീയതി ബുധനാഴ്ച രാവിലെ 9.30 മുതൽ 12.30 വരെ ബിഷപ്സ് ഹൗസിൽ വച്ച് നടത്തപ്പെടുന്നതാണ്. പ്രസ്തുത സമ്മേളനത്തിൽ 2009-2010 മുതൽ പാലാ രൂപതയ്ക്കുവേണ്ടി പൗരോഹിത്യം സ്വീകരിച്ച എല്ലാ വൈദികരും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

**മോൺ. സെബാസ്റ്റ്യൻ വേത്താനത്ത്**

വികാരി ജനറാൾ

## Meeting of the Office Bearers and Staff of the Departments

രൂപതയുടെ അജപാലനപ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുന്ന വിവിധ സംഘടനകളുടെ (Shalom Pastoral Centre, St. Thomas Press, Pastoral Institute & ADARRT) ഓഫീസ് ഭാരവാഹികളുടെയും സ്റ്റാഫ് അംഗങ്ങളുടെയും സമ്മേളനം 2019 ആഗസ്റ്റ് മാസം 1-ാം തീയതി വ്യാഴാഴ്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ 5.00 വരെ ബിഷപ്സ് ഹൗസിൽ വച്ച് നടത്തപ്പെടുന്നതാണ്. ബന്ധപ്പെട്ട എല്ലാവരും ഈ സമ്മേളനത്തിൽ പങ്കെടുക്കണമെന്ന് താല്പര്യപ്പെടുന്നു.

**മോൺ. സെബാസ്റ്റ്യൻ വേത്താനത്ത്**

വികാരി ജനറാൾ

## ഡി.സി.എം.എസ്.

2018-19 അധ്യയന വർഷത്തിൽ എസ്.എസ്.എൽ.സി. (80%), +2 (70%), ഡിഗ്രി (60%), നേഴ്സിംഗ് (60%), എഞ്ചിനീയറിംഗ് (60%), മെഡിസിൻ (60%), മറ്റ് സാങ്കേതിക കോഴ്സുകൾ (60%) എന്നിവ മേൽപ്പറഞ്ഞ ശതമാനത്തിൽ പാസായ ദളിത് കത്തോലിക്കാ കുട്ടികൾക്കുള്ള കെ.സി.ബി.സി. സ്കോളർഷിപ്പിനുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. പൂരിപ്പിച്ച അപേക്ഷകൾ 2019 ജൂലൈ 25-ന് മുമ്പായി ഡി.സി. എം.എസ്. ഓഫീസിൽ എത്തിക്കുക.

**ഫാ. ജോസ് വടക്കേക്കുറ്റ്** (ഡയറക്ടർ)

## സംഭാവനശേഖരണം

സീറോ മലബാർ സഭാദിനത്തോടനുബന്ധിച്ച് പിരിഞ്ഞുകിട്ടുന്ന തുക ജൂലൈ 31-ന് മുമ്പായി രൂപതാകേന്ദ്രത്തിൽ ഏല്പിക്കേണ്ടതാണ്.

## യുവജനപിരിവ്

ജൂലൈ 7-ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ യുവജനപിരിവ് നടത്തുകയും പിരിഞ്ഞുകിട്ടുന്ന തുക ആഗസ്റ്റ് 15-നു മുമ്പ് രൂപതാകേന്ദ്രത്തിൽ ഏല്പിക്കേണ്ടതുമാണ്.

## വൈദികർക്ക് പാചക പരിശീലനം

2019 ജൂലൈ 2-ന് രാവിലെ 10 മണി മുതൽ SJIHMCTയിൽ വച്ച് സാലഡ്, സൂപ്പ്, നോൺവെജ് വിഭവങ്ങളുടെ നിർമ്മാണ/പാചകപരിശീലനം നൽകുന്നു. ഉച്ചഭക്ഷണം ഉണ്ടായിരിക്കും. രജിസ്ട്രേഷൻ ഫീ. 300/- ആദ്യം രജിസ്റ്റർ ചെയ്യുന്ന 30 വൈദികർക്കായിരിക്കും പരിശീലനം. വിശദവിവരങ്ങൾക്കും രജിസ്ട്രേഷനും ബന്ധപ്പെടേണ്ട നമ്പർ 9846916999.

**ഫാ. ജേക്കബ് പുതിയാപറമ്പിൽ**

# ദീപിക പ്രതിനിധി സമ്മേളനം

**(2019 ജൂലൈ 13 ശനിയാഴ്ച 2 pm ന്**

**പാലാ ളാലം പഴയപള്ളി ഓഡിറ്റോറിയത്തിൽ)**

സ്നേഹബഹുമാനപ്പെട്ട

ദീപികപത്രത്തിന്റെ പ്രചാരണം ഊർജ്ജിതപ്പെടുത്തുന്നതിന് ഇനിയും നമ്മൾ സ്വീകരിക്കേണ്ടതും സ്വീകരിക്കാവുന്നതുമായ പ്രായോഗിക മാർഗ്ഗങ്ങളെപ്പറ്റി ആലോചിക്കുന്നതിനും ഉചിതമായ തീരുമാനങ്ങൾ സ്വീകരിക്കുന്നതിനുവേണ്ടി നമ്മുടെ എല്ലാ ഇടവക കളിൽനിന്നുമുള്ള പ്രതിനിധികളുടെ ഒരു സമ്മേളനം ഈ വരുന്ന ജൂലൈ 13-ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് പാലാ ളാലം പഴയപള്ളി ഓഡിറ്റോറിയത്തിൽ വച്ച് കൂടുകയാണ്. അഭി വന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ഈ സമ്മേളനത്തെ അഭി സംബോധന ചെയ്തു സംസാരിക്കുന്നതാണ്. ഈ സമ്മേളനത്തി നത്തിലേക്ക് അങ്ങയെ പ്രത്യേകം ക്ഷണിക്കുന്നു. അങ്ങയുടെ ഇട വകയിൽനിന്നും ഡിഎഫ്സി, എസ്.എം.വൈ.എം, കുടുംബകൂ ട്ടായ്മ എന്നീ സംഘടനകളിൽനിന്ന് മൂന്നുവീതം പ്രതിനിധികളെ അയയ്ക്കണമെന്ന് അഭിവന്ദ്യ പിതാവ് നിർദ്ദേശിച്ചിരിക്കുകയാണ്. ഇക്കാര്യത്തിൽ എല്ലാവിധ സഹായസഹകരണങ്ങളും ചെയ്തു തരണമെന്ന് താല്പര്യപ്പെടുന്നു.

എന്ന്

സ്നേഹപൂർവ്വം

വിധേയർ

**ഫാ. സ്കറിയ വേകത്താനം** — **മോൺ. ജോസഫ് കുഴിഞ്ഞാലിൽ**

ദീപിക രൂപത കോ-ഓർഡിനേറ്റർ — വികാരി ജനറാൾ

## പാലാ ഹോം പ്രോജക്ട്

രൂപതയുടെ ഭവനനിർമ്മാണ പദ്ധതിയായ പാലാ ഹോം പ്രോജക്ട് പ്രവർത്തനം ആരംഭിച്ചു. ഇതുവരെ 2310 അപേക്ഷകൾ ലഭിച്ചു. അതിൽ വീടിനും സ്ഥലത്തിനുമായി അപേക്ഷ നൽകിയിരിക്കുന്നവർ 1159, വീടിന് അപേക്ഷിച്ചിരിക്കുന്നവർ 440, വീടിന്റെ അറ്റകുറ്റപ്പണികൾക്കായി അപേക്ഷിച്ചിരിക്കുന്നവർ 427 എന്നിങ്ങനെയാണ്.

പാലാ ഹോം പ്രോജക്ടിൽ ഇതിനോടകം 10 വീടുകൾ പണി പൂർത്തീകരിച്ച് അഭിവന്ദ്യ കല്ലറങ്ങാട്ട് പിതാവു വെഞ്ചിരിച്ചു നൽകി. ഭവനങ്ങളുടെ പണികൾ വിവിധ ഇടവകകളിൽ പുരോഗമിക്കുന്നു. 29 ഭവനങ്ങൾ പണിയുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു. പാലാ ഹോം പ്രോജക്ടിലേക്കു 14 പേർ സ്ഥലം സംഭാവന ചെയ്തു. ഇതുവരെ ആകെ 6 ഏക്കർ 92 സെന്റ് സ്ഥലം ലഭിച്ചു. അരുവിത്തുറ ഫൊറോന പള്ളി 20 വീടുകൾ നിർമ്മിക്കുന്നതിലേക്ക് പള്ളിക്കാര്യത്തിൽനിന്നും 1 കോടി രൂപാ നീക്കിവച്ചിരിക്കുകയാണ്.

### പാലാ ഹോം പ്രോജക്ടിലേക്ക് സ്ഥലം സംഭാവന നല്കിയവരും വാക്കു പറഞ്ഞിരിക്കുന്നവരും

1. ആനീസ് & ബിന്റ ഇടക്കര, ലൂർദ് മൗണ്ട് ഇടവക – 2 ഏക്കർ
2. സെന്റ് ആന്റണീസ് ചർച്ച്, ലൂർദ് മൗണ്ട് – 15 സെന്റ്
3. രാജി പാംപ്ലാനി, ഭരണങ്ങാനം – 1 ഏക്കർ
4. മേരി ഇമ്മാക്കുലേറ്റ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ട്, (ലീജിയൻ ഹോം) പാലാ മുൻസിപ്പാലിറ്റി – 10 സെന്റ്
   തോടനാൽ – 5 സെന്റ്
5. ബിഷപ്സ് ഹൗസ്, പാലാ – 5 സെന്റ്
   (പാലാ മുൻസിപ്പാലിറ്റി)

6. അഭ്യുദയകാംക്ഷി, കയ്യൂർ - 5 സെന്റ്
7. അഭ്യുദയകാംക്ഷി, ചെമ്മലമറ്റം - 10 സെന്റ്
8. ഫാ. ബർക്കുമാൻസ് കുന്നുംപുറം വിളക്കുമാടം - 6.5 സെന്റ്
9. ബ്രൗൺ & വിനീത തേറമ്പിൽ, മണ്ണാറപ്പാറ - 30 സെന്റ്
10. മോൺ. ജോസഫ് മലേപ്പറമ്പിൽ - 3 സെന്റ്
11. ബേബിച്ചൻ വാഴചാരിക്കൽ, നരിയങ്ങാനം - 1 ഏക്കർ 8 സെന്റ്
12. മാത്യു പുറ്റത്താങ്കൽ, മറ്റക്കര - 1 ഏക്കർ
13. മോൺ. ഫിലിപ്പ് ഞരളക്കാട്ട് - 1 ഏക്കർ
14. ജോ പുൽപ്രയിൽ, കാക്കൂർ - 4 സെന്റ്

**പാലാ ഹോം പ്രോജക്ടിൽ പണി പൂർത്തിയായ വീടുകൾ**

1. ജോ തെങ്ങുംപള്ളി, അരുണാപുരം ഇടവക
2. ബിനു കുന്നുംപുറത്ത്, കൊഴുവനാൽ ഇടവക
3. തോമസുകുട്ടി മലയിരുത്തിയേൽ, കൊഴുവനാൽ ഇടവക
4. വൽസമ്മ ജോസ് വടക്കേമുറിയിൽ, ലൂർദ് മൗണ്ട് ഇടവക
5. മേരി പള്ളിത്താഴത്ത്, വെള്ളിയാമറ്റം ഇടവക
6. ഗിരിജ തങ്കപ്പൻ, ചെമ്പിളാവ് ഇടവക
7. കുര്യൻ ചേലക്കപ്പിള്ളിൽ, ഇലഞ്ഞി ഇടവക
8. ലാൽസൺ വരമറ്റം, ഇലഞ്ഞി ഇടവക
9. വിൽസൺ പാണ്ടിമാക്കിൽ, ഇലഞ്ഞി ഇടവക
10. ചേർപ്പുങ്കൽ ഇടവക

**പാലാ ഹോം പ്രോജക്ടിൽ നിന്ന് സാമ്പത്തിക സഹായം ലഭിച്ചവർ**

1. മോളി കുര്യാക്കോസ് കാരക്കാട്ട്, അമ്പാറനിരപ്പേൽ ഇടവക - 50000

2. ലിസി തോമസ് ഇലവുങ്കൽ,
   മുണ്ടാങ്കൽ ഇടവക - 100000
3. സാബു പുത്തൻവീട്ടിൽ,
   മാവടി ഇടവക - 50000
4. അനിൽ, സിബിഗിരി ഇടവക - 50000
5. റെജി കക്കാട്ടുതൊട്ടിയിൽ,
   കാക്കൂർ ഇടവക - 25000
6. കുട്ടപ്പൻ പേണാട്ട്, കളത്തൂർ ഇടവക - 10000
7. കൊഴുവനാൽ - 100000

## പാലാ ഹോം പ്രോജക്ടിൽ നിർമ്മാണം നടക്കുന്ന വീടുകൾ

1. മേരി ജോസഫ് വടയാറ്റുകുന്നേൽ, ലൂർദ് മൗണ്ട് ഇടവക
2. ബേബി കുറുംതൊട്ടിയിൽ, ലൂർദ് മൗണ്ട് ഇടവക
3. ഷാജിമോൻ സി. സി. ചമ്പന്നിയിൽ, പൂഴിക്കോൽ ഇടവക

**ഫാ. തോമസ് വാലുമ്മേൽ**
**ഡയറക്ടർ**

**മോൺ. ജോസഫ് കുഴിഞ്ഞാലിൽ**
കോർഡിനേറ്റർ

# COLLECTION LIST

| PARISH | BIBLE SUNDAY | HOLY CHILDHOOD | MADYA VIRUDHA DINAM | MISSION SUNDAY ( SYRO - MALABAR) | PALA CARITAS | SEMINAR-IANS AID FUND |
|---|---|---|---|---|---|---|
| ADIVARAM | 1000.00 | 953.00 | 1053.00 | 1000.00 | 1198.00 | 2614.00 |
| ADUKKOM | 1150.00 | 850.00 | 850.00 | 900.00 | 2875.00 | 5360.00 |
| AIMCOMBU | | | | | 250.00 | 5927.00 |
| ALPHONSAGIRI | 500.00 | 500.00 | 500.00 | 500.00 | 600.00 | 4100.00 |
| ALPHONSAPURAM | 1500.00 | 1000.00 | 1501.00 | 1500.00 | 1000.00 | 3501.00 |
| AMPARANIRAPPEL | 625.00 | 608.00 | 1005.00 | 655.00 | 600.00 | 8260.00 |
| ANTHIALAM | 2000.00 | 2000.00 | 3250.00 | 2725.00 | 6275.00 | 5800.00 |
| ANTHINADU | 3000.00 | 1000.00 | 600.00 | 1000.00 | 5000.00 | 7000.00 |
| ARAKULAM NEW | 4500.00 | 2700.00 | 2500.00 | 5700.00 | 2500.00 | 10000.00 |
| ARAKULAM OLD | | | | | 4000.00 | |
| ARUNAPURAM | 3000.00 | 1200.00 | 1000.00 | 5000.00 | 5000.00 | 15000.00 |
| ARUNOOTTI-MANGALAM | 1000.00 | 1000.00 | 1000.00 | 1000.00 | 8020.00 | 10000.00 |
| ARUVITHURA | 29040.00 | 30360.00 | 26425.00 | 27910.00 | 47620.00 | 24040.00 |
| AYYAMPARA | 1123.00 | 1090.00 | 1050.00 | 1060.00 | 1100.00 | 3004.00 |
| BHARANANGANAM FORANE | | 20800.00 | 19000.00 | 37000.00 | 54700.00 | 56000.00 |
| CHAKKAMPUZHA | 2500.00 | 1500.00 | 2500.00 | 3250.00 | 7213.00 | 5600.00 |
| CHEMMALAMATTAM | 3600.00 | 3100.00 | 3500.00 | 5000.00 | 19850.00 | 20865.00 |
| CHEMPILAVU | 1000.00 | 800.00 | 300.00 | 800.00 | 900.00 | 2300.00 |
| CHENNAD | 3000.00 | 2284.00 | 1500.00 | 2000.00 | 10356.00 | |
| CHERPUMKAL FORANE | 11000.00 | 11000.00 | 10230.00 | 15000.00 | 40000.00 | 150000.00 |
| CHETTUTHODU | 1705.00 | 1500.00 | 1500.00 | 1500.00 | 4262.00 | 10000.00 |

| | | | | | | |
|---|---|---|---|---|---|---|
| CHITTAR | 1000.00 | 1000.00 | 1000.00 | 1500.00 | 1500.00 | 3600.00 |
| CHOLATHADAM | 250.00 | 260.00 | 300.00 | 1100.00 | 600.00 | 500.00 |
| CHOONDACHERY | 600.00 | 600.00 | 800.00 | 1500.00 | 700.00 | 3500.00 |
| EDADU | 400.00 | 400.00 | 750.00 | 470.00 | 380.00 | 400.00 |
| EDAMARUKU | 2000.00 | 1000.00 | 2000.00 | 2000.00 | 2000.00 | 6011.00 |
| EDAPPADY | 1000.00 | 500.00 | 1000.00 | 2000.00 | 15000.00 | 22000.00 |
| ELAMTHOTTAM | 1200.00 | 1000.00 | 5323.00 | 2400.00 | 6770.00 | 5364.00 |
| ELANJI FORANE | 5000.00 | 4000.00 | 4000.00 | 4500.00 | 10000.00 | 12000.00 |
| ELAPPALLY | 880.00 | 736.00 | 553.00 | 550.00 | 5001.00 | |
| EZHACHERRY | 1800.00 | | | 2000.00 | 3100.00 | |
| FATHIMAPURAM | 1500.00 | 800.00 | 1500.00 | 2500.00 | 6000.00 | 11000.00 |
| GAGULTHA | 1076.00 | 1902.00 | 1055.00 | 1210.00 | 947.00 | 1800.00 |
| GEOVALLY | 2500.00 | 2050.00 | 1600.00 | 6000.00 | 5000.00 | 4265.00 |
| IDAMATTAM | 2000.00 | 2000.00 | 1500.00 | 2500.00 | 10700.00 | 5000.00 |
| JAIGIRI | 500.00 | 500.00 | 500.00 | 500.00 | 2000.00 | 1500.00 |
| JOSE MOUNT | 1700.00 | 800.00 | 900.00 | 1000.00 | 900.00 | 2220.00 |
| JOSEGIRI | 1400.00 | 700.00 | 650.00 | 950.00 | 1500.00 | 2000.00 |
| KADANAD | 2300.00 | 1800.00 | 2300.00 | 3500.00 | 10000.00 | 8180.00 |
| KADAPLAMATTAM | | 3250.00 | 3410.00 | 5500.00 | 10000.00 | 15000.00 |
| KADUTHURUTHY | 4550.00 | | 7600.00 | 8350.00 | 9500.00 | 20000.00 |
| KAIPPALLY | 500.00 | 500.00 | 500.00 | 500.00 | 750.00 | 1000.00 |
| KAKKOOR | 2000.00 | 2000.00 | | 2000.00 | 5250.00 | |
| KAKOMBU | 850.00 | 900.00 | 500.00 | 800.00 | 1000.00 | 2000.00 |
| KALATHOOKADAVU | 3000.00 | | 2750.00 | | | 12000.00 |
| KALATHOOR | 2500.00 | 2500.00 | 3000.00 | 2500.00 | 10000.00 | 7500.00 |
| KALIKAVU | 2000.00 | 2000.00 | 4000.00 | 2000.00 | 10038.00 | 7305.00 |
| KANJIRAMATTAM | 3200.00 | 2000.00 | | 7500.00 | 4500.00 | 10300.00 |
| KANJIRATHANAM | 5010.00 | 4650.00 | 4500.00 | 5000.00 | 4250.00 | 25448.00 |
| KARIMPANY | 1000.00 | 1000.00 | 1000.00 | 1000.00 | 2000.00 | 2000.00 |

| | | | | | | |
|---|---|---|---|---|---|---|
| KAROOR | 4000.00 | | | | 2000.00 | |
| KATTAMPAK | 2000.00 | 1500.00 | 1500.00 | 2000.00 | 3000.00 | 3000.00 |
| KAVALY | 200.00 | 350.00 | 200.00 | 300.00 | 300.00 | 750.00 |
| KAVEEKUNNU | 1500.00 | 1150.00 | 1500.00 | 1500.00 | 4370.00 | 5290.00 |
| KAVUMKANDAM | 1200.00 | 1100.00 | 1150.00 | 750.00 | 1800.00 | 2640.00 |
| KAYYOOR | 290.00 | 300.00 | 280.00 | | 260.00 | |
| KEEZHOOR | 2200.00 | 2200.00 | 2100.00 | 2100.00 | 2500.00 | 4000.00 |
| KIZHAPARAYAR | 2645.00 | 960.00 | 1000.00 | 3600.00 | 4350.00 | 5000.00 |
| KIZHATHADIYOOR, | 18349.00 | 8125.00 | 9520.00 | 8895.00 | 12090.00 | 11305.00 |
| KONDAD | 400.00 | 350.00 | 350.00 | 400.00 | 1250.00 | 3000.00 |
| KOODALLOOR | 2200.00 | 1300.00 | 1500.00 | 5000.00 | 3000.00 | |
| KOOTHATTUKULAM | 1600.00 | 1350.00 | | 2100.00 | 1800.00 | |
| KOOTTIKAL | 6180.00 | 4690.00 | 5070.00 | 3230.00 | 7680.00 | 5810.00 |
| KOTHANALLOOR | 5000.00 | | | | 5100.00 | 17270.00 |
| KOZHUVANAL | 5005.00 | | | 25005.00 | 11111.00 | 25000.00 |
| KUDAKKACHIRA | 3640.00 | | | | 15187.00 | 20000.00 |
| KUDAYATHOOR | 1500.00 | | | 1500.00 | | |
| KULAMAVU | 500.00 | 500.00 | 500.00 | 800.00 | 500.00 | 3200.00 |
| KUNNONNI | 700.00 | 600.00 | 700.00 | 700.00 | 700.00 | 3000.00 |
| KURAVILANGAD | 21250.00 | 21180.00 | 21480.00 | 22530.00 | 28006.00 | 35610.00 |
| KURICHITHANAM | | | | 8000.00 | 4500.00 | 8162.00 |
| KURINJI | 1500.00 | 1285.00 | 750.00 | 1500.00 | 5130.00 | 9000.00 |
| KURUMANNU | 900.00 | 1000.00 | 1000.00 | 1400.00 | 4000.00 | 5000.00 |
| KURUVINAL | 500.00 | 500.00 | 1000.00 | 500.00 | 2000.00 | 5000.00 |
| LALAM NEW PALAI | 8350.00 | 7835.00 | 7615.00 | 8535.00 | 10000.00 | 6130.00 |
| LALAM OLD PALAI | 15790.00 | 16010.00 | 16180.00 | 15550.00 | 16680.00 | 12810.00 |

| | | | | | | |
|---|---|---|---|---|---|---|
| LOURDES MOUNT | 200.00 | 200.00 | 200.00 | 200.00 | 200.00 | 700.00 |
| MALAPURAM | 600.00 | 540.00 | 550.00 | 500.00 | 1480.00 | |
| MALAYINCHIPARA | 500.00 | 500.00 | 500.00 | 800.00 | 1200.00 | 2655.00 |
| MALLIKASSERY | 600.00 | 500.00 | 500.00 | 600.00 | 500.00 | 6470.00 |
| MANALUMKAL | 1250.00 | 1100.00 | 1040.00 | 1100.00 | 3000.00 | 3200.00 |
| MANATHOOR | 1000.00 | 1500.00 | 1120.00 | 1500.00 | 2000.00 | 4254.00 |
| MANGALAGIRI | 250.00 | 250.00 | 500.00 | 250.00 | 480.00 | 1830.00 |
| MANGALARAM | 2000.00 | 1000.00 | 1000.00 | 1000.00 | 2200.00 | 1500.00 |
| MANIAMKULAM | 450.00 | 550.00 | 600.00 | 450.00 | 1000.00 | 500.00 |
| MANIAMKUNNU | 3000.00 | 2405.00 | 2350.00 | 3000.00 | 6000.00 | 5440.00 |
| MANJAMATTAM | 950.00 | 700.00 | 800.00 | 1500.00 | 2000.00 | 5000.00 |
| MANNACKANAD | 2000.00 | 700.00 | 700.00 | 2000.00 | 5000.00 | |
| MANNAR | 1000.00 | | | 1000.00 | 1000.00 | 16353.00 |
| MANNARAPPARA | 5000.00 | 4000.00 | 7610.00 | 7000.00 | 15775.00 | 8900.00 |
| MANVETTAM | 15000.00 | 5000.00 | 5000.00 | 10000.00 | 5000.00 | 10200.00 |
| MARANGATTUPALLY | 3159.00 | 3096.00 | 2430.00 | 3144.00 | 2983.00 | 3625.00 |
| MARANGOLY | 750.00 | 650.00 | 600.00 | 750.00 | 750.00 | 4403.00 |
| MARYLAND | 2612.00 | 2521.00 | | 2492.00 | 4000.00 | |
| MATTAKKARA | 4000.00 | | | 5000.00 | 7500.00 | 7480.00 |
| MAVADY | 1000.00 | | | | 1000.00 | 3300.00 |
| MEENACHIL | 3045.00 | 3660.00 | 2060.00 | 790.00 | 4104.00 | 7470.00 |
| MELUKAVUMATTAM | 1000.00 | 1200.00 | 1000.00 | 1000.00 | 3000.00 | 2500.00 |
| MEVIDA | 400.00 | 780.00 | 350.00 | 620.00 | 3500.00 | 3000.00 |
| MONIPPALLY | 3500.00 | 1250.00 | 2500.00 | 2000.00 | 10000.00 | 15000.00 |
| MOOLAMATTAM | 4000.00 | 2000.00 | 2000.00 | 5000.00 | 21178.00 | 10900.00 |
| MOONNANI | 408.00 | 236.00 | 224.00 | 194.00 | 208.00 | 1200.00 |
| MOONNILAVU | 1000.00 | 1000.00 | 1000.00 | 5000.00 | 1000.00 | 12000.00 |
| MOOZHOOR | 1000.00 | 750.00 | 800.00 | 23000.00 | 8000.00 | 30000.00 |
| MULAKULAM | 610.00 | 550.00 | 895.00 | | | 2012.00 |

| | | | | | | |
|---|---|---|---|---|---|---|
| MUNDANKAL | 3970.00 | 1280.00 | 5650.00 | 4810.00 | 4120.00 | 5730.00 |
| MUTHOLAPURAM | 8000.00 | 6000.00 | 4000.00 | 14000.00 | 9000.00 | 25001.00 |
| MUTHOLY | 1680.00 | 500.00 | 1495.00 | 1200.00 | 1000.00 | 5210.00 |
| MUTTUCHIRA FORANE | | 5383.00 | 5984.00 | | | 29169.00 |
| NAMBIAKULAM | 4000.00 | 4000.00 | 1500.00 | 4500.00 | 5000.00 | 6000.00 |
| NARIANGANAM | 500.00 | 300.00 | 300.00 | 1000.00 | 3500.00 | 4000.00 |
| NEELOOR | 2000.00 | 1000.00 | 1500.00 | 1000.00 | 3000.00 | 12000.00 |
| NEERANTHANAM | 1920.00 | 1543.00 | 2700.00 | 2000.00 | 1670.00 | 4807.00 |
| NELLAPPARA | 300.00 | 300.00 | 325.00 | 500.00 | 400.00 | 1111.00 |
| NELLIANI | 1150.00 | 1250.00 | 3160.00 | 2000.00 | 1000.00 | 1960.00 |
| PADUVA | 4114.00 | 3927.00 | 4129.00 | 4142.00 | 7960.00 | 4503.00 |
| PAIKA | 4000.00 | 4000.00 | 11000.00 | 5000.00 | 7000.00 | 9000.00 |
| PAINGULAM | 2200.00 | 1400.00 | 1500.00 | 1500.00 | 4000.00 | 5400.00 |
| PALAI CATHEDRAL | 2000.00 | 1000.00 | 2500.00 | 26000.00 | 22000.00 | 100000.00 |
| PALAKAD | 2500.00 | 2300.00 | 2100.00 | 2600.00 | 2250.00 | 2800.00 |
| PALAKATTUMALA | 2100.00 | 3100.00 | 3046.00 | 1000.00 | 3300.00 | 4000.00 |
| PALAYAM | 3500.00 | 2000.00 | 3000.00 | | 3000.00 | 3300.00 |
| PARATHANAM | 1500.00 | 2500.00 | 7000.00 | 1500.00 | 3000.00 | 6280.00 |
| PAYYANITHOTTAM | 600.00 | 500.00 | 300.00 | 650.00 | 850.00 | 500.00 |
| PERIAPURAM | 500.00 | 500.00 | 500.00 | 500.00 | 11200.00 | 6000.00 |
| PERINGULAM | 2000.00 | 1500.00 | 4000.00 | 4000.00 | 8000.00 | 10000.00 |
| PERUMTHURUTH | 500.00 | 500.00 | 500.00 | 500.00 | 500.00 | 750.00 |
| PIRAVOM | 1250.00 | 1500.00 | 1200.00 | 1500.00 | 2000.00 | 15097.00 |
| PIUSMOUNT | | 500.00 | 500.00 | 3100.00 | 6910.00 | 6611.00 |
| PLASSANAL | 5500.00 | 4150.00 | 6200.00 | 4550.00 | 5700.00 | 3353.00 |
| POONJAR | 3000.00 | 1200.00 | 2100.00 | 9100.00 | 12000.00 | 23000.00 |
| POOVAKULAM | 508.00 | 500.00 | 510.00 | 450.00 | 1003.00 | 2295.00 |

| | | | | | | |
|---|---|---|---|---|---|---|
| POOVARANY | 1200.00 | 1000.00 | 1000.00 | 1500.00 | 10925.00 | 15000.00 |
| POOVATHODU | 2700.00 | 3290.00 | 3380.00 | 3100.00 | 6470.00 | 4800.00 |
| POOZHIKOL | 3350.00 | 3800.00 | 4947.00 | 3700.00 | 5500.00 | 3900.00 |
| PRAVITHANAM | 3800.00 | 4500.00 | 4500.00 | 4300.00 | 6200.00 | 11400.00 |
| RAMAPURAM | 3000.00 | 2000.00 | 3000.00 | 3000.00 | 3000.00 | 50000.00 |
| RATNAGIRI | 5590.00 | 6120.00 | 3060.00 | 6220.00 | 9000.00 | 6000.00 |
| SANTHIGIRI. | 725.00 | 700.00 | 630.00 | 750.00 | 760.00 | |
| SANTHIPURAM | 500.00 | 500.00 | 500.00 | 500.00 | 2000.00 | 2000.00 |
| SIBIGIRI | 1500.00 | 1000.00 | 1000.00 | | 2000.00 | 9800.00 |
| SLIVAPURAM | 500.00 | 500.00 | 500.00 | 500.00 | 500.00 | 4000.00 |
| TEEKOY | 9000.00 | 5390.00 | 5300.00 | 5000.00 | 21600.00 | 17837.00 |
| THAKADI | 400.00 | 400.00 | 300.00 | 400.00 | 500.00 | 500.00 |
| THIDANAD | 7800.00 | 8300.00 | 8600.00 | 8040.00 | 15000.00 | 11000.00 |
| THIRUMARADY | 300.00 | 400.00 | 500.00 | 500.00 | 800.00 | 1000.00 |
| THODANAL | | 3044.00 | 4810.00 | | 6826.00 | 6480.00 |
| THUDANGANAD FORANE | 3620.00 | 1750.00 | 1400.00 | 2600.00 | 8885.00 | 12970.00 |
| THURUTHIPALLY | 1000.00 | 900.00 | 1000.00 | 2000.00 | | 2650.00 |
| UDAYAGIRI | 1700.00 | 1200.00 | 1000.00 | 3000.00 | 3000.00 | 700.00 |
| ULLANAD | 1915.00 | 2565.00 | 2515.00 | 3050.00 | 1875.00 | 9905.00 |
| URULIKUNNAM | 700.00 | 700.00 | 750.00 | 700.00 | 1500.00 | 2500.00 |
| URUMPUKAVU | 5600.00 | 2000.00 | 2000.00 | 6100.00 | 8000.00 | 14000.00 |
| VADAKARA | 1000.00 | 1000.00 | 1000.00 | 1500.00 | 1000.00 | |
| VAGAMON | 1000.00 | 1200.00 | 800.00 | 1800.00 | 1500.00 | 2000.00 |
| VAKAKKAD | 1850.00 | 2235.00 | 1186.00 | 1430.00 | 5345.00 | 6147.00 |
| VAKKAD | 410.00 | 450.00 | 476.00 | 381.00 | 401.00 | 5000.00 |
| VALACHIRA | 1000.00 | 800.00 | 1000.00 | 1000.00 | 6370.00 | 5920.00 |
| VALAVOOR | 4300.00 | 3600.00 | 3600.00 | 6000.00 | 2500.00 | |

| | | | | | | |
|---|---|---|---|---|---|---|
| VARIANIKKAD | 1006.00 | 1000.00 | 1250.00 | 1285.00 | 1800.00 | 1500.00 |
| VAYALA | 3560.00 | 3816.00 | 3970.00 | 5622.00 | 4050.00 | 5000.00 |
| VEDAGIRI, | 1630.00 | 500.00 | 1000.00 | 2692.00 | 4100.00 | 5462.00 |
| VELANILAM | 1000.00 | 500.00 | 500.00 | 1000.00 | 2000.00 | 12891.00 |
| VELLIAMATTAM | 1200.00 | 1500.00 | 1000.00 | 2100.00 | 1463.00 | 6000.00 |
| VELLIKULAM | 2630.00 | 2450.00 | 4000.00 | 2730.00 | 2800.00 | 3107.00 |
| VEZHAGANAM | 600.00 | 300.00 | 300.00 | 350.00 | 1300.00 | 3482.00 |
| VILAKUMADAM | 2894.00 | 3500.00 | 3820.00 | 3098.00 | 4030.00 | 3869.00 |
| VIMALAGIRI | 850.00 | 650.00 | 650.00 | 950.00 | 650.00 | 2202.00 |
| XAVIERPURAM | 1075.00 | 825.00 | 620.00 | 2095.00 | 3582.00 | 4880.00 |
| YENTHAYAR | 4000.00 | 2000.00 | 1000.00 | 6000.00 | 10000.00 | 5000.00 |
| VALAKKATTUKUNNU CHAPEL | | 550.00 | 550.00 | 500.00 | 500.00 | 1100.00 |
| KALLOORKULAM CONVENT CHAPEL | 300.00 | 150.00 | 150.00 | | 300.00 | 1200.00 |


# Glimpses of Syro Malabar History

**രചയിതാവ് : ഫാ. ജയിംസ് പുലിയുറുമ്പിൽ**

**വില 150 രൂപ, പേജ് – 187**

**OIRSI പബ്ലിക്കേഷൻസ്, കോട്ടയം**

സീറോ മലബാർ സഭയുടെ ചരിത്രം സംക്ഷിപ്തമായി വിവരിക്കുന്ന ഒരു ഗ്രന്ഥമാണിത്. തോമാശ്ലീഹായുടെ ഇന്ത്യയിലെ പ്രവർത്തനങ്ങൾ മുതൽ ഇന്നുവരെയുള്ള സഭയുടെ ചരിത്രം ചുരുക്കി ഈ ഗ്രന്ഥത്തിൽ പ്രതിപാദിക്കുന്നു. ഒറ്റനോട്ടത്തിൽ സഭാചരിത്രം എളുപ്പത്തിൽ മനസ്സിലാക്കാൻ പറ്റിയവിധം ലളിതമായ ഭാഷയിൽ നാല് കാലഘട്ടങ്ങളെ 55 തലക്കെട്ടുകളിലായി തരംതിരിച്ചാണ് ഇതിൽ ക്രമീകരിച്ചിരിക്കുന്നത്. നമ്മുടെ സഭയെ സംബന്ധിച്ച വ്യക്തവും കൃത്യവുമായ കാഴ്ചപ്പാട് രൂപപ്പെടുത്താൻ ഇതിലെ ചരിത്രാന്വേഷണം സഹായിക്കും.

GOOD SHEPHERD MINOR SEMINARY PALAI
PONAD-KAROOR P.O. PALA, 686 574
Ph. 04822 212362
email: gsmseminary@gmail.com

# Admission 2019-2020

| NO | HOUSE NAME | NAME | PARISH | QUALIFICATION |
|---|---|---|---|---|
| 1 | Chengazhasseril | Thomas (Abin Sunny) | Adukkom | 10 |
| 2 | Cheriyankalayil | Joseph (Christophor. C. Biju) | Muttuchira | 10 |
| 3 | Kallarangattu | Michael (Kevin Siby) | Kayyoor | 10 |
| 4 | Kollithanam | Cyriac (Cyriac Mathew) | Kalikavu | +2 |
| 5 | Kuramkuthimackal | Michael (Roshan Biju) | Pravithanam | 10 |
| 6 | Mannarathu | Mathew (Akhil Thomas) | Kakkombu | B.com |
| 7 | Mukalelpparambil | Kuriakose (Shian.M.Shibu) | Muttuchira | 10 |
| 8 | Mundackal | George (Jomy Prince) | Koodalloor | +2 |
| 9 | Muttathukunnel | Mathew (Stebin Saji) | Ezhacherry | 10 |
| 10 | Orathel | Gervasis (Jins Robins) | Kanjirathanam | 10 |
| 11 | Pazhukandathil | John (Alan Mathew) | Kakkoor | 10 |
| 12 | Puthettu | Thomas (Josy George) | Mangalagiri | Msc Physics |
| 13 | Thadathikunel | Joseph( Ron Roy) | Marangattupally | 10 |
| 14 | Thymoottil | Emmanuel (Emmanuel George) | Alphonsapuram | 10 |
| 15 | Valayathil | Thomas (Tom Thomas) | Cathedral | 10 |

# List of Very/ Rev. Fathers to observe Prayer Day and to officiate Ramsa at Bharananganam

| | |
|---|---|
| Palliparambil George | July 8 |
| Pampara Joseph | 9 |
| Panachickalkarottu James | 10 |
| Panackakuzhiyil Thomas | 11 |
| Panampuzha Joseph | 12 |
| Pandarakappil Alex | 13 |
| Pandaraparambil Jacob | 14 |
| Pandiyamackal Joseph (Sr) | 15 |
| Pandiyamackal Joseph (Jr) | 16 |
| Panthalanickal Christy | 17 |
| Panthalanickal Mathew | 18 |
| Panthiruvelil Martin | 19 |
| Parackal Paul | 20 |
| Parackal Thomas | 21 |
| Parampithadathil George | 22 |
| Paraplackal Augustine | 23 |
| Paraplackal Francis | 24 |
| Paraplackal Paul | 25 |
| Parathotty Mathew | 26 |
| Paravummel Joseph | 27 |
| Parekkattu Emmanuel | 28 |
| Parekunnel George | 29 |
| Pariath Joseph (Sr) | 30 |
| Pariyappanal Johnson | 31 |
| Paruthiparayil Thomas | August 1 |
| Pattery Thomas | 2 |
| Pazheparambil George | 3 |
| Pazheparambil Sebastian | 4 |
| Peedikamalayil Augustian | 5 |
| Peedikayil Mathew | 6 |
| Periappuram Emmanuel | 7 |




# അൽഫോൻസാ തീർത്ഥാടനകേന്ദ്രം

**1. കബറിടം സന്ദർശിച്ച വിശിഷ്ടവ്യക്തികൾ**

മാർ ജോസഫ് കല്ലറങ്ങാട്ട്
മാർ മാത്യു അറയ്ക്കൽ
മാർ സിൽവസ്റ്റർ പൊന്നുമുത്തൻ

**2. രാത്രി ആരാധന**

പാലാ ഇവാഞ്ചലൈസേഷൻ ഗ്രൂപ്പിന്റെ ആഭിമുഖ്യത്തിൽ വി. അൽഫോൻസാ ദൈവാലയത്തിൽ വച്ച് നടത്തപ്പെടുന്ന രാത്രി ആരാധനയ്ക്ക് ബ്രദർ ജോൺ കലയന്താനി വചനപ്രഘോഷണം നടത്തി. ഫാ. വിൻസെന്റ് മൂങ്ങാമാക്കലിന്റെ നേതൃത്വത്തിലുള്ള ഇവാഞ്ചലൈസേഷൻ ടീം ആരാധന നയിച്ചു.

**3. രോഗീ വയോജനദിന പ്രാർത്ഥന**

രണ്ടാം വെള്ളിയാഴ്ചകളിൽ നടത്തുന്ന വി. കുർബാനയ്ക്കും രോഗീ പ്രാർത്ഥനയ്ക്കും ഫാ. ജോസ് മഠത്തിക്കുന്നേൽ മുഖ്യകാർമ്മികത്വം വഹിച്ചു.

**4. കുട്ടികളെ എഴുത്തിനിരുത്തി**

പന്തക്കുസ്താ തിരുനാളിനോടനുബന്ധിച്ച് ജൂൺ 9-ാം തീയതി രാവിലെ 8.30 മുതൽ വൈകിട്ട് 6 മണി വരെ കുട്ടികളെ എഴുത്തിനിരുത്തി. കാഞ്ഞിരപ്പള്ളി രൂപതാദ്ധ്യക്ഷൻ മാർ മാത്യു അറയ്ക്കൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകുകയും കുട്ടികളെ എഴുത്തിനിരുത്തുകയും ചെയ്തു. പാലാ രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട്, വികാരി ജനറാൾമാരായ ഫാ. ജോസഫ് കുഴിഞ്ഞാലിൽ, ഫാ. ജോസഫ് മലേപ്പറമ്പിൽ, ഫാ. സെബാസ്റ്റ്യൻ വേത്താനത്ത്, തീർത്ഥാടന കേന്ദ്രം റെക്ടർ ഫാ. ജോസ് വള്ളോംപുരയിടം, ഫാ. ആന്റണി പെരുമാനൂർ, ഫാ. ജെയിംസ് മംഗലത്ത്, ഫാ. ജോസഫ് മുത്തനാട്ട്, ഫാ. ജോർജ് ചൂരക്കാട്ട്,

ഫാ. ജോസ് കാക്കല്ലിൽ എന്നിവരും തീർത്ഥാടനകേന്ദ്രത്തിലെയും വിവിധ സന്യാസസഭകളിലെയും വൈദികരും നേതൃത്വം നൽകി.

**5. പ്രാർത്ഥനാദിനം**

രൂപതയുടെ പ്രാർത്ഥനാദിനാചരണത്തിന്റെ ഭാഗമായി ഫാ. മൈക്കിൾ നരിക്കാട്ട്, ഫാ. കുര്യാക്കോസ് നരിതൂക്കിൽ, ഫാ. സിറിയക് നിരപ്പേൽ, ഫാ. സെബാസ്റ്റ്യൻ നടുത്തടം, ഫാ. ജോർജ് നടയ്ക്കൽ എന്നീ വൈദികർ തീർത്ഥാടനകേന്ദ്രത്തിൽ ഒരു ദിവസത്തെ പ്രാർത്ഥനായ്ക്കായെത്തി ബലിയർപ്പിക്കുകയും റംശാ പ്രാർത്ഥന നടത്തുകയും ചെയ്തു.

**6. ജപമാല മെഴുകുതിരി പ്രദക്ഷിണം**

ശനിയാഴ്ചകളിൽ വൈകുന്നേരം നടത്തുന്ന വി. കുർബാനയ്ക്കും ജപമാല മെഴുകിതിരി പ്രദക്ഷിണത്തിനും ഫാ. തോമസ് വാലുമ്മേൽ, ഫാ. ജോർജ് പോളച്ചിറ കുന്നുംപുറം, ഫാ. ജോർജ് പുല്ലുകാലായിൽ, ഫാ. ജിജോ പുത്തേട്ട് സി.എം.എഫ്. എന്നിവർ കാർമ്മികത്വം വഹിച്ചു.

**ഫാ. ജോസ് വള്ളോംപുരയിടം** (റെക്ടർ)

# വിശ്വാസപരിശീലനകേന്ദ്രം

**1. വിശ്വാസപരിശീലന വർഷം ആരംഭിച്ചു.**

2019-2020 അദ്ധ്യയനവർഷത്തെ വിശ്വാസപരിശീലനത്തിന് 2019 ജൂൺ 2 ഞായറാഴ്ച തുടക്കമായി.

**2. പ്രഥമാദ്ധ്യാപക സമ്മേളനം**

2019-2020 അദ്ധ്യയനവർഷത്തെ വിശ്വാസപരിശീലന പ്രഥമാദ്ധ്യാപക സമ്മേളനം 2019 ജൂൺ 1-ാം തീയതി ശനിയാഴ്ച രാവിലെ 9 മണി മുതൽ 1 മണി വരെ അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ചു നടന്നു. അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് സമ്മേളനം ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി. പാലാ മാർ അപ്രേം സെമിനാരി ഫോർമേറ്റർ റവ. ഡോ. ജോസഫ് കുറ്റിയാങ്കൽ ഓറിയന്റേഷൻ ക്ലാസ് നയിച്ചു. ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ പുതിയ അദ്ധ്യയന വർഷത്തെ പ്രവർത്തനങ്ങൾ പരിചയപ്പെടുത്തി സംസാരിച്ചു.

**3. സ്കൂൾ വിശ്വാസപരിശീലനം**

2019-2020 അദ്ധ്യയനവർഷത്തെ സ്കൂൾ പ്രഥമാദ്ധ്യാപകരുടെ സമ്മേളനം 2019 ജൂൺ 8-ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണി മുതൽ 4 മണി വരെ അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ചു നടന്നു. പാലാ രൂപത കോർപ്പറേറ്റ് സെക്രട്ടറി റവ.ഫാ. ബർക്കുമാൻസ് കുന്നുംപുറം സമ്മേളനത്തിന് സ്വാഗതം ആശംസിച്ചു. അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് സമ്മേളനം ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി. പ്ലാശനാൽ സെന്റ് ആന്റണീസ് ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പൽ ശ്രീ. ഷിബി ജോസഫ് ഓറിയന്റേഷൻ ക്ലാസ് നയിച്ചു. രൂപത വിശ്വാസപരിശീലനകേന്ദ്രം ഡയ

റക്ടർ ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ സമ്മേളനത്തെ അഭിസംബോധന ചെയ്തു സംസാരിക്കുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

**4. സി.റ്റി.പി. കോഴ്സ്**

2019-2020 അദ്ധ്യയനവർഷത്തെ സി.റ്റി.പി. കോഴ്സ് 2019 ജൂലൈ 13 ശനിയാഴ്ച രാവിലെ 9 മണിക്ക് ഭരണങ്ങാനം മാതൃഭവനിൽ ആരംഭിക്കുന്നതാണ്.

**ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ** (ഡയറക്ടർ)

## പാലാ മിഷൻ – അദിലാബാദ്

**1. കോനംപേട്ട** മിഷൻ സ്റ്റേറിൽ ജൂൺ മാസം 5-ാം തീയതി ഇടവക മദ്ധ്യസ്ഥനായ ഉണ്ണീശോയുടെ തിരുനാൾ ആഘോഷപൂർവ്വം കൊണ്ടാടി. ഫാ. ജോഷി അമ്പാട്ടിന്റെ മുഖ്യകാർമ്മികത്വത്തിൽ തിരുനാൾ കുർബാനയർപ്പിച്ചു. തുടർന്ന് സ്നേഹവിരുന്ന് നടത്തുന്നു.

**2. ഗൊല്ലപ്പള്ളി** മിഷൻ സ്റ്റേഷനിൽ ജൂൺ 2 മുതൽ 6 വരെ പോപ്പുലർ മിഷൻ ധ്യാനം വിജയകരമായി നടത്തപ്പെട്ടു. ധ്യാനത്തെ തുടർന്ന് ജൂൺ 7-ാം തീയതി ഇടവക തിരുനാളും ആഘോഷമായി നടത്തപ്പെട്ടു. ഫാ. ഐസക് കുറിച്ചിയേൽ തിരുനാൾ കുർബാനയർപ്പിച്ചു. വൈകുന്നേരം 6 മണിക്ക് പ്രദക്ഷിണവും തുടർന്ന് സ്നേഹവിരുന്നും നടന്നു.

**3. വെങ്കിട്ടപുരം** സ്റ്റേഷനിൽ മെയ് മാസം 31 മുതൽ ജൂൺ 2 വരെ ഇടവക തിരുനാൾ ആഘോഷമായി കൊണ്ടാടി. പ്രധാന തിരുനാൾ ദിനമായ ജൂൺ 2-ന് ഫാ. പ്രഭാകറിന്റെ മുഖ്യകാർമ്മികത്വത്തിൽ തിരുനാൾ കുർബാനയർപ്പിച്ചു. തുടർന്ന് പ്രദക്ഷിണവും സ്നേഹവിരുന്നും നടന്നു.

**4. വെങ്കിട്ടപുരം** സ്റ്റേഷനിൽ ജൂൺ 9-ന് പന്തക്കുസ്താതിരുനാൾ ഭക്തിപൂർവ്വം ആഘോഷിച്ചു. അന്നേദിവസം കുട്ടികളെ എഴുത്തിനിരുത്തുകയും അവർക്കുവേണ്ടി പ്രത്യേക പ്രാർത്ഥനകൾ നടത്തുകയും ചെയ്തു.

**5. ആവടം** മിഷൻ സ്റ്റേഷന്റെ നവീകരണ പ്രവർത്തനങ്ങൾ അതിവേഗം പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

**6. മന്നഗുഡം** പള്ളിയുടെയും കോൺവെന്റിന്റെയും നിർമ്മാണപ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലേക്ക് പ്രവേശിച്ചു.

**7. യാത്രയയപ്പു നൽകി** വർഷങ്ങളുടെ സേവനത്തിനുശേഷം പാലാ മിഷനിൽനിന്ന് സ്ഥലം മാറി പോയ ബഹുമാനപ്പെട്ട സിസ്റ്റേഴ്സിന് മെയ് മാസം 1-ാം തീയതി പാലാ മിഷൻ കോ-ഓർഡിനേറ്റർ റവ. ഫാ. ജോർജ് കാരാംവേലിയുടെ നേതൃത്വത്തിൽ നെന്നലയിൽ വച്ചു നടത്തിയ സമ്മേളനത്തിൽ യാത്രയയപ്പും ബഹുമാനപ്പെട്ട സിസ്റ്റേഴ്സിന് സ്നേഹോപകാരവും നൽകി. ആരാധനയോടെ ആരംഭിച്ച സമ്മേളനം സ്നേഹവിരുന്നോടുകൂടി അവസാനിച്ചു.

**8. സ്വീകരണം നൽകി** പാലാ മിഷനിലേക്ക് കടന്നുവന്ന ബഹുമാനപ്പെട്ട സിസ്റ്റേഴ്സിന് ജൂൺ മാസം 12-ാം തീയതി പാലാ മിഷൻ കോ-ഓർഡിനേറ്റർ റവ.ഫാ.

ജോർജ് കാരാംവേലിയുടെ അദ്ധ്യക്ഷതയിൽ നെന്നലയിൽ വച്ചു നടന്നു. സമ്മേളനത്തിൽ പാലാ മിഷനിൽ സിസ്റ്റേഴ്സിന്റെ മഹനീയ പ്രവർത്തനങ്ങൾ സ്നേഹപൂർവ്വം സ്മരിക്കുകയും പുതിയതായി കടന്നുവന്ന സിസ്റ്റേഴ്സിന് എല്ലാവിധ പിന്തുണയും അറിയിക്കുകയും ചെയ്തു. ആരാധനയോടുകൂടി ആരംഭിച്ച സമ്മേളനം സ്നേഹവിരുന്നോടുകൂടി അവസാനിച്ചു.

**ഫാ. ജോർജ് കാരാംവേലിൽ** (കോർഡിനേറ്റർ)

# പാലാ മിഷൻ – ഗുജറാത്ത്

**1. പന്തക്കുസ്താ തിരുനാളും ആദ്യാക്ഷരം കുറിക്കലും**

അഹമ്മദാബാദ് റീജിയന്റെ പൊതുവായിട്ടുള്ള പന്തക്കുസ്താതിരുനാളും, ആദ്യാക്ഷരം കുറിക്കലും സെന്റ് കുര്യാക്കോസ് ഏലിയാസ് സീറോ മലബാർ പള്ളിയിൽ വച്ച് ജൂൺ 8-ാം തീയതി നടത്തപ്പെട്ടു. പതിനൊന്നോളത്തോളം കുരുന്നുകൾ അവരുടെ ആദ്യാക്ഷരം കുറിച്ചു. ചടങ്ങുകൾക്ക് ഗുജറാത്ത് റീജിയൺ വികാരി ജനറാൾ മോൺ. ജോസഫ് കൊല്ലംപറമ്പിൽ, പള്ളി വികാരി ഫാ. ജേക്കബ് വെള്ളമരുതുങ്കൽ, ഫാ. പോൾ പാറപ്ലാക്കൽ, ഫാ. മാത്യു വെങ്ങാലൂർ, ഫാ. ബിനോയി ആലപ്പാട്ട് സി.എം.എഫ്. തുടങ്ങിയവർ നേതൃത്വം കൊടുത്തു.

**2. വൈദികരുടെ മാസധ്യാനം നടത്തപ്പെട്ടു**

ജൂൺ 20-ാം തീയതി ഗുജറാത്ത് റീജിയൺ വൈദികരുടെ മാസധ്യാനം യശോദ നഗർ, സെന്റ് കുര്യാക്കോസ് സീറോ മലബാർ ദൈവാലയത്തിൽ വച്ച് നടത്തപ്പെട്ടു. ഷംഷാബാദ് രൂപതാദ്ധ്യക്ഷൻ മാർ റാഫേൽ തട്ടിൽ ധ്യാനചിന്തകൾ പങ്കുവച്ചു.

**3. പുതിയ ചാപ്പൽ വെഞ്ചരിച്ചു.**

ബറൂക്കിൽ സീറോ മലബാർ കമ്മ്യൂണിറ്റിക്കുവേണ്ടി നിർമ്മിച്ച പുതിയ ചാപ്പൽ രൂപതാദ്ധ്യക്ഷൻ മാർ റാഫേൽ തട്ടിൽ പിതാവ് വെഞ്ചിരിച്ചു. മോൺ. ജോസഫ് കൊല്ലംപറമ്പിൽ, ഫാ. മാത്യു വെങ്ങാലൂർ, ബറൂക്ക് -ആംഗലേശ്വർ സീറോ മലബാർ കമ്മ്യൂണിറ്റി വികാർ ഫാ. ജോൺ ചാവേലിൽ തുടങ്ങിയവർ പങ്കെടുത്തു.

**വികാരിയായി ചാർജ്ജെടുത്തു**

ബറൂക്ക്- ആഗലേശ്വർ സീറോ മലബാർ കമ്മ്യൂണിറ്റിയുടെ പുതിയ വികാരിയായി റവ.ഫാ. ജോൺ ചാവേലിൽ ചാർജ്ജെടുത്തു. ബറൂക്ക് ആഗലേശ്വർ പ്രീസ്റ്റ് ഇൻ-ചാർജ് ആയിരുന്ന റവ. വർഗ്ഗീസ് മന്നാർകുളം എസ്.ജെ. യിൽ നിന്നാണ് കോ-പ്രീസ്റ്റ്-ഇൻ-ചാർജ് ആയിരുന്ന ഫാ. ജോൺ ചാവേലിൽ വികാരിയായി ചാർജ്ജെടുത്തത്.

**5. ആദ്യകുർബാന സ്വീകരണം നടത്തപ്പെട്ടു.**

ബറൂക്ക്-ആഗലേശ്വർ സീറോ മലബാർ കമ്മ്യൂണിറ്റിയിൽനിന്ന് 5 കുഞ്ഞുങ്ങളുടെ ആദ്യകുർബാന സ്വീകരണം നടത്തപ്പെട്ടു. ആദ്യകുർബാന സ്വീകരണത്തിന് ബഹു. വികാരി ജോൺ ചാവേലിൽ അച്ചൻ മുഖ്യകാർമ്മികത്വം വഹിച്ചു.

**6. ഫാദേഴ്സ് ഡേ ആഘോഷിച്ചു**

ബഹുമാനപ്പെട്ട മാത്യു വെങ്ങാലൂർ അച്ചൻ വികാരിയായിരുന്ന സെന്റ് അൽഫോൻസ നവരംഗപുരയിലും വികാരിയായിരുന്ന സെന്റ് കുരിയാക്കോസ് ഇടവകയിലും ഫാദേഴ്സ് ഡേയോട് അനുബന്ധിച്ച് ദിവ്യബലിയും ആഘോഷങ്ങളും സങ്കടിപ്പിക്കപ്പെട്ടു. ഫാ. മിഖായേൽ തോട്ടുങ്കൽ ദിവ്യബലിയർപ്പിച്ച് ഫാദേഴ്സ് ഡേ യുടെ സന്ദേശം നൽകി.

**7. ഇടവക പ്രഖ്യാപനം നടത്തപ്പെട്ടു.**

ജൂൺ 23-ാം തീയതി സെന്റ് കുര്യാക്കോസ് ഏലിയാസ് ചാവറ ചർച്ച്, യശോദനഗർ, മാഹി നഗർ, ഇടവകയെ സ്വാതന്ത്ര്യ ഇടവകയായി അഭിവന്ദ്യ ഷംഷാബാദ് രൂപതാദ്ധ്യക്ഷൻ മാർ റാഫേൽ തട്ടിൽ പിതാവ് ദിവ്യബലിയിൽ പ്രഖ്യാപിച്ചു. ദിവ്യബലിയിൽ ഗുജറാത്ത് റീജിയൻ വികാർ ജനറൽ മോൺ ജോസഫ് കൊല്ലംപറമ്പിൽ, സെന്റ് കുര്യാക്കോസ് ഏലിയാസ് വികാർ, ഫാ. ജേക്കബ് വെള്ളമരുതുങ്കൽ തുടങ്ങിയവർ പങ്കെടുത്തു. അസി. വികാരി ഫാ. മിഖായേൽ തോട്ടുങ്കൽ ചടങ്ങിൽ സന്ദേശം നൽകി.

**ബഹു. ജോസഫ് കൊല്ലംപറമ്പിലച്ചൻ** (വികാരി ജനറാൾ)

# മിഷൻലീഗ് വാർത്തകൾ

**15. ആനിമേറ്റർമാരുടെ സമ്മേളനം**

തിരുബാലസഖ്യം ആനിമേറ്റർമാരുടെ സമ്മേളനം 2019 ജൂൺ 15 ശനിയാഴ്ച രാവിലെ 9.30 മുതൽ 12.30 വരെ ഭരണങ്ങാനം മാതൃഭവനിൽ വച്ചു നടന്നു. പാലാ മാർ അപ്രേം സെമിനാരി ഫോർമേറ്റർ റവ.ഡോ. ജോസഫ് കുറ്റിയാങ്കൽ ക്ലാസുകൾ നയിച്ചു. ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ നിർദ്ദേശങ്ങൾ നൽകി. 2019-2020 പ്രവർത്തന വർഷത്തെ മാർഗരേഖ വിതരണം ചെയ്തു.

**ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ** (ഡയറക്ടർ)

# കെ.സി.എസ്.എൽ.

**1. പുതിയ ഡയറക്ടറച്ചന് സ്വാഗതം**

പാലാ രൂപത കെ. സി. എസ്. എൽ ഡയറക്ടറായി നിയമിതനായ ഫാ. ജോർജ് വരകുകാലാപറമ്പിലിന് കോർപ്പറേറ്റ് സെക്രട്ടറി വെരി. റവ. ഫാ. ബർക്കുമാൻസ് കുന്നുംപുറം, കെ. സി. എസ്. എൽ മുൻ ഡയറക്ടർ ഫാ. കുര്യൻ തടത്തിൽ, രൂപത പ്രസിഡന്റ് ശ്രീമതി സാലി കെ. ജെ, രൂപത ഓർഗനൈസർ ശ്രീ. സോജൻ കെ. ജെ, ടീച്ചേഴ്സ് എക്സിക്യൂട്ടിവ് അംഗങ്ങൾ, കെ. സി. എസ്. എൽ സ്റ്റേറ്റ് സ്റ്റുഡന്റ്സ് ചെയർപേഴ്സൺ മരിയ ഷാജി, രൂപത സ്റ്റുഡന്റ്സ് ചെയർമാൻ ആൽബിൻ ജിജോ, സ്റ്റുഡന്റ്സ് എക്സിക്യൂട്ടീവ് അംഗങ്ങൾ, ബ്രദർ നെവിൻ നങ്ങാപറമ്പിൽ തുടങ്ങിയവർ സ്വാഗതം ചെയ്തു.

**2. രൂപത എക്സിക്യൂട്ടീവ് മീറ്റിംഗ്**

ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് ജൂൺ 3-ാം തീയതി തിങ്കളാഴ്ച

ഉച്ചകഴിഞ്ഞ് 2.30 ന് എക്സിക്യൂട്ടീവ് മീറ്റിംഗ് കോർപ്പറേറ്റ് സെക്രട്ടറി വെരി റവ. ഫാ. ബർക്കുമാൻസ് കുന്നുംപുറത്തിന്റെ അദ്ധ്യക്ഷതയിൽ കൂടുകയും, 2019-20 വർഷത്തെ പ്രവർത്തനങ്ങളെക്കുറിച്ച് ഡയറക്ടർ ഫാ. ജോർജ്ജ് വരകുകാലാപറമ്പിലിന്റെ നേതൃത്വത്തിൽ ചർച്ചചെയ്യുകയും ചെയ്തു. യോഗത്തിൽ എക്സിക്യൂട്ടീവംഗങ്ങൾ എല്ലാവരും സന്നിഹിതരായിരുന്നു. 5 മണിയോടുകൂടി യോഗം സമാപിച്ചു.

**3. സ്റ്റേറ്റ് ആനിമേറ്റേഴ്സ് മീറ്റും സെൻട്രൽ കൗൺസിലും**

ജൂൺ 8-ാം തീയതി ശനിയാഴ്ച എറണാകുളം പി.ഒ.സി യിൽവച്ചു നടന്ന സ്റ്റേറ്റ് ആനിമേറ്റേഴ്സ് മീറ്റിംഗിൽ പാലാ രൂപതയിൽ നിന്നും ഡയറക്ടർ ഫാ. ജോർജ് വരകുകാലാപറമ്പിൽ, പ്രസിഡന്റ് സാലി കെ. ജെ, ഓർഗനൈസർ സോജൻ കെ. ജെ തുടങ്ങിയവർ പങ്കെടുക്കുകയും തുടർന്ന് നടന്ന സെൻട്രൽ കൗൺസിൽ മീറ്റിംഗിൽ സംബന്ധിക്കുകയും ചെയ്തു. സ്റ്റേറ്റ് ചെയർപേഴ്സൺ മരിയ ഷാജിയും, യു. പി സെക്രട്ടറി ഇമ്മാനുവൽ തോമസും സെൻട്രൽ കൗൺസിലിൽ പങ്കെടുത്തു.

**4. ടീച്ചേഴ്സ്  എക്സിക്യൂട്ടീവ് മീറ്റിംഗ്**

ജൂൺ, ജൂലൈ മാസങ്ങളിൽ നടക്കാനിരിക്കുന്ന ടീച്ചേഴ്സ് ആനി മേറ്റേഴ്സ് മീറ്റ്, സ്റ്റുഡന്റ്സ് ലീഡേഴ്സ് ക്യാമ്പ്, രൂപത പ്രവർത്തനോത്ഘാടനം എന്നിവയെക്കുറിച്ച് ചർച്ച ചെയ്യുന്നതിനായി ടീച്ചേഴ്സ് എക്സിക്യൂട്ടീവ് അടിയന്തിരമായി ജൂൺ 11 -ാം തീയതി ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് ഷലോം പാസ്റ്ററൽ സെന്ററിൽ ഡയറക്ടർ ഫാ. ജോർജ് വരകുകാലാപറമ്പിലിന്റെ നേതൃത്വത്തിൽ ചേർന്നു.

**5. കെ. സി. എസ്. എൽ സ്കൂൾ ആനിമേറ്റേഴ്സ് സംഗമവും അനുമോദന യാത്രയയപ്പ് സമ്മേളനും**

പാലാ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് ജൂൺ 22-ാം തീയതി ശനിയാഴ്ച രാവിലെ 10 മണി മുതൽ ഉച്ചകഴിഞ്ഞ് 3 മണിവരെ സ്കൂൾ ടീച്ചേഴ്സിനായുള്ള ആനിമേറ്റേഴ്സ് മീറ്റ് നടത്തി. ഉദ്ഘാടനസമ്മേളനത്തിൽ ഡയറക്ടർ ഫാ. ജോർജ് വരകുകാലാപറമ്പിൽ സ്വാഗതം ആശംസിച്ചു. പാലാ രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് സമ്മേളനം ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി. രൂപത പ്രസിഡന്റ് സാലി കെ.ജെ അദ്ധ്യക്ഷത വഹിച്ചു. കോർപ്പ റേറ്റ് സെക്രട്ടറി വെരി റവ. ഫാ. ബർക്കുമാൻസ് കുന്നുംപുറം മുഖ്യപ്രഭാഷണം നടത്തി. മൂന്നു വർഷക്കാലം പാലാ രൂപത കെ.സി.എസ്.എലിനെ നയിച്ച ഫാ. കുര്യൻ തടത്തിലിന് ബിഷപ്പ് മാർ ജോസഫ് കല്ലറങ്ങാട്ട് മെമന്റോ നൽകുകയും സ്റ്റേറ്റ് ഡയറക്ടറായി ചുമതലയേറ്റ അച്ചനെ അനുമോദിക്കുകയും ചെയ്തു. വൈസ് പ്രസിഡന്റ് പ്രിറ്റി അഗസ്റ്റിൻ, സ്റ്റുഡന്റ്സ് ചെയർമാൻ ആൽബിൻ ജിജോ എന്നിവർ ഫാ. കുര്യൻ തടത്തിലിന് ആശംസകളർപ്പിച്ച് സംസാരിച്ചു.

ഫാ. ബിജി കോയിപ്പള്ളി, സി. ബെന്നറ്റ് എഫ്.സി.സി. എന്നിവർ ആനിമേറ്റേഴ്സിന് ക്ലാസുകൾ നയിക്കുകയും ചെയ്തു.

**6. സ്റ്റുഡന്റ്സ് എക്സിക്യൂട്ടീവ്**

പാലാ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് ജൂൺ 22ാം തീയതി ശനിയാഴ്ച രാവിലെ 11 മണിക്ക് സ്റ്റുഡന്റ്സ് എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജോർജ് വരകുകാലാപറമ്പിലിന്റെ നേതൃത്വത്തിൽ ചേർന്നു. കഴിഞ്ഞ ഒരു വർഷക്കാലം കെ. സി. എസ്. എൽ സ്റ്റുഡന്റ്സ് എക്സിക്യൂട്ടീവംഗങ്ങളായിരുന്ന കുട്ടികൾക്ക് ഡയറക്ടറച്ചൻ സമ്മാനം നൽകുകയും ചെയ്തു.

**ഫാ. ജോർജ് വരകുകാലാപറമ്പിൽ** (ഡയറക്ടർ)

# എസ്.എം.വൈ.എം.

**1. എസ്.എം.വൈ.എം. പ്രവർത്തനോദ്ഘാടനം**

മെയ് 26, ഞായറാഴ്ച പൂവരണി തിരുഹൃദയ പള്ളി പാരിഷ് ഹാളിൽ എസ്.എം.വൈ.എം. പാലാ മേഖലാ ഉദ്ഘാടനവും 2019–20 പ്രവർത്തനവർഷോദ്ഘാടനവും രൂപത ഡയറക്ടർ ഫാ. സിറിൽ തയ്യിൽ നിർവ്വഹിച്ചു. പൂവരണി പള്ളി വികാരി റവ. ഫാ. കുര്യൻ കാലായിൽ അദ്ധ്യക്ഷത വഹിച്ചു. സഭയും യുവാക്കളും ഒന്നിച്ചു പ്രവർത്തിക്കേണ്ട ആവശ്യകതയെപ്പറ്റി പ്രൊഫ. ടോമി ചെറിയാൻ ക്ലാസ്സെടുത്തു. മേഖലാ ഡയറക്ടർ റവ. ഫാ. മാത്യു തുരുത്തിപ്പള്ളിൽ, പ്രസിഡന്റ് ആൽബിൻ പ്ലാത്തോട്ടത്തിൽ, യൂണിറ്റ് ഡയറക്ടർ റവ. ഫാ. തോമസ് കുമ്പുക്കൽ, ജോയിന്റ് ഡയറക്ടർ സിസ്റ്റർ റാണിലിറ്റ് എസ്.എച്ച്. എന്നിവർ പ്രസംഗിച്ചു.

**2. '19 for Jesus ന്റെ സമാപനം 28ന് അരുവിത്തുറയിൽ**

എസ്.എം.വൈ.എം. പാലാ രൂപതയുടെ ആഭിമുഖ്യത്തിലുള്ള **'19 for** ജീസസിന്റെ അവസാനഘട്ടം 28–ന് അരുവിത്തുറ സെന്റ് ജോർജ് ഫൊറോന പള്ളിയിൽ വച്ച് നടത്തപ്പെട്ടു. അരുവിത്തുറ, കൂട്ടിക്കൽ, പൂഞ്ഞാർ, തീക്കോയി എന്നീ ഫൊറോനകളിലെ 2019,2018,2017 വർഷങ്ങളിൽ പന്ത്രണ്ടാം ക്ലാസ് വിശ്വാസപരിശീലനം പൂർത്തിയാക്കിയ യുവതീയുവാക്കന്മാരാണ് സംഗമത്തിൽ പങ്കെടുത്തത്. രാവിലെ 9.30 ന് മോൺ. സെബാസ്റ്റ്യൻ വേത്താനത്ത് വിശുദ്ധ കുർബാന അർപ്പിച്ചു സന്ദേശം നൽകി. സൺഡേ സ്കൂൾ പ്രഥമാധ്യാപകരെയും പന്ത്രണ്ടാം ക്ലാസ് അധ്യാപകരെയും എസ്.എം.വൈ.എം. മേഖലാ ഭാരവാഹികളെയും പന്ത്രണ്ടാം ക്ലാസിൽ ഫുൾ എ പ്ലസ് കിട്ടിയവരെയും സമ്മേളനത്തിൽ ആദരിച്ചു.

വെരി റവ. ഫാ. അഗസ്റ്റിൻ പാലയ്ക്കപ്പറമ്പിൽ, റവ.ഫാ. ജോസഫ് അമ്പാട്ടുപടവിൽ, റവ. ഫാ. ജോർജ് പൈമ്പള്ളിൽ, റവ.ഫാ. ജെയിംസ് വാരണത്ത്, എസ്.എം.വൈ.എം. പാലാ രൂപത ഡയറക്ടർ, ഫാ. സിറിൽ തയ്യിൽ, ജോയിന്റ് ഡയറക്ടർ സി. ഷൈനി ഡി.എസ്.റ്റി, രൂപത പ്രസിഡന്റ് സെബാസ്റ്റ്യൻ തോട്ടത്തിൽ, ജനറൽ സെക്രട്ടറി ദേവസ്യാച്ചൻ പുളിക്കൽ, മേഖലാ പ്രസിഡന്റുമാരായ അമൽ, ടിജോ, അശ്വിൻ, ബോവാസ്, റിജോ, അമൽ ബാബു, വൈസ് പ്രസിഡന്റ് റീതു ജോർജ്, രൂപതാ ഭാരവാഹികളായ സെബാസ്റ്റ്യൻ ജോയി, റോഷ്നി

ജോർജ്, ജെറിൻ ബേബി, ജിനു ജോസഫ്, അഞ്ജുമോൾ ജോണി, റിബിൻ ജോസ്, ജോസഫ് സാവിയോ, ആന്റോ ജോർജ്, ടെൽമ ബേബി, ബ്രദർ തോമസ് പടി ഞ്ഞാറെമുറിയിൽ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**3. സേവ് അവർ നേച്ചർ പ്രോജക്ട് ഉദ്ഘാടനം**

എസ്.എം.വൈ.എം. അരുവിത്തുറ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ജൂൺ 28-ന് സേവ് അവർ നേച്ചർ പ്രോജക്ട് ഉദ്ഘാടനം ചെയ്തു. അരുവിത്തുറ പള്ളി അങ്കണത്തിൽ വിവിധ സ്ഥലങ്ങളിൽ വേസ്റ്റ് ബിൻ സ്ഥാപിച്ചാണ് അരുവിത്തുറ ഫൊറോന വികാരി വെരി റവ. ഫാ. അഗസ്റ്റിൻ പാലയ്ക്കപ്പറമ്പിൽ ഉദ്ഘാടനം നിർവ്വഹിച്ചത്. എസ്.എം.വൈ.എം. പാലാ രൂപതാ ഡയറക്ടർ ഫാ. സിറിൽ തയ്യിൽ, മേഖല ഡയറക്ടർ റവ. ഫാ. ജോസഫ് അമ്പാട്ടുപടവിൽ, ഫാ. ജോർജ് പൈമ്പ ള്ളിൽ, സി. ഷൈനി ഡി.എസ്.റ്റി, രൂപതാ പ്രസിഡന്റ് സെബാസ്റ്റ്യൻ തോട്ടത്തിൽ, ജനറൽ സെക്രട്ടറി ദേവസ്യാച്ചൻ പുളിക്കൽ, വൈസ് പ്രസിഡന്റ് റീത്തു ജോർജ്, യൂണിറ്റ് പ്രസിഡന്റ് അമൽ ബാബു, എബിൻ ബെന്നി, സഞ്ജു ജേക്കബ്, റീജന്റ് തോമസ് പടിഞ്ഞാറേമുറിയിൽ, യൂണിറ്റ് – രൂപതാ ഭാരവാഹികൾ എന്നിവർ സന്നി ഹിതരായിരുന്നു.

**4. മേഖലാ പ്രസിഡന്റുമാരുടെയും സെക്രട്ടറിമാരുടെയും യോഗം**

ജൂൺ 2 ഞായറാഴ്ച മേഖലാ പ്രസിഡന്റുമാരുടെയും സെക്രട്ടറിമാരു ടെയും കോർ കമ്മിറ്റിയുടെയും സംയുക്തയോഗം ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു. മേഖലാതല പ്രവർത്തനങ്ങൾ, കായിക മത്സരങ്ങൾ, പരിസ്ഥിതി ദിനാചരണം എന്നിവയെപ്പറ്റി ചർച്ചകൾ നടന്നു.

**5. യൂണിറ്റ് ഉദ്ഘാടനം**

ജൂൺ 8 ശനിയാഴ്ച ചേറ്റുതോട് ഫാത്തിമമാതാ പള്ളിയിൽ വച്ച് റവ. ഫാ. ജോസഫ് കാപ്പിലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ എസ്.എം. വൈ.എം. രൂപതാ ഡയറക്ടർ ഫാ. സിറിൽ തയ്യിൽ യൂണിറ്റ് ഉദ്ഘാടനം നിർവ്വ ഹിച്ചു. പാലാ യുവജനപ്രസ്ഥാനത്തിന്റെ പ്രഥമ പ്രസിഡന്റ് ശ്രീ. ജോസഫ് മൈലാടി, എസ്.എം.വൈ.എം. പാലാ സെക്രട്ടറി ശ്രീമതി റോഷ്നി ജോർജ് പേഴും കാട്ടിൽ എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു.

**6. കെ.സി.വൈ.എം. യൂത്ത് ഫോർ പീസ് യാത്രയ്ക്ക് പാലായിൽ സ്വീക രണം**

മതേതരത്വം സംരക്ഷിക്കുവാനും ലോകസമാധാനം പ്രഖ്യാപിക്കുവാ നുമായി കെ.സി.വൈ.എം. സംസ്ഥാനസമിതിയുടെ ആഭിമുഖ്യത്തിൽ ജൂൺ 13 വ്യാഴാഴ്ച നടത്തിയ സമാധാനയാത്രയ്ക്ക് പാലാ രൂപത എസ്.എം.വൈ.എം. സ്വീകരണം നല്കി. കെ.സി.വൈ.എം. സംസ്ഥാന പ്രസിഡന്റ് സിറിയക് ചാഴി ക്കാടൻ യാത്രയ്ക്ക് നേതൃത്വം നൽകി. തുടർന്നു പാലാ രൂപത എസ്.എം.വൈ. എം. പ്രസിഡന്റ് സെബാസ്റ്റ്യൻ തോട്ടത്തിലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗ ത്തിൽ പാലാ രൂപത എസ്.എം.വൈ.എം. ഡയറക്ടർ ഫാ. സിറിൽ തയ്യിൽ സ്വാഗതം ആശംസിച്ചു. കെ.സി.വൈ.എം. സംസ്ഥാന ജനറൽ സെക്രട്ടറി ബിജോ പി. ബാബു, എം.സി.വൈ.എം. മൂവാറ്റുപുഴ രൂപത ഡയറക്ടർ റവ. ഫാ. കുര്യാ

ക്കോസ് കറുത്തേടം, എസ്.എം.വൈ.എം. പാലാ രൂപത ജനറൽ സെക്രട്ടറി ദേവസ്യാച്ചൻ പുളിക്കൽ എന്നിവർ സന്ദേശം നൽകി. സമാധാന ചിന്തകൾ കുട്ടികളിലും യുവാക്കളിലും വളർത്താൻ ഉതകുന്ന രീതിയിൽ വിദ്യാഭ്യാസതലത്തിൽ തന്നെ സാരമായ മാറ്റങ്ങൾ ആവശ്യമെങ്കിൽ വരുത്തണമെന്ന് കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളോട് സിറിയക് ചാഴിക്കാടൻ ആവശ്യപ്പെട്ടു.

**7. കൈത്താങ്ങ്**

പാലാ രൂപതയിൽപ്പെട്ട നിർധനരായ കുട്ടികളെ സഹായിക്കുവാനായി എസ്.എം.വൈ.എം. പാലാ രൂപത യൂണിറ്റുകളുടെ സഹായത്തോടെ നടപ്പാക്കുന്ന വിദ്യാഭ്യാസസഹായപദ്ധതിയാണിത്. പഠനോപകരണങ്ങൾ, സാമ്പത്തികം എന്നിവ സ്വീകരിച്ച് അർഹതപ്പെട്ടവർക്കു നല്കുന്നു.

**8. കായിക മത്സരങ്ങൾ**

യുവജനങ്ങളുടെ ആരോഗ്യം സംരക്ഷിക്കുക, നല്ല തലമുറയെ വളർത്തിയെടുക്കുക എന്നീ ലക്ഷ്യങ്ങളോടെ പാലാ രൂപതയിലെ യുവജനങ്ങൾക്കായി ഫൊറോന തലത്തിൽ ഫുട്ബോൾ, വോളിബോൾ, ബാഡ്മിന്റൺ ടൂർണമെന്റുകൾ എസ്.എം.വൈ.എം.ന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ചുവരുന്നു. 17 മേഖലകളിൽനിന്നു ഒന്നാം സ്ഥാനം കരസ്ഥമാക്കുന്ന ടീമുകളെ ഒരുമിപ്പിച്ച് രൂപതാതലത്തിൽ ഫൈനൽ പോരാട്ടം നടത്തും.

മാർ സെബാസ്റ്റ്യൻ വയലിൽ മെമ്മോറിയൽ ഫുട്ബോൾ ടൂർണമെന്റ്, നിധീരിക്കൽ മാണിക്കത്തനാർ മെമ്മോറിയൽ വോളിബോൾ ടൂർണമെന്റ്, പാറേമാക്കൽ തോമ്മാ ഗോവർണദോർ ബാഡ്മിന്റൺ ഡബിൾസ് ടൂർണമെന്റ്.

**9. രൂപതാ ഓഫീസ് സന്ദർശനം**

യൂണിറ്റംഗങ്ങൾ രൂപതാകേന്ദ്രം സന്ദർശിക്കുന്ന പരിപാടി ആരംഭിച്ചു. പൂഞ്ഞാർ യൂണിറ്റംഗങ്ങൾ ഡയറക്ടർ റവ.ഫാ. ഡെൻസൺ കൂറ്റാരപ്പള്ളിയുടെ നേതൃത്വത്തിൽ ജൂൺ 22 ശനിയാഴ്ച ഓഫീസിലെത്തി.

**10. Triple F Programme**

യുവതീയുവാക്കൾക്കായി Faith Formation Follow up Programme രൂപതാതലത്തിൽ നടത്തപ്പെടുന്നു. രണ്ടാം ശനിയാഴ്ച പാലായിലുള്ള സ്നേഹഗിരി മിഷനറി സിസ്റ്റേഴ്സ് ജനറലേറ്റിലും മൂന്നാം ശനിയാഴ്ച കുമ്മണ്ണൂർ ചിൽഡ്രൻസ് ഹോമിലും ഉച്ചകഴിഞ്ഞ് 2.30 മുതൽ 5 വരെ ക്ലാസുകൾ നടത്തപ്പെടുന്നു.

**നടക്കാനിരിക്കുന്നവ**

**എസ്.എം.വൈ.എം. പാലാ രൂപത അർധവാർഷിക സെനറ്റ്**

രൂപതാ-മേഖല-യൂണിറ്റ് തലങ്ങളിലെ ആറു മാസത്തെ പ്രവർത്തനങ്ങളെ വിലയിരുത്തുവാനും മേഖലാ റിപ്പോർട്ടുകൾ അവതരിപ്പിക്കുവാനും ആയി മേഖലാ ഭാരവാഹികളും യൂണിറ്റ് പ്രസിഡന്റുമാരും ജൂലൈ 14 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2-ന് ഷലോം പാസ്റ്ററൽ സെന്ററിൽ സമ്മേളിക്കുന്നു.

**ഫാ. സിറിൽ തയ്യിൽ (ഡയറക്ടർ)**

# ജീസസ് യൂത്ത്

**1. നഴ്സിംഗ് കോളജ് ധ്യാനം - ചേർപ്പുങ്കൽ**

ചേർപ്പുങ്കൽ മാർ സ്ലീബാ നഴ്സിംഗ് കോളേജിലെ ധ്യാനം ജീസസ് യൂത്ത് ടീമിന്റെ ആഭിമുഖ്യത്തിൽ ജൂൺ 5,6,7,8 തീയതികളിൽ നടന്നു. മോൺ ജോസഫ് കുഴിഞ്ഞാലിൽ വി. ബലിയർപ്പിച്ച് സന്ദേശം നൽകി ധ്യാനത്തിനു തുടക്കം കുറിച്ചു. ഫാ. തോമസ് കോഴിമല, ഫാ. കുര്യൻമറ്റം, ഫാ. തോമസ് ഓലായത്തിൽ, ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, നന്ദു ജോൺ, ഡോ. ആൻസി ജോർജ്, ജോയ്സി തോമസ് എന്നിവർ വചനശുശ്രൂഷകൾ നടത്തി. ഡയറക്ടർ ഫാ. തോമസ് വെടിക്കുന്നേൽ പ്രിൻസിപ്പൽ ഡോ. തെയ്യാമ്മ ജോസഫ് എന്നിവർ നേതൃത്വം നൽകി.

**2. ശുശ്രൂഷാ സമിതികളുടെ രൂപീകരണം**

ജീസസ് യൂത്തിന്റെ വിവിധ ശുശ്രൂഷകൾക്ക് നേതൃത്വം കൊടുക്കുന്ന സമിതികളെ മെയ് 30-ന് ശാലോമിൽ ചേർന്ന സമ്മേളനത്തിൽ തിരഞ്ഞെടുത്തു. വിവിധ മിനിസ്ട്രികളിലെ അംഗങ്ങളെയും കോർഡിനേറ്റർമാരെയും യോഗം നിയോഗിച്ചു. ഷാലു സുബാഷ് (മദ്ധ്യസ്ഥപ്രാർത്ഥന) സെബാസ്റ്റ്യൻ ടോം ജോസഫ് (ടീൻസ്) സുബിൻ ലൂക്കോസ് (കാമ്പസ്), രാജു ചാക്കോ (കിഡ്സ് മിനിസ്ട്രി), മരിയാമോൾ ജോസഫ് (പാരീഷ്), റോണി എസ്. ടോണി (ഫിനാൻസ്) എന്നിവർ കോർഡിനേറ്റർമാരായി തിരഞ്ഞെടുക്കപ്പെട്ടു.

**3. രാത്രി ആരാധന**

ജീസസ് യൂത്തിന്റെ രാത്രി ആരാധന അരുണാപുരം ഇടവക ദൈവാലയത്തിൽ ജൂൺ 7-ന് നടന്നു. ഷാജിമോൻ പനച്ചിക്കരോട്ട് വചനസന്ദേശം നൽകി. ഫാ. തോമസ് തയ്യിൽ, റോയി ജോസഫ്, ക്ലിജോ കണിയാംപടി, ജോൺ വിവേക് റോയി, ബിജീഷ് എന്നിവർ ശുശ്രൂഷകൾ നയിച്ചു.

**4. യുവജനധ്യാനം**

ജീസസ് യൂത്തിന്റെ നേതൃത്വത്തിലുള്ള 'കെയ്റോസ്' യുവജനധ്യാനം ജൂൺ 7,8,9 തീയതികളിൽ കടുത്തുരുത്തി എസ്.വി.ഡി. ധ്യാനമന്ദിരത്തിൽ നടന്നു. ഫാ. കുര്യൻ മറ്റം, ഫാ. തോമസ് അയിലുക്കുന്നേൽ, ഫാ. ജീമോൻ, അനിതാ ജോജി, ബിലാസ് ജോസഫ് എന്നിവർ ശുശ്രൂഷകൾ നയിച്ചു.

**5. മംഗളവാർത്താധ്യാനം**

ഗർഭിണികൾക്കും അവരുടെ ജീവിത പങ്കാളികൾക്കും കുഞ്ഞുങ്ങൾക്കുവേണ്ടി കാത്തിരിക്കുന്ന ദമ്പതികൾക്കും വേണ്ടിയുള്ള മംഗളവാർത്താധ്യാനം ജൂൺ 14,15,16,17 തീയതികളിൽ കൊടുമ്പിടി താബോർ ധ്യാനകേന്ദ്രത്തിൽ നടന്നു. മോൺ. സെബാസ്റ്റ്യൻ വേത്താനത്ത്, ഫാ. കുര്യൻ മറ്റം, ഫാ. ജോർജ് മുളങ്ങാട്ടിൽ, ഫാ. തോമസ് കോഴിമല എം.സി.ബി.എസ്., സി. ഡോ. ശാന്തി, ജോൺസൺ കണ്ടത്തിൽ, ഡോ. റ്റി.സി. തങ്കച്ചൻ, തോമസ് കുര്യൻ, റവ. സി. ലൂസിൻമേരി, ജോർജ്കുട്ടി ഒഴുകയിൽ, ജോസ് മാത്യു, ഔതച്ചൻ എന്നിവർ ക്ലാസുകൾ നയിച്ചു. മോൺ. ജോസഫ് മലേപ്പറമ്പിൽ, മോൺ സെബാസ്റ്റ്യൻ വേത്താ

നത്ത് എന്നിവർ വി. ബലിയർപ്പിച്ച് സന്ദേശം നൽകി. സി. ലെയോണില, ജോസ് മാത്യു, ജോസ്കുട്ടി ജേക്കബ്, ഡോ. ജോസ് മാത്യു കണിയാംപടി, സജി, ടോണി, റോണി എന്നിവർ നേതൃത്വം കൊടുത്തു.

**6. പന്തക്കുസ്താ ആഘോഷവും സമർപ്പണദിനവും**

പന്തക്കുസ്താതിരുനാൾ ആചരണം രൂപതാ കരിസ്മാറ്റിക് പ്രസ്ഥാനത്തോടു യോജിച്ച് പാലാ കത്തീഡ്രൽ പാരീഷ് ഹാളിൽ ജൂൺ 9-ന് നടത്തി. ഉച്ചവരെയുള്ള ശുശ്രൂഷകൾ ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, മോൺ. ജോസ് നവാസ് എന്നിവർ നയിച്ചു. ഉച്ചകഴിഞ്ഞുള്ള സമർപ്പണ ശുശ്രൂഷകൾക്ക് ഫാ. കുര്യൻ മറ്റം, ഫാ. സിറിൽ തയ്യിൽ എന്നിവർ നേതൃത്വം നൽകി. ജോസ് മാത്യു, ബിലാസ് ജോസഫ്, ക്ലിജോ കണിയാംപടി എന്നിവർ സമർപ്പണത്തിന്റെ വിവിധ തലങ്ങളെക്കുറിച്ചു സംസാരിച്ചു. 200-ലധികം പേർ ജീസസ് യൂത്തിന്റെ സമർപ്പണ പ്രതിജ്ഞ നടത്തി. ജോൺ വിവേക് റോയി, മെറിൻ ചൊവ്വാറ്റുകുന്നേൽ എന്നിവർ ശുശ്രൂഷകൾക്കു നേതൃത്വം നൽകി.

**7. രണ്ടാം ശനിയാഴ്ച കൂട്ടായ്മ**

ജീസസ് യൂത്തിന്റെ രണ്ടാം ശനിയാഴ്ച കൂട്ടായ്മ ജൂൺ 8-ന് പാലാ സെന്റ് തോമസ് ഹയർ സെക്കണ്ടറി സ്കൂൾ ഓഡിറ്റോറിയത്തിൽ നടന്നു. ഫാ. കുര്യൻ മറ്റം, ജോർജ്കുട്ടി വടക്കൻ എന്നിവർ വചനശുശ്രൂഷ നടത്തി. ക്ലിജോ കണിയാംപടി, സ്റ്റാനി, ജോയ്സി തോമസ് എന്നിവർ ശുശ്രൂഷകൾക്കു നേതൃത്വം നൽകി. ദിവ്യകാരുണ്യ ആരാധനയോടെ ശുശ്രൂഷകൾ സമാപിച്ചു.

**8. സംഗീതശുശ്രൂഷകരുടെ സംഗമം**

ജീസസ് യൂത്തിലെ സംഗീത ശുശ്രൂഷകരുടെ സംഗമം ജൂൺ 22-ന് ശാലോമിൽ നടന്നു. ജിയോ മെക്കിൾ, നന്ദു, അഭിഷേക്, ടോണി, അലീന എന്നിവർ പ്രോഗ്രാമിനു നേതൃത്വം കൊടുത്തു.

**9. ഏകദിന ദൈവാനുഭവ സെമിനാർ - മൂലമറ്റം എസ്.എച്ച്. സ്കൂൾ**

ജീസസ് യൂത്തിന്റെ ആഭിമുഖ്യത്തിൽ മൂലമറ്റം എസ്.എച്ച്. ഇംഗ്ലീഷ് മീഡിയം സ്കൂളിലെ വിദ്യാർത്ഥികൾക്കുവേണ്ടി ഏകദിന ദൈവാനുഭവ സെമിനാർ ജൂൺ 22-ന് നടന്നു. വികാരി റവ.ഫാ. ജോർജ് മണ്ഡപത്തിൽ ഉദ്ഘാടനം നിർവ്വഹിച്ചു. ഫാ. കുര്യൻ മറ്റം, അനിതാ ജോജി, ജോസ് മാത്യു എന്നിവർ ക്ലാസുകൾ നയിച്ചു. പ്രിൻസിപ്പൽ സി. ഡെയ്സി, സി. ബെന്നോ, ജോൺ വിവേക് റോയി, സെബാസ്റ്റ്യൻ ടോം, മരിയാമോൾ ജോസഫ്, മരിയാ ബാബു, ആൻമരിയ, ഗ്ലാഡിയ എന്നിവർ ശുശ്രൂഷകൾക്കു നേതൃത്വം നൽകി.

**10. മിനിസ്ട്രികളുടെ കൂട്ടായ്മയും അഭിഷേകപ്രാർത്ഥനയും**

ജീസസ് യൂത്തിന്റെ വിവിധ മിനിസ്ട്രികളിൽപ്പെട്ടവരുടെ കൂട്ടായ്മയും അഭിഷേക പ്രാർത്ഥനകളും ഭരണങ്ങാനം അൽഫോൻസാ റെസിഡൻഷ്യൽ സ്കൂളിൽ ജൂൺ 21-ന് നടന്നു. ഫാ. കുര്യൻ മറ്റം വചനശുശ്രൂഷ നടത്തി. ജോസ് മാത്യു ദിവ്യകാരുണ്യ ആരാധന നയിച്ചു. ദിവ്യകാരുണ്യ ആരാധന മദ്ധ്യേ ശുശ്രൂഷകരുടെ മേൽ ഫാ. കുര്യൻ മറ്റം കൈവയ്പു പ്രാർത്ഥന നടത്തി. ക്ലിജോ കണിയാംപടി, ജോൺ വിവേക് റോയി, സി. ജോൺസി എഫ്.സി.സി., മെറിൻ ചൊവ്വാറ്റുകുന്നേൽ എന്നിവർ നേതൃത്വം കൊടുത്തു.

**11. ഹൗസ് ഹോൾസ് കൂട്ടായ്മ**

ജീസസ് യൂത്തിന്റെ ഹൗസ് ഹോൾസ് കൂട്ടായ്മ ഷാലോമിൽ ജൂൺ 30-ന് ചേർന്നു. ഫാ. കുര്യൻ മറ്റം, ഫാ. സിറിൽ തയ്യിൽ, ക്ലിജോ കണിയാംപടി, മാത്യു എം. കുര്യാക്കോസ് എന്നിവർ നയിച്ചു.

**ഫാ. കുര്യൻ മറ്റം, ഫാ. സിറിൽ തയ്യിൽ** (ഡിറക്ടേഴ്സ്)

# കുടുംബകൂട്ടായ്മ

30-5-2019 : പാലാ ദൂതിന്റെ മൂന്നാം ലക്കം സെന്റ് തോമസ് പ്രസ് അനക്സിൽ വച്ച് ഫൊറോന കോ-ഓർഡിനേറ്റർമാർ എല്ലാ ഇടവകകളിലേയ്ക്കുമുള്ളത് ബണ്ടിലുകൾ ആക്കുകയും ഇടവകകളിൽ എത്തിക്കുകയും ചെയ്തു.

06-06-2019 : കുടുംബകൂട്ടായ്മ രൂപതാ കൗൺസിൽ അംഗങ്ങൾ രാവിലെ 9.30 ന് ഷാലോം പാസ്റ്ററൽ സെന്റർ ചാപ്പലിൽ ഒന്നിച്ചുകൂടി പ്രതിമാസ മദ്ധ്യസ്ഥ പ്രാർത്ഥന നടത്തി. പ്രാർത്ഥനകൾക്ക് രൂപതാ ഡയറക്ടർ റവ. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, രൂപത കോർഡിനേറ്റർ തോമസ് വടക്കേൽ, രൂപതാ ആനിമേറ്റേഴ്സ് സി. ജോസ് മേരി എഫ്.സി.സി., സി. ജെയ്സി സി.എം.സി. എന്നിവർ നേതൃത്വം നൽകി.

രാവിലെ 11 ന് രൂപതാകൗൺസിൽ യോഗം ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു. ഫൊറോന ജനറൽ ബോഡി മീറ്റിംഗ് എല്ലാ ഫൊറോനകളിലും വിളിച്ചുകൂട്ടുവാൻ തീരുമാനിച്ചു.

**ഫൊറോന ജനറൽ ബോഡി സമ്മേളനങ്ങൾ**

17-6-2019 : രാവിലെ 10 ന് തീക്കോയി ഫൊറോന ജനറൽ ബോഡി സമ്മേളനം ഫൊറോനാ കേന്ദ്രത്തിൽ വച്ച് നടത്തപ്പെട്ടു.

രാവിലെ 11.30 ന് പൂഞ്ഞാർ ഫൊറോനാ ജനറൽ ബോഡി സമ്മേളനം ഫൊറോനാ കേന്ദ്രത്തിൽ വച്ച് നടത്തപ്പെട്ടു. തീക്കോയി ഫൊറോന വികാരി ബഹു. ഫാ. തോമസ് മേനാച്ചേരി അധ്യക്ഷത വഹിച്ചു സംസാരിച്ചു.

18-6-2019 : രാവിലെ 10 ന് ഭരണങ്ങാനം ഫൊറോന ജനറൽ ബോഡി സമ്മേളനം ഫൊറോനാ കേന്ദ്രത്തിൽ വച്ച് നടത്തപ്പെട്ടു. ഭരണങ്ങാനം ഫൊറോന പള്ളി അസി. വികാരി ബഹു. ഫാ. മാത്യു കുരിശുംമൂട്ടിൽ അധ്യക്ഷത വഹിച്ചു സംസാരിച്ചു.

രാവിലെ 11.30 ന് പാലാ സെന്റ് തോമസ് കത്തീഡ്രൽ ഫൊറോന ജനറൽ ബോഡി സമ്മേളനം ഫൊറോന കേന്ദ്രത്തിൽ വച്ച് നടത്തപ്പെട്ടു. ഉച്ചയ്ക്ക് 3 ന് ചേർപ്പുങ്കൽ ഫൊറോന ജനറൽ ബോഡി മീറ്റിംഗ് ഫൊറോന കേന്ദ്രത്തിൽ വച്ച് നടത്തപ്പെട്ടു. ചേർപ്പുങ്കൽ ഫൊറോന പള്ളി അസി. വികാരി ബഹു. ഫാ. ജെയിംസ് മടിക്കാങ്കൽ അധ്യക്ഷത വഹിച്ചു.

20-6-2019 രാവിലെ 10 ന് അരുവിത്തുറ ഫൊറോന ജനറൽ ബോഡി സമ്മേളനം ഫൊറോന കേന്ദ്രത്തിൽവച്ച് നടത്തപ്പെട്ടു.

ഉച്ചയ്ക്ക് 12 ന് മൂലമറ്റം ഫൊറോനാ ജനറൽ ബോഡി സമ്മേളനം ഫൊറോന കേന്ദ്രത്തിൽവച്ച് നടത്തപ്പെട്ടു. അരുവിത്തുറ ഫൊറോനപള്ളി വികാരി ബഹു. അഗസ്റ്റിൻ പാലയ്ക്കാപറമ്പിൽ അധ്യക്ഷത വഹിച്ചു സംസാരിച്ചു.

ഉച്ചയ്ക്ക് 3 ന് തുടങ്ങനാട് ഫൊറോന ജനറൽ ബോഡി സമ്മേളനം ഫൊറോനാകേന്ദ്രത്തിൽ വച്ച് നടത്തപ്പെട്ടു. തുടങ്ങനാട് ഫൊറോനപള്ളി വികാരി ബഹു. തോമസ് പുല്ലാട്ട് അച്ചൻ അധ്യക്ഷത വഹിച്ചു. അസി. വികാരി ഫ്രാൻസിസ് മാട്ടേൽ പങ്കെടുത്തു.

22-6-2019 രാവിലെ 10 ന് കടുത്തുരുത്തി ഫൊറോനാ ജനറൽ ബോഡി സമ്മേളനം ഫൊറോനകേന്ദ്രത്തിൽ വച്ച് നടത്തപ്പെട്ടു. കടുത്തുരുത്തി ഫൊറോന വികാരി ബഹു. ദേവസ്യാച്ചൻ കൊല്ലംപറമ്പിൽ അധ്യക്ഷത വഹിച്ചു. രാവിലെ 11.30 ന് മുട്ടുചിറ ഫൊറോന ജനറൽ ബോഡി സമ്മേളനം ഫൊറോന കേന്ദ്ര ത്തിൽ വച്ച് നടത്തപ്പെട്ടു. ഉച്ചയ്ക്ക് 3 ന് കോതനല്ലൂർ ഫൊറോന ജനറൽ ബോഡി സമ്മേളനം ഫൊറോന കേന്ദ്രത്തിൽ വച്ച് നടത്തപ്പെട്ടു. ഫൊറോന പള്ളി വികാരി ബഹു. ജോസഫ് ഇടത്തുംപറമ്പിൽ അധ്യക്ഷത വഹിച്ചു സംസാരിച്ചു.

24-6-2019 രാവിലെ 10 ന് പ്രവിത്താനം ഫൊറോന ജനറൽ ബോഡി സമ്മേളനം ഫൊറോന കേന്ദ്രത്തിൽ വച്ച് നടത്തപ്പെട്ടു. 11.30 ന് കടനാട് ഫൊറോന ജനറൽ ബോഡി സമ്മേളനം ഫൊറോന കേന്ദ്രത്തിൽ വച്ച് നടത്തപ്പെട്ടു. ഫൊറോന പള്ളി വികാരി ബഹു. അഗസ്റ്റിൻ കൂട്ടിയാനി അധ്യക്ഷത വഹിച്ചു. ഉച്ചയ്ക്ക് 3 ന് രാമപുരം ഫൊറോന ജനറൽ ബോഡി സമ്മേളനം ഫൊറോന കേന്ദ്രത്തിൽ വച്ച് നടത്തപ്പെട്ടു.

25-6-2019 രാവിലെ 10 ന് ഇലഞ്ഞി ഫൊറോന ജനറൽ ബോഡി സമ്മേളനം ഫൊറോന കേന്ദ്രത്തിൽ വച്ച് നടത്തപ്പെട്ടു. ഫൊറോന പള്ളി വികാരി ബഹു. സെബാസ്റ്റ്യൻ ആലപ്പാട്ടുകുന്നേലിന്റെ സാന്നിധ്യത്തിൽ നടത്തപ്പെട്ടു. 11.30 ന് കുറവിലങ്ങാട് ഫൊറോന ജനറൽ ബോഡി ഫൊറോന വികാരി ആർച്ച് പ്രീസ്റ്റ് ബഹു. ജോസഫ് തടത്തിലിന്റെ സാന്നിധ്യത്തിൽ നടത്തപ്പെട്ടു. സമ്മേളനം ഫൊറോന കേന്ദ്രത്തിൽവച്ച് നടത്തപ്പെട്ടു. എല്ലാ ഫൊറോനാ ജനറൽ ബോഡി സമ്മേളനങ്ങളിലും രൂപതാ ഡയറക്ടർ റവ.ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ ബഹു. ഫൊറോന ചെയർമാൻ വൈസ് ചെയർമാന്മാർ, രൂപതാ കോഓർഡിനേറ്റർ, തോമസ് വടക്കേൽ രൂപതാ ആനിമേറ്റർ റവ.സി. ജോസ് മേരി എഫ്.സി.സി., ഫൊറോന ഭാരവാഹികൾ എന്നിവർ നേതൃത്വം നൽകി. റവ.ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ ഇടവകകളിലെ കൂട്ടായ്മപ്രവർത്തനങ്ങൾ വിലയിരുത്തുകയും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. അപ്പ. 4/32 നെ അടിസ്ഥാനമാക്കി കൂട്ടായ്മാ ജീവിതത്തെപ്പറ്റി ഡയറക്ടർ അച്ചൻ ക്ലാസ് എടുത്തു.

പാലാ ദൂതിന്റെ വിതരണത്തെ സംബന്ധിച്ച് ഓരോ ഇടവക ഭാരവാഹികളിൽനിന്നും വിവരങ്ങൾ ശേഖരിച്ചു. പാലാ രൂപതയുടെ സ്വപ്ന പദ്ധതിയായ ഹോം പാലാ പ്രോജക്ടിനെപ്പറ്റി ബഹു. ഡയറക്ടറച്ചൻ യോഗത്തിൽ സംസാരിക്കുകയും എല്ലാ കുടുംബകൂട്ടായ്മകളുടേയും സഹകരണം ഈ സംരംഭത്തിന് ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു.

26-6-2019 ഉച്ചയ്ക്ക് 3 ന് കൂട്ടിക്കൽ ഫൊറോനപള്ളിയിൽ വച്ചുനടന്ന ഫൊറോന ജനറൽ സമ്മേളനത്തിൽ വികാരി ബഹു. അഗസ്റ്റിൻ അരഞ്ഞാണി പുത്തൻപുര അച്ചൻ അധ്യക്ഷത വഹിച്ചു.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ** (ഡയറക്ടർ)

# ഫാമിലി അപ്പോസ്തലേറ്റ്

## A. Counselling Course

**1. . ജൂലൈ മാസം കോഴ്സ് തീയതികൾ**

ജൂലൈ മാസം **ഡിപ്ലോമ കോഴ്സ് 6, 7** തീയതികളിലും **സർട്ടിഫിക്കറ്റ് കോഴ്സ് 12, 26** തീയതികളിലും നടത്തപ്പെടുന്നതാണ്.

## B. വിവാഹ ഒരുക്ക കോഴ്സ്

**1. സർട്ടിഫിക്കറ്റ്**

**ജൂൺ 17-19** തീയതിയിലെ വിവാഹ ഒരുക്ക കോഴ്സിൽ 133 പേർ സംബന്ധിച്ച് സർട്ടിഫിക്കറ്റ് നേടി.

**2. രജിസ്ട്രേഷൻ**

**ജൂലൈ 1-3, ആഗസ്റ്റ് 5-7, 19-21** തീയതിയിലേക്കു നടക്കുന്ന കോഴ്സിന്റെ രജിസ്ട്രേഷൻ തുടരുന്നു. **സെപ്റ്റംബർ 2-4, 23-25** തീയതിയിൽ നടക്കുന്ന കോഴ്സുകളുടെ രജിസ്ട്രേഷൻ ആരംഭിച്ചിരിക്കുന്നു.

**3. പേരന്റ്സ് മീറ്റ്**

ജൂൺ മാസത്തെ പേരന്റ്സ് മീറ്റിംഗിൽ റവ. ഡോ. അഗസ്റ്റിൻ പാലയ്ക്കപ്പറമ്പിൽ ക്ലാസ്സെടുത്തു. 258 മാതാപിതാക്കൻമാർ സംബന്ധിച്ചു.

## C. മാതൃ-പിതൃവേദി സംയുക്തപരിപാടികൾ

**1. ദമ്പതീസംഗമം - പാലാ**

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റിന്റെ ആഭിമുഖ്യത്തിൽ രൂപതയിലെ വിവാഹത്തിന്റെ 25, 50 ജൂബിലി ആഘോഷിക്കുന്ന ദമ്പതികളുടെ സംഗമം പാലാ സെന്റ് തോമസ് കത്തീഡ്രലിൽ വച്ച് ജൂൺ മാസം 5-ാം തീയതി ബുധനാഴ്ച രാവിലെ 9.30 മുതൽ 1 മണി വരെ നടത്തപ്പെട്ടു. വിശുദ്ധ കുർബാനയോടുകൂടി ആരംഭിച്ച ദമ്പതീസംഗമം പാലാ രൂപത മെത്രാൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ഉദ്ഘാടനം ചെയതു. രൂപത ഡയറക്ടർ റവ. ഡോ. ഷീൻ പാലയ്ക്കത്തടത്തിൽ സ്വാഗതവും ആമുഖപ്രഭാഷണവും നടത്തി. രൂപത വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത്, കത്തീഡ്രൽ വികാരി വെരി. റവ. ഫാ. സെബാസ്റ്റ്യൻ വെട്ടുകല്ലേൽ, ദമ്പതികളുടെ പ്രതിനിധിയായി ജോസ് കെ. മാണി എം. പി എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. മാതൃ-പിതൃവേദി രൂപത ഭാരവാഹികൾ പരിപാടികൾക്ക് നേതൃത്വം നല്കി. വിവാഹത്തിന്റെ 75 വർഷം പൂർത്തിയാക്കിയ സ്കറിയ-ഏലിക്കുട്ടി തുരുത്തേൽ

ദമ്പതികളെ ആദരിച്ചു. സംഗമത്തിൽ ജൂബിലി ആഘോഷിക്കുന്ന രൂപതയിലെ 548 ദമ്പതികൾ ഒത്തുചേർന്നു.

## D. പിതൃവേദി

### 1. പിതൃദിനാഘോഷം - പാലാ

ജൂൺ 16-ാം തീയതി പാലാ രൂപത പിതൃവേദിയുടെ ആഭിമുഖ്യത്തിൽ പിതൃദിനാഘോഷം ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു. പ്രസിഡന്റ് ജോസ് ജോൺ കീലത്തിന്റെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ട പിതൃദിനാഘോഷം ഡയറക്ടർ റവ. ഡോ. ഷീൻ പാലയ്ക്കത്തടത്തിൽ ഉദ്ഘാടനം ചെയ്തു. ജോർജ് ജോസഫ് നരിക്കാട്ട് എല്ലാവരേയും സ്വാഗതം ചെയ്തു. വൈസ് പ്രസിഡന്റ് കുര്യാക്കോസ് പാറപ്ലാക്കൽ വിവാദ കാർട്ടൂണിനെതിരെ പ്രമേയം അവതരിപ്പിച്ചു. സെക്രട്ടറി ജോസഫ് വടക്കേൽ കൃതജ്ഞതയർപ്പിച്ചു. സാന്ത്വന കൗൺസിലിങ് സെന്റർ അസിസ്റ്റന്റ് ഡയറക്ടർ റവ. ഫാ. മാത്യു ചേന്നാട്ട് പിതാക്കൻമാർക്ക് ക്ലാസ്സെടുത്തു. പിതൃവേദി രൂപത ഭാരവാഹികൾ പരിപാടികൾക്ക് നേതൃത്വം നൽകി. 125 ഇടവകയിൽ നിന്നായി 250 പിതാക്കൻമാർ പരിപാടിയിൽ പങ്കെടുത്തു.

### 2. യൂണിറ്റ് സന്ദർശനം - മണലുങ്കൽ

മണലുങ്കൽ യൂണിറ്റിൽ ഡയറക്ടർ റവ. ഡോ. ഷീൻ പാലയ്ക്കത്തടത്തിലും, രൂപത ഭാരവാഹികളും സന്ദർശിക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും കൂടുതൽ ഊർജ്ജസ്വലമായ പ്രവർത്തനങ്ങൾക്കുവേണ്ട നിർദ്ദേശങ്ങൾ നല്കുകയും ചെയ്തു.

### 2. ഭാരവാഹികളുടെ സമ്മേളനം - തീക്കോയി

പിതൃവേദി തീക്കോയി മേഖലയുടെ കീഴിലുള്ള യൂണിറ്റുകളിലെ ഭാരവാഹികളുടെ സമ്മേളനം തീക്കോയി പള്ളി പാരീഷ് ഹാളിൽ വച്ച് നടത്തപ്പെട്ടു. റവ. ഫാ. കുര്യക്കോസ് വട്ടമുകളേലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം ഡയറക്ടർ റവ. ഡോ. ഷീൻ പാലയ്ക്കത്തടത്തിൽ ഉദ്ഘാടനം ചെയ്തു. രൂപത ഭാരവാഹികളും സമ്മേളനത്തിൽ പങ്കെടുത്തു.

## E. മാതൃവേദി

### 1. സെമിനാർ- പാലാ

പാലാ മേഖലയിൽ 'നാടൻ വിഭവങ്ങളും പച്ചക്കറികളും' എന്ന വിഷയത്തെ ആസ്പദമാക്കി ശ്രീമതി. മേരി കുര്യക്കോസ് സെമിനാർ നയിച്ചു. ഡോ. അമ്മുക്കുട്ടി തോമസ് ക്യാൻസർ സംബന്ധിച്ചുള്ള ബോധവത്കരണക്ലാസ്സും നടത്തി.

### 2. ക്ലാസ്സ്- തീക്കോയി

ജൂൺ 18 ന് തീക്കോയി മേഖലയിൽ മാതൃവേദി അംഗങ്ങൾക്കായി വിശുദ്ധ കുർബാനയുടെയും പ്രാർത്ഥനയുടെയും പ്രാധാന്യത്തെക്കുറിച്ച് സി. ഫിലോമിൻ ക്ലാസ്സ് നടത്തി.

**3. നസ്രാണിമങ്കമത്സരം– കുറവിലങ്ങാട്**

രൂപതയിലെ മാതൃവേദി അമ്മമാർക്കായി കുറവിലങ്ങാട് മേഖലയുടെ നേതൃത്വത്തിൽ നസ്രാണിമങ്ക മത്സരവും ക്വിസ് മത്സരവും നടത്തപ്പെട്ടു.

**4. സൗജന്യനേത്രപരിശോധന – പൂഞ്ഞാർ**

ജൂൺ 16 ന് പൂഞ്ഞാർ യൂണിറ്റിന്റെ ആഭ്യമുഖ്യത്തിൽ അൽഫോൻസാ ഐ ഹോസ്പിറ്റലിന്റെ സഹകരണത്തോടെ മാതൃവേദി അംഗങ്ങൾക്കായി സൗജന്യ നേത്ര പരിശോധന ക്യാമ്പ് നടത്തപ്പെട്ടു. 150 ഓളം ആളുകൾ ക്യാമ്പിൽ പങ്കെടുത്തു.

**5. ക്ലാസ്സ് – അരുവിത്തുറ, രാമപുരം**

അരുവിത്തുറ യൂണിറ്റിൽ റവ.ഡോ. സി. ആൻസിൽ മരിയ മാതൃവേദി അംഗങ്ങൾക്കായി 'മക്കളെ എങ്ങനെ കൂടുതൽ നല്ലവരാക്കി വളർത്താം'എന്ന വിഷയത്തിൽ ക്ലാസ്സ് നയിച്ചു. രാമപുരം യൂണിറ്റിൽ ഉപവാസവും പ്രാർത്ഥനയും എന്ന വിഷയത്തിൽ അമ്മമാർക്ക് ക്ലാസ്സെടുത്തു.

**6. ആദരിക്കൽ – ഭരണങ്ങാനം, അമ്പാറനിരപ്പേൽ**

ഭരണങ്ങാനം, അമ്പാറനിരപ്പേൽ എന്നീ യൂണിറ്റുകളിൽ പ്രായമായ ദമ്പതിമാരെ ആദരിച്ചു.

**7. മൈലാപ്പൂർ തീർത്ഥാടനം**

പാലാ രൂപത മാതൃവേദിയുടെ ആഭിമുഖ്യത്തിൽ ജൂൺ 28ന് മൈലാപ്പൂർ തീർത്ഥാടനം നടത്തപ്പെട്ടു.

**8. അൽഫോൻസാ തീർത്ഥാടനം – ഭരണങ്ങാനം**

ജൂലൈ 12 ന് പാലാ രൂപത മാതൃവേദിയുടെ ആഭിമുഖ്യത്തിൽ അൽഫോൻസാ തീർത്ഥാടനം നടത്തപ്പെടുന്നതാണ്.

## F. ഹോംമിഷൻ

**1. എടാട്**

എടാട് ഇടവകയിൽ മെയ് മാസം 20-ാം തീയതി ആരംഭിച്ച ഹോംമിഷൻ അവസാനിച്ചു.

**2. ക്ലാസ്സ് – പാലാ**

ജൂൺ 13,14 തീയതികളിൽ ചെത്തിമറ്റത്ത് ക്രിസ്തുജ്യോതി ധ്യാനകേന്ദ്രത്തിൽ വച്ച് ഹോംമിഷൻ സിസ്റ്റേഴ്സിനായി ക്ലാസ്സ് നടത്തപ്പെട്ടു. പാലാ രൂപത സഹായമെത്രാൻ അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ സന്ദർശനം നടത്തി. റവ. ഫാ. തോമസ് പാറയ്ക്കൽ, ഡയറക്ടർ റവ. ഡോ. ഷീൻ പാലയ്ക്കത്തടത്തിൽ, ഡോ. സി. ജാൻസി എസ്.എ.ബി.എസ്, ഡോ. സി. റാണി മരിയ എസ്.എ.ബി.എസ് തുടങ്ങിയവർ ക്ലാസ്സ് നയിച്ചു. ഹോംമിഷൻ സിസ്റ്റേഴ്സ് എല്ലാവരും പരിപാടിയിൽ പങ്കെടുത്തു.

**3. അടുക്കം**

അടുക്കം ഇടവകയിൽ ജൂലൈ മാസം ഹോംമിഷൻ ആരംഭിക്കുന്നതാണ്.

**G.പ്രോലൈഫ്**

**1. എക്സിക്യൂട്ടീവ് മീറ്റിങ്**

ജൂൺ 16–ാം തീയതി 3മുതൽ 5 വരെ ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് പ്രോലൈഫ് എക്സിക്യൂട്ടീവ് യോഗം ഡയറക്ടർ റവ.ഡോ. ഷീൻ പാലയ്ക്കത്തടത്തിലിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു.

**H. സീറോ മലബാർ പാലാ മാട്രിമണി**

**1. ഡേറ്റ സ്വീകരണം**

ജീവിതപങ്കാളിയെ കണ്ടെത്താൻ സഹായിക്കുന്ന സീറോ മലബാർ മാട്രിമണി ഇടവകകളിലെ ഭക്തസംഘടനകളുടെ സഹകരണത്തോടെ ഡേറ്റ സ്വീകരണം നടത്തിക്കൊണ്ടിരിക്കുന്നു.

**2. മാഗസിൻ**

സീറോ മലബാർ മാട്രിമണിയുടെ ജൂൺ മാസത്തെ മാഗസിൻ വിതരണം ചെയ്തുവരുന്നു.

**I. മഡോണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോം ലൈഫ്**

**11. ക്ലാസ്സുകൾ**

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റ് നടത്തുന്ന **മഡോണ ഇൻസ്റ്റിറ്റ്യൂട്ടിൽ ജൂലൈ 8 –ാം തീയതി മുതൽ ഹോംസയൻസ് ക്ലാസ്സുകൾ** ആരംഭിക്കുന്നു. കുടുംബ വിജ്ഞാനപരമായ ക്ലാസ്സുകൾ, പാചകകലയിൽ പരിശീലനം, തയ്യൽ പരിശീലനം, ഹാന്റി ക്രാഫ്റ്റ്സ്, പൂക്കൾ നിർമ്മാണം, ഫ്ളവർ അറേഞ്ച്മെന്റ്സ്, ഫേബ്രിക് പെയ്ന്റിംഗ്, നീഡിൽ വർക്ക്, ബിഡ്സ് വർക്കുകൾ, ഗ്ലാസ്സ് പെയ്ന്റിംഗ്, മെറ്റൽ എംമ്പോസ്സിംഗ്, ഹാന്റ് എംബ്രോയ്ഡറി, സെറാമിക് വർക്കുകൾ , ക്രോച്ചറ്റ് വർക്കുകൾ, ടോയി മേക്കിംഗ്, പോട്ട് പെയിന്റിംഗ് , കോഫി പെയിന്റിംഗ്, ഓർണമെന്റ്സ് മേക്കിംഗ്, ക്രോഷ്യ വർക്ക് തുടങ്ങിയ വിഷയങ്ങൾക്കുള്ള ക്ലാസ്സുകൾ നടത്തപ്പെടുന്നു. ഈ കോഴ്സിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ വിശദവിവരങ്ങൾക്ക് മഡോണ ഇൻസ്റ്റിറ്റ്യൂട്ടുമായി ബന്ധപ്പെടുക. വിളിക്കേണ്ട നമ്പർ — **9496571321**

**J. മംഗല്യനിധി**

പാലാ രൂപതാ ഫാമിലി അപ്പോസ്തലേറ്റിന്റെ വിവാഹസഹായപദ്ധതിയായ മംഗല്യനിധി വഴിയായി കഴിഞ്ഞമാസം തിടനാട്, മണ്ണാറപ്പാറ, നരിയങ്ങാനം ഇടവകകളിൽ നിർദ്ധനരായ കത്തോലിക്കാപെൺകുട്ടികൾക്ക് വിവാഹസഹായമായി **13,000** രൂപാ നൽകി.

**ഫാ. അബ്രാഹം പാലയ്ക്കത്തടത്തിൽ** (ഡയറക്ടർ)

# പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി

**1. അഗ്രോ പ്രൊഡ്യൂസർ കമ്പനി കാഞ്ഞിരമറ്റത്ത്**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ കീഴിൽ കർഷക ബാങ്കിന്റെ ഭാഗമായി കാഞ്ഞിരമറ്റം കർഷകദള ഫെഡറേഷന്റെയും ഫാർമേഴ്സ്

ക്ലബിന്റെയും നേതൃത്വത്തിൽ അഗ്രോ പ്രൊഡ്യൂസർ കമ്പനി നബാർഡിന്റെ സഹകരണത്തോടെ കാഞ്ഞിരമറ്റത്ത് പ്രവർത്തനം ആരംഭിച്ചു. കൂടാതെ ജില്ലാ പഞ്ചായത്തിന്റെ സഹകരണത്തോടെ ഒരു ഇക്കോഷോപ്പും ആരംഭിച്ചു.

കാഞ്ഞിരമറ്റത്ത് കർഷകദള ഫെഡറേഷനിലെ 24 ഗ്രൂപ്പുകൾ 50000 രൂപ വീതം ഷെയർ എടുത്ത് 3 വർഷം മുമ്പ് ചക്ക, കപ്പ, തേങ്ങ തുടങ്ങിയവയുടെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കുന്ന ഡ്രയർ യൂണിറ്റുമായി പ്രവർത്തനമാരംഭിച്ച ചെറുകിട വ്യവസായമാണ് ഇന്ന് ഒരു കമ്പനിയായി നബാർഡിന്റെ ഗ്രാന്റോടെ മാറിയിരിക്കുന്നത്. കാഞ്ഞിരമറ്റം പള്ളി വികാരി ഫാ. അബ്രാഹം എരിമറ്റത്തിന്റെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽ വച്ച് പാലാ രൂപതാ സഹായമെത്രാൻ മാർ ജേക്കബ് മുരിക്കൻ അഗ്രോ പ്രൊഡ്യൂസർ കമ്പനിയുടെയും കോട്ടയം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. സണ്ണി പാമ്പാടി ഇക്കോഷോപ്പിന്റെയും ഉദ്ഘാടനം നിർവ്വഹിച്ചു. മോൺ. എബ്രാഹം കൊല്ലിത്താനത്തുമലയിൽ, മോൺ സെബാസ്റ്റ്യൻ വേത്താനത്ത് പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ മാത്യു പുല്ലുകാലായിൽ ബ്ലോക്ക് പ്രസിഡന്റ് മാത്തച്ചൻ താമരശ്ശേരി ജില്ലാ പഞ്ചായത്ത് മെമ്പർ ബെറ്റി റോയി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ബേബി പന്തലാനി, യൂണിറ്റ് ഡയറക്ടർ ഫാ. ജോസഫ് അമ്പാട്ട്, കമ്പനി മാനേജർ ടോം ജേക്കബ് ആലയ്ക്കൽ തുടങ്ങിയവർ പ്രസംഗിച്ചു.

**2. പച്ചക്കറി തൈ വിതരണം**

സൊസൈറ്റിയുടെ ഓണക്കാല പച്ചക്കറി സമൃദ്ധിയുടെ ഭാഗമായി പാലാ അഗ്രിമാ മാർക്കറ്റ് മുട്ടുചിറ സീയോൻഭവൻ, മൂലമറ്റം, കടുത്തുരുത്തി, തീക്കോയി, വെള്ളികുളം, കുറവിലങ്ങാട്, പൂഞ്ഞാർ എന്നീ സ്ഥലങ്ങളിൽ വച്ച് പച്ചക്കറി തൈവിതരണം സംഘടിപ്പിച്ചു.

**3. അതിജീവൻ പദ്ധതി**

കാരിത്താസ് ഇന്ത്യയുടെ സഹകരണത്തോടെ പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി നടപ്പിലാക്കിവരുന്ന അതിജീവൻ പദ്ധതിപ്രകാരം പച്ചക്കറി തൈ, ഗ്രോബാഗ് എന്നിവയുടെ സൗജന്യ വിതരണ പരിപാടി സംഘടിപ്പിച്ചു.

തീക്കോയി : തീക്കോയി പാരിഷ് ഹാളിൽ വച്ച് നടന്ന സൗജന്യ പച്ചക്കറി തൈകളുടെ വിതരണം തീക്കോയി സെന്റ് മേരീസ് ഫൊറോനപള്ളി വികാരി റവ.ഡോ. തോമസ് മേനാച്ചേരിയും മൂലമറ്റത്ത് നടന്ന പച്ചക്കറി തൈവിതരണം സോൺ ഡയറക്ടർ ഫാ. ജോസഫ് കുറുപ്പശ്ശേരിയും വെള്ളികുളത്ത് നടന്ന തൈവിതരണപരിപാടി യൂണിറ്റ് ഡയറക്ടർ ഫാ. ഓസ്റ്റിൻ കച്ചിറമറ്റവും ഉദ്ഘാടനം ചെയ്തു.

**4. ആട്, കോഴി വിതരണം**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ വെള്ളികുളത്ത് 7 കുടുംബങ്ങൾക്ക് ആടുകളെയും 11 കുടുംബങ്ങൾക്ക് കോഴികളെയും സൗജന്യമായി വിതരണം ചെയ്തു.

**5. കുടുംബോദ്ധാരണ പദ്ധതി**

സേവ് എ ഫാമിലി പ്ലാൻ കുടുംബോദ്ധാരണ പദ്ധതിപ്രകാരം പുതിയ

തായി ഈ മാസം 20 കുടുംബങ്ങൾക്കുകൂടി അംഗത്വം നൽകി.

**6. ദന്തരോഗ നിർണ്ണയക്യാമ്പ്**

രാമപുരം സോണിന്റെ ആഭിമുഖ്യത്തിൽ രാമപുരം പാരീഷ് ഹാളിൽ വച്ച് ഒരു സൗജന്യ ദന്തരോഗ നിർണ്ണയക്യാമ്പ് സംഘടിപ്പിച്ചു. സോൺ ഡയറക്ടർ ഫാ. ഫ്രാൻസീസ് ഇടത്തിനാൽ ഉദ്ഘാടനം ചെയ്തു. ഡോ. മനോജ് മാനുവൽ ക്ലാസ് നയിച്ചു.

**7. പഠനയാത്ര**

ചേർപ്പുങ്കൽ സോണിന്റെ ആഭിമുഖ്യത്തിൽ കാഞ്ഞിരപ്പള്ളി വിഴിക്കിത്തോട് ഹോം ഗ്രോൺ ബയോടെക്കിലേക്ക് പഠനയാത്ര സംഘടിപ്പിച്ചു. സോൺ ഡയറക്ടർ ഫാ. ജോർജ് ഈറ്റയ്ക്കക്കുന്നേൽ ക്ലാസ് നയിച്ചു.

**8. മുട്ടക്കോഴി  വിതരണം**

അത്യുല്പാദന ശേഷികൂടിയ ബി.വി. 380 മുട്ടക്കോഴികുഞ്ഞുങ്ങളെ ജൂലൈ 22 രാവിലെ 10 മുതൽ അഗ്രിമ മാർക്കറ്റിൽ വച്ച്  വിതരണം ചെയ്യും.

**9. സംരംഭകത്വ പരിശീലനപരിപാടി**

സേവ് എ ഫാമിലി പ്ലാൻ പദ്ധതി പ്രകാരം മുട്ടുചിറ, അരുവിത്തുറ, പാലാ എന്നീ സ്ഥലങ്ങളിൽ വച്ച് 258 കുടുംബങ്ങൾക്കായി സംരംഭകത്വ പരിശീലന പരിപാടി സംഘടിപ്പിച്ചു.

**10. ധനസഹായം വിതരണം ചെയ്തു.**

പി.എസ്.ഡബ്ല്യു.എസ്. ന്റെ വിവിധ സ്വയം സഹായസംഘങ്ങൾ കഴിഞ്ഞ മാസം 89000 രൂപായുടെ ചികിത്സാ  സഹായം നൽകി.

**11. സൺഡേ മാർക്കറ്റ്**

തീക്കോയി സ്വാശ്രയസംഘത്തിന്റെ നേതൃത്വത്തിൽ ജൈവ കാർഷിക ഉല്പന്നങ്ങളും മൂല്യവർദ്ധിത ഉല്പന്നങ്ങളും വിൽക്കുന്ന  സൺഡേ മാർക്കറ്റ് പ്രവർത്തനമാരംഭിച്ചു. റവ. ഡോ. തോമസ് മേനാച്ചേരി ഉദ്ഘാടനം ചെയ്തു.

**12. സ്വാശ്രയസംഘം വാർഷികങ്ങൾ**

അമ്പാറനിരപ്പേൽ, ഉള്ളനാട്, പാളയം, ഫാത്തിമപുരം, ഐങ്കൊമ്പ് തുടങ്ങിയ സ്വാശ്രയസംഘങ്ങളുടെ വാർഷികങ്ങൾ നടത്തി.

**ഫാ. മാത്യു പുല്ലുകാലായിൽ** (ഡയറക്ടർ)

---

# ഡി.സി.എം.എസ്.

---

**1. രൂപതാ കമ്മറ്റി**

2019 ജൂൺ മാസം 2-ാം തീയതി 10.30 ന് ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് രൂപതാ പ്രസിഡന്റ് ശ്രീ. ജസ്റ്റിൻ കുന്നുംപുറത്തിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ രൂപതാ കമ്മറ്റി നടത്തപ്പെട്ടു. രൂപത സെക്രട്ടറി ശ്രീ. ജോണി പരമല റിപ്പോർട്ട് വായിച്ചു. രൂപതാ ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് സന്ദേശം നൽകി.

**2. യൂത്ത് റിസോഴ്സ് ട്രെയിനിംഗ് ക്യാമ്പ്**

2019 ജൂൺ 2-ാം തീയതി വൈകിട്ട് 4 ന് മുണ്ടുപാലം കുഞ്ഞച്ചൻ ഇൻസ്റ്റി റ്റ്യൂട്ടിൽ വച്ച് യുവജനങ്ങൾക്കുള്ള ക്യാമ്പ് നടത്തപ്പെട്ടു. രൂപതാ ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് ക്യാമ്പ് ഉദ്ഘാടനം ചെയ്തു. രൂപതാ ഓർഗനൈസർ ശ്രീ. പി.ഒ. പീറ്റർ, ശ്രീ. സദീപ് കെ.പി., ശ്രീ. സിബി ഇളന്തോട്ടം എന്നിവർ ക്യാമ്പിന് ക്ലാസെടുത്തു.

**3. കരിയർ ഗൈഡൻസ് ക്യാമ്പ്**

2019 ജൂൺ 4,5 തീയതികളിൽ പരിവർത്തിത ക്രൈസ്തവ വിഭാഗ കോർപ്പ റേഷന്റെ പ്ലസ്ടു വിദ്യാർത്ഥികൾക്കുള്ള കരിയർ ഗൈഡൻസ് ക്യാമ്പ് കോട്ടയം സി.എസ്.ഐ. റിട്രീറ്റ് സെന്ററിൽ വച്ച് നടത്തപ്പെട്ടു.

**4. സമ്മാനകൂപ്പൺ നറുക്കെടുപ്പ്**

2019 മെയ് 26-ാം തീയതി ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് രൂപതാ പ്രസിഡന്റ് ശ്രീ. ജസ്റ്റിൻ കുന്നുംപുറത്തിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗ ത്തിൽ ഡി.സി.എം.എസ്. ഫണ്ടുശേഖരണത്തിന്റെ ഭാഗമായി നടത്തിയ സമ്മാന കൂപ്പണിന്റെ നറുക്കെടുപ്പ് രൂപതാ ഡയറക്ടർ ഫാ. ജോസ് വടക്കേകുറ്റ് ഉദ്ഘാ ടനം ചെയ്തു. രൂപത സെക്രട്ടറി ശ്രീ. ജോണി പരമല, രൂപതാ ട്രഷറർ ശ്രീ. റ്റി. ഡി. കുര്യാക്കോസ്, രൂപതാ ഓർഗനൈസർ ശ്രീ. പി.ഒ. പീറ്റർ മറ്റ് രൂപതാ കമ്മറ്റി യംഗങ്ങളും യൂണിറ്റ് പ്രസിഡന്റ്, സെക്രട്ടറി എന്നിവരും യോഗത്തിൽ പങ്കെടു ത്തു.

**5. കൂപ്പൺ സമ്മാനവിതരണവും കൗൺസിലും**

2019 ജൂൺ 9-ാം തീയതി 2 മണിക്ക് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് രൂപതാ പ്രസിഡന്റ് ശ്രീ. ജസ്റ്റിൻ കുന്നുംപുറത്തിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് കൂപ്പൺ സമ്മാനവിത രണത്തിന്റെ ഉദ്ഘാടനം നടത്തി. രൂപത സെക്രട്ടറി ശ്രീ. ജോണി പരമല, വൈസ് പ്രസിഡന്റ് എൻ.ഡി. സെലിൻ, മറ്റ് രൂപതാ കമ്മറ്റിയംഗങ്ങൾ യൂണിറ്റ് ഭാരവാ ഹികൾ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

**6. സിവിൽ സർവ്വീസ് കോച്ചിംഗ്**

5-ാം ക്ലാസ് മുതൽ 9-ാം ക്ലാസ് വരെ പഠിക്കുന്ന ദളിത് കത്തോലിക്ക കുട്ടികൾക്ക് ഡി.സി.എം.എസ്. സംഘടനയുടെ നേതൃത്വത്തിൽ നടത്തിവരുന്ന സിവിൽ സർവ്വീസ് കോച്ചിംഗിന്റെ ഈ വർഷത്തെ ക്ലാസുകൾ ആഗസ്റ്റ് മാസം ആരംഭിക്കുന്നു. കഴിഞ്ഞ വർഷത്തെ കോച്ചിംഗിൽ പങ്കെടുത്ത കുട്ടികൾ ഈ വർഷം പങ്കെടുക്കുന്നതിനായുള്ള ആപ്ലിക്കേഷൻ ജൂലൈ 20 നകം ഓഫീസിൽ തരേണ്ടതാണ്. കോച്ചിംഗ് നടക്കുന്ന തീയതികൾ താഴെ ചേർക്കുന്നു. ആഗസ്റ്റ് 15,23,28, സെപ്തംബർ 9,10,21, ഒക്ടോബർ 2,12, നവംബർ 9, ഡിസംബർ 21,28.

**7. സിവിൽ സർവ്വീസ് കോച്ചിംഗ് സ്ക്രീനിംഗ് ടെസ്റ്റ്**

5-ാം ക്ലാസ് മുതൽ 9-ാം ക്ലാസ് വരെ പഠിക്കുന്ന ദളിത് കത്തോലിക്ക കുട്ടികൾക്ക് ഡി.സി.എം.എസ്. സംഘടനയുടെ നേതൃത്വത്തിൽ നടത്തിവരുന്ന സിവിൽ സർവ്വീസ് കോച്ചിംഗിന്റെ 5,6,7 ക്ലാസിൽ പഠിക്കുന്ന കുട്ടികൾക്കായുള്ള

പുതിയ ബാച്ചിലേക്കുള്ള പ്രവേശന പരീക്ഷ എഴുതുന്നതിനുള്ള അപേക്ഷകൾ ജൂലൈ 20 നുള്ളിൽ ഓഫീസിൽ എത്തിച്ചു രജിസ്ട്രേഷൻ നടത്തണം. രജി. ഫീസ് 100 രൂപ. തെരഞ്ഞെടുക്കപ്പെടുന്ന കുട്ടികൾക്ക് ഒരു വർഷം 10 അവധി ദിവസങ്ങളിലായാണ് കോച്ചിംഗ് ക്ലാസ് നടത്തപ്പെടുന്നത്.

**8. യൂത്ത് റിസോഴ്സ് ട്രെയിനിംഗ് ക്യാമ്പിന്റെ പുതിയ ബാച്ച് ആരംഭിക്കുന്നു.**

യുവജനങ്ങൾക്ക് ശരിയായ ദിശാബോധവും നേതൃത്വവും സദാചാരപരമായ വിശ്വാസവും ഊട്ടി ഉറപ്പിക്കുന്നതിനുവേണ്ടി എല്ലാവർഷവും നടത്തിവരുന്ന ട്രെയിനിംഗ് ക്യാമ്പുകളുടെ ഈ വർഷത്തെ ക്യാമ്പ് 2019 ജൂലൈ മാസം 12-ാം തീയതി ആരംഭിക്കുന്നു. ഓരോ ക്യാമ്പിനും 150 രൂപാ രജിസ്ട്രേഷൻ ഫീസ്. പ്ലസ്ടു കഴിഞ്ഞവരും ഡിഗ്രി, പി.ജി.ക്ക് പഠിക്കുന്നവരും, പഠനം കഴിഞ്ഞവരും വേദപാഠം പൂർത്തിയാക്കിയവരും 35 വയസിൽ താഴെയുള്ളവർക്കും ഉദ്യോഗാർത്ഥികൾക്കും വേണ്ടിയാണ് ക്യാമ്പ്. എല്ലാ മാസവും 2-ാം ശനിയാഴ്ചയുടെ തലേദിവസം വെള്ളിയാഴ്ച വൈകുന്നേരെ 4 മണിക്ക് ആരംഭിച്ച് ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3.30 ന് സമാപിക്കും. ക്യാമ്പിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ 2019 ജൂലൈ 10 നകം ഡി.സി.എം.എസ്. രൂപതാ ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

**9. ലീഡേഴ്സ് ക്യാമ്പ് തീയതികൾ**

യൂണിറ്റ്, മേഖല ഭാരവാഹികൾക്കും കമ്മിറ്റിയംഗങ്ങൾക്കുമായി നടത്തപ്പെടുന്ന ലീഡേഴ്സ് ക്യാമ്പിന്റെ തീയതികൾ താഴെ ചേർക്കുന്നു. ജൂലൈ 20,21, ആഗസ്റ്റ് 24,25, നവംബർ 16,17, 23,24, നവംബർ 30, ഡിസംബർ 1.

**10. വാർഷിക റിപ്പോർട്ടും കണക്കും സമർപ്പിക്കുക**

യൂണിറ്റ്, മേഖല തലത്തിൽ 2018 ഏപ്രിൽ മുതൽ 2019 മാർച്ച് വരെയുള്ള ഒരു വർഷത്തെ വാർഷിക കണക്കും റിപ്പോർട്ടും യൂണിറ്റ് പ്രസിഡന്റിന്റെയും ഡയറക്ടറുടെയും സാക്ഷിപ്പോടുകൂടി 2019 ജൂലൈ 30 നകം ഡിസിഎംഎസ് പാലാ രൂപത ഓഫീസിൽ നൽകേണ്ടതാണ്.

**11. കുടുംബസർവ്വേ**

പാലാ രൂപതയിലെ ദളിത് കത്തോലിക്കാ കുടുംബങ്ങളുടെ സർവ്വേ നടത്തുവാനുള്ള ഫോം യൂണിറ്റുകളിൽ എത്തിച്ചുകൊടുത്തിരിക്കുന്നു. ഇതുവരെ സർവ്വേ പൂർത്തിയാക്കാത്ത യൂണിറ്റുകൾ സർവ്വേ നടത്തി എത്രയും വേഗം രൂപതാ ഓഫീസിൽ റിപ്പോർട്ട് തരണമെന്ന് അഭ്യർത്ഥിക്കുന്നു.

**കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ നൽകുന്ന ക്യാഷ് അവാർഡിനായുള്ള അപേക്ഷകൾ ക്ഷണിക്കുന്നു.**

കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ ഒ.ഇ.സി. വിഭാഗത്തിൽപെട്ട ക്രൈസ്തവകുട്ടികൾക്കായി നൽകപ്പെടുന്ന ക്യാഷ് അവാർഡിനായുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. 2019 വർഷത്തിലെ വിവിധ പരീക്ഷകളിൽ 75% ത്തിൽ കൂടുതൽ മാർക്ക് വാങ്ങിയവർക്കും എല്ലാ വിഷയങ്ങൾക്കും എ പ്ലസ് വാങ്ങിയവർക്കും ക്യാഷ് അവാർഡുകൾ നൽകുന്നു. അപേക്ഷ ഫോമുകൾ ഡി.സി.എം.എസ്. പാലാ രൂപത ഓഫീ

സിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് ഡി.സി.എം.എസ്. പാലാ രൂപതാ ഓഫീസുമായി ബന്ധപ്പെടുക.

**കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷന്റെ സ്പോർട് ദ ടാലന്റ് പദ്ധതിക്കായി അപേക്ഷകൾ ക്ഷണിക്കുന്നു.**

കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗവികസന കോർപ്പറേഷൻ ഒ.ഇ.സി. വിഭാഗത്തിൽപെട്ട ക്രൈസ്തവ വിദ്യാർത്ഥികൾക്കായി നടത്തപ്പെടുന്ന സ്പോർട് ദ ടാലന്റ് പദ്ധതിക്കായുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. 2019 മാർച്ചിൽ നാലാം ക്ലാസ് പരീക്ഷ എഴുതുകയും എല്ലാ വിഷയങ്ങൾക്കും എ ഗ്രേഡ് നേടുകയും ചെയ്ത ബി.പി.എൽ. കുടുംബങ്ങളിലെ വിദ്യാർത്ഥികളെയാണ് ഇതിലേക്കായി പരിഗണിക്കുന്നത്. തെരഞ്ഞെടുക്കപ്പെടുന്ന 100 വിദ്യാർത്ഥികൾക്ക് 10-ാം ക്ലാസ് വരെ പഠനമികവ് തുടരുന്ന പക്ഷം എല്ലാ വർഷവും സ്കോളർഷിപ്പ് ലഭിക്കും. അപേക്ഷ ഫോമുകൾക്കും കൂടുതൽ വിവരങ്ങൾക്കും ഡി.സി.എം.എസ് പാലാ രൂപത ഓഫീസുമായി ബന്ധപ്പെടുക.

**ഡി.സി.എം.എസ്. പാലാ രൂപത സ്കോളർഷിപ്പിനുള്ള അപേക്ഷകൾ ക്ഷണിക്കുന്നു.**

എസ്.എസ്.എൽ.സി., പ്ലസ്ടു, ഡിഗ്രി, പി.ജി, എഞ്ചിനീയറിംഗ് നേഴ്സിംഗ്, മെഡിക്കൽ, വേദപാഠം പ്ലസ്ടു തുടങ്ങിയ കോഴ്സുകൾക്ക് കഴിഞ്ഞ വർഷം (2018-2019) 60% ൽ കൂടുതൽ മാർക്ക് വാങ്ങിയ ഡി.സി.എം.എസ്. പാലാ രൂപതാംഗങ്ങളായ എല്ലാ ദളിത് കത്തോലിക്കാ കുട്ടികൾക്കും സ്കോളർഷിപ്പ് നല്കുന്നതാണ്. പൂരിപ്പിച്ച അപേക്ഷകൾ ജൂലൈ 31-നകം രൂപതാ ഓഫീസിൽ എത്തിക്കേണ്ടതാണ്.

**ഡി.സി.എം.എസ്. കരിയർ ഗൈഡൻസ് ക്യാമ്പും സ്കോളർഷിപ്പ് വിതരണവും**

ഡി.സി.എം.എസ്. പാലാ രൂപതാംഗങ്ങളായ 2019 ൽ എസ്.എസ്.എൽ.സി., പ്ലസ്ടു പാസായ വിദ്യാർത്ഥിക്കായി മുണ്ടുപാലം ബ്ലസഡ് കുഞ്ഞച്ചൻ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് 2019 ആഗസ്റ്റ് 10 ശനിയാഴ്ച രാവിലെ 9-ന് ആരംഭിച്ച് 2019 ആഗസ്റ്റ് 11 ഞായറാഴ്ച വൈകുന്നേരം സമാപിക്കുന്നതാണ്. തദവസരത്തിൽ ആഗസ്റ്റ് 11 ഞായറാഴ്ച ഉച്ചകഴിഞ്ഞ് എസ്.എസ്.എൽ.സി, പ്ലസ്ടു വിദ്യാർത്ഥിക്കുള്ള സ്കോളർഷിപ്പ് വിതരണവും നടത്തപ്പെടുന്നു. സ്കോളർഷിപ്പിനായി അപേക്ഷ സമർപ്പിച്ചിരിക്കുന്ന എല്ലാ വിദ്യാർത്ഥികളും ക്യാമ്പിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

**ഫാ. ജോസ് വടക്കേക്കുറ്റ്** (ഡയറക്ടർ)

# കെയർ ഹോംസ്

**1. സ്നേഹഗിരി മിഷനറി സമൂഹത്തിന്റെ സുവർണ്ണ ജൂബിലി**

സ്നേഹഗിരി മിഷനറി സിസ്റ്റേഴ്സിന്റെ സുവർണ്ണജൂബിലി പാലാ സെന്റ് തോമസ് കത്തീഡ്രൽ പാരിഷ് ഹാളിൽ വച്ച് നടത്തി. പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് അധ്യക്ഷത വഹിച്ച യോഗത്തിൽ സീറോ മലബാർ

സഭാധ്യക്ഷൻ അഭിവന്ദ്യ മാർ ജോർജ് ആലഞ്ചേരി സമ്മേളനം ഉദ്ഘാടനം ചെയ്തു. ചങ്ങനാശ്ശേരി അതിരൂപതാദ്ധ്യക്ഷൻ മാർ ജോസഫ് പെരുന്തോട്ടം മുഖ്യ പ്രഭാഷണം നടത്തി. സമ്മേളനത്തിൽ സുവർണ്ണജൂബിലി സ്മരണിക – 'വചനോപാസകൻ – ഫാ. അബ്രാഹം കൈപ്പൻപ്ലാക്കൽ' എന്നിവയുടെ പ്രകാശന കർമ്മം നടത്തി. പാലാ രൂപത ഉൾപ്പെടെ വിവിധ രൂപതകളിലായി 108 ജീവകാരുണ്യ സ്ഥാപനങ്ങൾ സ്നേഹഗിരി മിഷനറി സമൂഹത്തിന് സ്വന്തമായുണ്ട്.

**2. വള്ളിച്ചിറ ആശാനിലയം – രജതജൂബിലി**

വള്ളിച്ചിറയിലെ എഫ്.സി. കോൺഗ്രിഗേഷന്റെ മേൽനോട്ടത്തിലുള്ള മഠത്തിന്റെ രജതജൂബിലി ആഘോഷിച്ചു. മോൺ. സെബാസ്റ്റ്യൻ വേത്താനത്ത് കൃതജ്ഞതാബലി അർപ്പിച്ച് സന്ദേശം നൽകി. തുടർന്ന് എല്ലാവർക്കും സ്നേഹ വിരുന്ന് നൽകി. മഠത്തോടനുബന്ധിച്ച് മാനസിക വൈകല്യമുള്ള സ്ത്രീകളെ സംരക്ഷിച്ചുപോരുന്നു.

**3. കോലടി അപ്പച്ചൻ രണ്ടാം ചരമവാർഷികം**

കോലടി ഗ്രൂപ്പിന്റെ സ്ഥാപകനും വഴികാട്ടിയുമായി കോലടി അപ്പച്ചന്റെ സ്മരണ നിലനിർത്താനായി രൂപീകരിച്ച കോലടി അപ്പച്ചൻ ആൻഡ് സൺസ് ചാരിറ്റബിൾ ട്രസ്റ്റിന്റെ രണ്ടാം ചരമവാർഷികസമ്മേളനം ചേർപ്പുങ്കൽ മാർ സ്ലീവാ ഷോപ്പിംഗ് കോംപ്ലക്സ് ഓഡിറ്റോറിയത്തിൽ വച്ച് നടത്തി. മോൺ ജോസഫ് മലേപ്പറമ്പിൽ അധ്യക്ഷത വഹിച്ച യോഗത്തിൽ അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവ് സമ്മേളനം ഉദ്ഘാടനം ചെയ്തു. സമ്മേളനത്തിൽ 250 നിർദ്ധനരായ കിഡ്നി രോഗികൾക്ക് ഡയാലിസിസ് കിറ്റും കിഡ്നി ട്രാൻസ്പ്ലാന്റ് ചെയ്തവർക്കു സൗജന്യമരുന്നും വിതരണം ചെയ്തു.

**ഫാ. സ്കറിയ വേകത്താനം (ഡയറക്ടർ)**

---

# കെ.എൽ.എം.

---

**1. തൊഴിലാളി ക്ഷേമനിധി സ്കോളർഷിപ്പ്**

കേരള ലേബർ മൂവ്മെന്റിൽ അംഗങ്ങളായ രക്ഷകർത്താക്കളുടെ കുട്ടികൾക്ക് എസ്.എസ്.എൽ.സി., പ്ലസ്ടു പരീക്ഷയിൽ ഉന്നതവിജയം നേടിയ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നു. സ്കോളർഷിപ്പിന് അർഹരായവർ നിശ്ചിത അപേക്ഷാഫോം പൂരിപ്പിച്ച് ഷാലോമിലെ കെ.എൽ.എം. ഓഫീസിൽ ഏല്പിക്കുക.

**2. ഗ്രാമീണ ബാങ്കുകളിൽ ഓഫീസർ, അസിസ്റ്റന്റ്**

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബാങ്കിംഗ് പേഴ്സണൽ സെലക്ഷൻ അമ്പത്തിയാറു റീജണൽ ഗ്രാമീൺ ബാങ്കുകളിലെ ഓഫീസർ, ഓഫീസ് അസിസ്റ്റന്റ് എന്നിവയിൽ അപേക്ഷിക്കുന്നതിനു യോഗ്യത നേടുന്നതിനുള്ള പ്രവേശനപരീക്ഷയ്ക്കു അപേക്ഷ ക്ഷണിച്ചു. www.ibps.in എന്ന വെബ്സൈറ്റു വഴി ഓൺലൈൻ അപേക്ഷ സമർപ്പിക്കാം. കൂടുതൽ വിവരങ്ങൾക്ക് www.ibps.in.

**3. ബ്രോഡ്കാസ്റ്റ് എൻജീനീയറിംഗിൽ 1100 ഒഴിവ്**

നോയിഡയിലെ ബ്രോഡ്കാസ്റ്റ് എൻജിനീയറിംഗ് കൺസൽറ്റന്റ്സ് ഇൻഡ്യാ ലിമിറ്റഡിൽ 1100 ഒഴിവുകളുണ്ട്. വിലാസം : Shri. Awadhesh Pandit, Dy. General Manager (F &D), Broadcast Engineering Consults India Limited, Becil Bhavan, C-56/A 17, Sector 62, noida - 201367uttar.

**4. എയർ ഇന്ത്യ എക്സ്പ്രസിൽ 81 ഒഴിവ്**

എയർ ഇന്ത്യ എക്സ്പ്രസിൽ വിവിധ ഡിപ്പാർട്ടുമെന്റുകളിലായി 81 ഒഴിവുകളുണ്ട്. വിശദവിവരങ്ങൾക്ക് www.airindiaexpress.in.

**5. ഇ.പി. എഫ്. 280 അസിസ്റ്റന്റ്**

എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് ഓർഗനൈസേഷന്റെ വിവിധ റീജനുകളിൽ 280 അസിസ്റ്റന്റ് ഒഴിവുകളിലേയ്ക്ക് അപേക്ഷ ക്ഷണിച്ചു. ഏതെങ്കിലും വിഷയത്തിൽ ബിരുദമോ തത്തുല്യയോഗ്യതയോ ഉണ്ടായിരിക്കണം. 20 നും 27 നും മദ്ധ്യേ പ്രായമുള്ളവരായിരിക്കണം. വിശദവിവരങ്ങൾക്ക് www.epfindia.gov.in.

**6. സെന്റർഫോർ മാനേജ്മെന്റ് ഡവലപ്മെന്റിൽ 99 ഒഴിവ്**

സംസ്ഥാന സർക്കാരിന് കീഴിലുള്ള വിവിധ സംരംഭങ്ങളിൽ ഒഴിവുള്ള തസ്തികളിലേയ്ക്ക് സ്വയംഭരണസ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡവല്പ്മെന്റ് അപേക്ഷ ക്ഷണിച്ചു. യോഗ്യത : ഫസ്റ്റ് ക്ലാസോടെ എം.എസ്. സി., എം.എസ്. ഡബ്ല്യു./എം.എഡ്./തത്തുല്യയോഗ്യതയും മൂന്നു വർഷത്തെ അധ്യാപനപരിചയവും അല്ലെങ്കിൽ എഞ്ചിനീയറിംഗ്/ സയൻസ്. മാത്തമാറ്റിക്സിൽ ബിരുദം/ബി.എഡ്/തത്തുല്യയോഗ്യതയും അഞ്ചുവർഷത്തെ പ്രവൃത്തി പരിചയവും ഓൺലൈനായി അപേക്ഷിക്കാം. വെബ്സൈറ്റ് വിശദവിവരങ്ങളും വിജ്ഞാപനവും താഴെപറയുന്ന വെബ്സൈറ്റുകൾ വഴിwww.vizhinjamport.in ലഭ്യമാണ്. www.cmdkerala.net. അപേക്ഷ സ്വീകരിക്കുന്ന അവാസനതീയതി ജൂലൈ 14.

(ഈ വിവരങ്ങൾ പള്ളിയിൽ അറിയിക്കുമല്ലോ)
**ഫാ. സ്കറിയ വേകത്താനം** (ഡയറക്ടർ)

# അഡാർട്ട്

**1. ബോധവത്കരണ ക്ലാസുകൾ**

കവീക്കുന്ന് (മെയ് 18), കുഞ്ഞച്ചൻ മിഷനറി ഭവൻ (മെയ് – 18), സെന്റ് തോമസ് റ്റി.റ്റി.ഐ., പാലാ (മെയ് 19), പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ട്, അരുണാപുരം (മെയ് 21), കുന്നന്താനം, ചങ്ങനാശ്ശേരി (മെയ് 24), സെന്റ് തോമസ് കത്തീഡ്രൽ, പാലാ (മെയ് 24), കറുകച്ചാൽ (ജൂൺ 8), കടനാടി (ജൂൺ 8), നെട്ടൂർ, എറണാകുളം (ജൂലായ്) താമരശ്ശേരി (ജൂൺ 21), തിരുവഞ്ചൂർ (ജൂൺ 20), ചൈതന്യ പാസ്റ്ററൽ സെന്റർ കോട്ടയം (ജൂൺ 22), കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി പാലാ (ജൂൺ 22).

**2. അഡാർട്ട് മാനേജിംഗ് കമ്മറ്റി**

മെയ് 15-ാം തീയതി ബിഷപ്പ്സ് ഹൗസിൽ വച്ച് മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ അദ്ധ്യക്ഷതയിൽ അഡാർട്ടിന്റെ മാനേജിംഗ് കമ്മറ്റിയോഗം നടത്തി. ഡയറക്ടർ ഫാ. മാത്യു പുതിയിടത്ത് സ്വാഗതം ആശംസിച്ചു. അഡാർട്ടിന്റെ വാർഷികറിപ്പോർട്ടും വരവുചിലവ് കണക്കുകളും യോഗത്തിൽ അവതരിപ്പിച്ചു. ഭാവി പ്രവർത്തനങ്ങളെപ്പറ്റി ചർച്ച നടത്തി.

**3. ലോക ലഹരിവിരുദ്ധദിനം – ജൂൺ 26**

ലോകലഹരി വിരുദ്ധ ദിനമായ ജൂൺ 26-നോടനുബന്ധിച്ച് ലഹരി വിരുദ്ധ വാരാചരണം അഡാർട്ടിന്റെ ആഭിമുഖ്യത്തിൽ നടത്തി. വാരാചരണത്തിന്റെ ഉദ്ഘാടനം പാലാ സബ് ജഡ്ജി ലിഷ എസ്. ജൂൺ 16-ന് അഡാർട്ട് ഓഡിറ്റോറിയത്തിൽ വച്ച് നിർവ്വഹിച്ചു. ഫാ. മാത്യു പുതിയിടത്ത് അദ്ധ്യക്ഷത വഹിച്ചു. കൗൺസിലർ ഡിജോദാസ്, ചാലി പാലാ, രാജീവ് ശാന്തി എന്നിവർ പ്രസംഗിച്ചു.

**4. അഡാർട്ട് ക്ലബ് ഡയറക്ടേഴ്സ് മീറ്റ്**

ജൂൺ 17-ാം തീയതി അഡാർട്ടിൽ വച്ച് അഡാർട്ട് ക്ലബ് ഡയറക്ടേഴ്സ് മീറ്റ് നടത്തി. ഗിരിദീപം കോളേജ് ഓഫ് മാനേജ്മെന്റ് സ്റ്റഡീസിലെ അസോസിയേറ്റ് പ്രൊഫസർ ഡോ. റോഷ്നി ഫിലിപ്പ് മുഖ്യപ്രഭാഷണം നടത്തി. ഫാ. മാത്യു പുതിയിടത്തിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന് യോഗം കോർപ്പറേറ്റ് എഡ്യൂക്കേഷൻ സെക്രട്ടറി ഫാ. ബർക്കുമാൻസ് കുന്നുംപുറം ഉദ്ഘാടനം ചെയ്തു. കൗൺസിലർ ഷാജി കച്ചിമറ്റം സ്വാഗതവും സിജോദാസ് കൃതജ്ഞതയും പറഞ്ഞു.

**5. ജയിൽ മിനിസ്ട്രി**

മെയ് 7 മുതൽ 9 വരെ കൊല്ലത്തുവച്ച് ജീസസ് ഫ്രട്ടേണിറ്റിയുടെ 32-ാമത് വാർഷികവും 20-ാം സംസ്ഥാനസമ്മേളനവും നടത്തി. പാലാ രൂപതയിൽ നിന്നും ഫാ. മാത്യു പുതിയിടത്ത് സി. ലിസാ മരിയ, സാബു ഇലഞ്ഞി എന്നിവർ പങ്കെടുത്തു. സംസ്ഥാന എക്സിക്യൂട്ടീവ് കമ്മറ്റി അംഗമായി ഫാ. മാത്യു പുതിയയിടത്തിനെ തെരഞ്ഞെടുത്തു. റവ.ഫാ. ആന്റണി OFM Cap സന്ദേശം നൽകി. ഡി.എസ്.റ്റി. സിസ്റ്റേഴ്സ് കലാപരിപാടികൾ അവതരിപ്പിച്ചു. ഫാ. മാത്യു പുതിയിടത്ത് പ്രാർത്ഥനാശുശ്രൂഷ നടത്തി.

**ഫാ. മാത്യു പുതിയിടത്ത്** (ഡയറക്ടർ)

# ബൈബിൾ അപ്പോസ്തലേറ്റ്

**1. ലോഗോസ് ക്വിസ്**

ലോഗോസ് ക്വിസ് 2019 ന്റെ രജിസ്ട്രേഷൻ ജൂലൈ 31 അവസാനിക്കുന്നതാണ്. ആഗസ്റ്റ് 5-ന് മുമ്പായി രൂപതാതല രജിസ്ട്രേഷൻ പൂർത്തിയാക്കുമല്ലോ. കൂടുതൽ ആളുകളെ പങ്കെടുപ്പിക്കുവാൻ ശ്രദ്ധിക്കുമല്ലോ. പൂർണ്ണമായി പൂരിപ്പിക്കാത്ത സെന്റർ ഹെഡ്ഷീറ്റ് സ്വീകരിക്കുന്നതല്ല.

പരീക്ഷാതീയതി 2019 സെപ്തംബർ 29 ഞായർ, ഉച്ചയ്ക്ക് 2 മുതൽ 3.30 വരെ.

**2. ലോഗോസ് ഫാമിലി**

ലോഗോസ് ഫാമിലി ക്വിസ് മത്സരത്തിൽ പങ്കെടുക്കുന്നവരുടെ പേരു വിവരം രജിസ്ട്രേഷൻ സമയത്ത് സൂചിപ്പിക്കണം. വിജയിക്ക് റവ.ഡോ. തോമസ് നാഗനൂലിൽ മെമ്മോറിയൽ എവറോളിംഗ് ട്രോഫിയും 10000 രൂപ ക്യാഷ് അവാർഡും ലഭിക്കുന്നതാണ്.

**3. ബൈബിൾ കോഴ്സ്**

ബൈബിൾ അപ്പസ്തോലേറ്റ് സംഘടിപ്പിക്കുന്ന ഏകവർഷ/ദ്വിവർഷ കോഴ്സുകൾ ജൂൺ മാസം 8-ാം തീയതി അരുണാപുരം പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടന്നു. ഫാ. സെബാസ്റ്റ്യൻ അടപ്പശ്ശേരിൽ, ഫാ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ എന്നിവർ നേതൃത്വം നൽകി.

**4. കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ സംഘടിപ്പിക്കുന്ന ബൈബിൾ സാഹിത്യമത്സരങ്ങൾ 2019**

കവിത, കഥ, ലേഖനം, ഏകാങ്കനാടകം എന്നീ ഇനങ്ങളിലാണ് മത്സരം. പ്രതിപാദന വിഷയം ബൈബിളിലെ ഏതു ഭാഗമാണെന്ന് വ്യക്തമായിരിക്കണം. ബൈബിൾ പ്രമേയങ്ങളുടെ ആനുകാലികാവിഷ്കരണങ്ങൾ അനുവദനീയമാണ്. ചെറുകഥ ആറുപേജിലും (പ്രിന്റ് 3 പേജ്) ലേഖനം പത്തുപേജിലും (പ്രിന്റ് 6 പേജ്) കവിത അറുപതു വരികളിലും കവിയരുത്. ഏകാങ്കം മുപ്പതുമിനിട്ടുകൊണ്ട് അവതരിപ്പിക്കാവുന്നതായിരിക്കണം. കൃതി അനുകരണമോ വിവർത്തനമോ മുമ്പ് പ്രസിദ്ധീകരിച്ചിട്ടുള്ളതോ പ്രസിദ്ധീകരണത്തിന് എവിടെയെങ്കിലും ഏല്പിച്ചിട്ടുള്ളതോ ആയിരിക്കരുത്. ജൂനിയർ, സീനിയർ തിരിവോ പ്രായപരിധി നിബന്ധനകളോ രചനാമത്സരങ്ങൾക്കില്ല. രചനകളിൽ പേരോ വിലാസമോ എഴുതരുത്. പേരും വിലാസവും രൂപതയുടെ പേരും മൊബൈൽ നമ്പരും മറ്റൊരു കടലാസിലെഴുതി പിൻചെയ്തിരിക്കണം.

അല്മായർ, സെമിനാരി വിദ്യാർത്ഥികൾ, സന്യാസിനികൾ എന്നീ ഗ്രൂപ്പുകൾക്ക് വെവ്വേറെയായിരിക്കും ലേഖനമത്സരം. ഓരോ ഗ്രൂപ്പിലുമുള്ള വിഷയം താഴെ കൊടുക്കുന്നു.

ഗ്രൂപ്പ് നമ്പർ 1 : അല്മായർ

വിഷയം : കേരള സഭയും നവപ്രേഷിതദൗത്യവും

ഗ്രൂപ്പ് നമ്പർ 2 : സെമിനാരി വിദ്യാർത്ഥികൾ

വിഷയം : 'എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ' (മർക്കോ 16,15), പ്രേഷിതദൗത്യത്തിന്റെ പുതിയമേഖലകൾ

ഗ്രൂപ്പ് നമ്പർ 3 : സന്യാസിനികൾ

വിഷയം : പ്രേഷിതമേഖലയിൽ സന്യാസിനികളുടെ സംഭാവനകൾ.

മത്സരത്തിനയയ്ക്കുന്ന കൃതികളോടൊപ്പം 50 രൂപ വീതം രജിസ്ട്രേഷൻ ഫീസും (MO/DD) വികാരിയുടെയോ സുപ്പീരിയറിന്റെയോ സാക്ഷ്യപത്രവും അയയ്ക്കേണ്ടതാണ്. ഇവ രണ്ടും ലഭിക്കാത്ത രചനകൾ സ്വീകരിക്കുന്ന

തല്ല. മത്സരത്തിനയ്ക്കുന്ന കൃതികൾ തിരിച്ചു നല്കുന്നതല്ല. ആവശ്യമുള്ളവർ മത്സരത്തിനയയ്ക്കുന്നതിനു മുമ്പ് കൃതികളുടെ കോപ്പികൾ കരുതേണ്ടതാണ്. സമ്മാനാർഹമാകുന്ന  കൃതികൾ ആദ്യം പ്രസിദ്ധീകരിക്കാനുള്ള അവകാശം കെ.സി.ബി.സി. ബൈബിൾ കമ്മീഷനായിരിക്കും. കൃതികൾ ലഭിക്കേണ്ട അവസാനതീയതി  2019 ഒക്ടോബർ 10 നാണ്. വൈകിയെത്തുന്ന കൃതികൾ സ്വീകരിക്കുന്നതല്ല.

ഒന്നും രണ്ടും മൂന്നും സ്ഥാനത്തെത്തുന്ന സമ്മാനാർഹർക്ക് സർട്ടിഫിക്കറ്റും ബൈബിളും  താഴെ കൊടുത്തിരിക്കുന്നതനുസരിച്ച് ക്യാഷ് അവാർഡും നൽകുന്നതാണ്.

| മത്സരയിനം | രജി.ഫീസ് | First | Second | Third |
|---|---|---|---|---|
| 1. കവിത | 50 | 1500 | 1000 | 750 |
| 2 ചെറുകഥ | 50 | 1500 | 1000 | 750 |
| 3. ഏകാങ്കനാടകം | 50 | 1500 | 1000 | 750 |
| 4. ലേഖനം – 1 | 50 | 1500 | 1000 | 750 |
| 5. ലേഖനം – 2 | 50 | 1500 | 1000 | 750 |
| 6. ലേഖനം – 3 | 50 | 1500 | 1000 | 750 |

കൃതികൾ അയയ്ക്കേണ്ട വിലാസം: സെക്രട്ടറി, ബൈബിൾ കമ്മീഷൻ, പി.ഒ.സി., പി.ബി. നമ്പർ 2251, പാലാരിവട്ടം, കൊച്ചി – 682 025

**ഫാ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ** (ഡയറക്ടർ)

# ഇവാഞ്ചലൈസേഷൻ

**1. ഉപവാസമദ്ധ്യസ്ഥപ്രാർത്ഥന**

ഈ മാസം 14,21,28 തീയതികളിൽ പാലാ കത്തീഡ്രലിൽ വച്ച് രാവിലെ 9 മണി മുതൽ 3 വരെ ഉപവാസമദ്ധ്യസ്ഥ പ്രാർത്ഥന നടത്തി. റവ.ഫാ. കുര്യൻമറ്റം, ഫാ. തോമസ് തയ്യിൽ, ഫാ. മാത്യു തുരുത്തിപ്പള്ളി, ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ ഇവാഞ്ചലൈസേഷൻ ടീമംഗങ്ങൾ തുടങ്ങിയവർ നേതൃത്വം നൽകി.

**2. സെൽ പ്രാർത്ഥന ഷാലോമിൽ**

ഈ മാസം 3,10,17,24 തീയതികളിൽ വൈകുന്നേരം 4.30 മുതൽ 6 വരെ ഷാലോമിൽ വച്ച് സെൽപ്രാർത്ഥന നടത്തി. ഇവാഞ്ചലൈസേഷന്റെയും കരിസ്മാറ്റിക്സിന്റെയും  കുടുംബകൂട്ടായ്മയുടെയും  പ്രവർത്തനങ്ങൾക്കുവേണ്ടി മാദ്ധ്യസ്ഥം വഹിച്ച് പ്രാർത്ഥിച്ചു. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ജയിംസ് മാറാട്ടുകുളം,  തങ്കച്ചൻ ശ്രാമ്പിക്കൽ തുടങ്ങിയവർ നേതൃത്വം നൽകി.

**3. മദ്ധ്യസ്ഥപ്രാർത്ഥന ഷാലോമിൽ**

ഈ മാസം 3,4,5,6,10,11,12,13,17,18,19,20,24,25,26,27 തീയതികളിൽ ഷാലോമിൽ വച്ച് മദ്ധ്യസ്ഥ പ്രാർത്ഥന നടത്തി. രൂപതയുടെയും ഇവാഞ്ചലൈസേഷന്റെയും വിവിധ പ്രവർത്തനങ്ങൾക്കുവേണ്ടി മാദ്ധ്യസ്ഥം വഹിച്ചു പ്രാർത്ഥിച്ചു. ശ്രീമതി മോനിക്ക മാങ്കാലായിൽ, ജോസഫ് കുന്നപ്പള്ളി, മേരി പാറയിൽ, ചാക്കോ

ചെട്ടിമാട്ടേൽ തുടങ്ങിയവർ നേതൃത്വം നൽകി.

**4. ഇവാഞ്ചലൈസേഷൻ മിനിസ്ട്രി കൂട്ടായ്മ**

രൂപതയിൽ പ്രവർത്തിക്കുന്ന കോളനി, ആശുപത്രി, ജയിൽ, മദ്യപാനം, ആത്മഹത്യയ്ക്കെതിരെയുള്ള മിനിസ്ട്രി, മദ്ധ്യസ്ഥ പ്രാർത്ഥന മിനിസ്ട്രികളിൽ പ്രവർത്തിക്കുന്നവർ ഈ മാസം 19-ാം തീയതി ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കലച്ചന്റെ നേതൃത്വത്തിൽ മൂലമറ്റത്തുള്ള അസ്സീസി ഭവനത്തിൽ പോയി വിവിധ തരത്തിലുള്ള ശുശ്രൂഷകൾ രാവിലെ 10 മണി മുതൽ 12 വരെ നടത്തി. 12 മണി മുതൽ 1.30 വരെ വിവിധതരം കലാപരിപാടികൾ അവിടെയുള്ള 140 പേർക്കായി അവതരിപ്പിച്ചു. ഉച്ചയ്ക്ക് 2ന് ഡയറക്ടറച്ചൻ വി. ബലിയർപ്പിച്ച് സന്ദേശം നൽകി. 3.30 ന് ചായ കുടിച്ച് ഞങ്ങൾ 40 പേർ തിരിച്ചു പോന്നു.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ** (ഡയറക്ടർ)

# കരിസ്മാറ്റിക് വാർത്തകൾ

**1. വചനദീപ്തിധ്യാനം**

പാലാക്കാട് ലിറ്റിൽ ഫ്ളവർ ദൈവാലയത്തിലും മീനച്ചിൽ സെന്റ് ആന്റണീസ് ദൈവാലയത്തിലും വചനദീപ്തി തുടർധ്യാനം ജൂൺ 6, 7 തീയതികളിൽ നടത്തപ്പെട്ടു. ബ്ര. ജോൺസൺ കണ്ടത്തിൽ, സി. ആൻ മരിയ എസ്.എച്ച്. എന്നിവർ വചനശുശ്രൂഷ നയിച്ചു.

**2. കരിസ്മാറ്റിക് ദിനവും മിനിസ്ട്രി കൂട്ടായ്മയും**

എല്ലാ മാസാദ്യശനിയാഴ്ചകളിലും നടന്നുവരുന്ന കരിസ്മാറ്റിക് നേതത്വസംഗമവും മിനിസ്ട്രികളുടെ കൂട്ടായ്മയും പന്തക്കുസ്താ ഒരുക്കശുശ്രൂഷയും ജൂൺ 1-ാം തീയതി 9.30 മുതൽ 3 വരെ ഷാലോം പാസ്റ്ററൽ സെന്ററിൽ നടന്നു. ,സോണൽ ഡയറക്ടർ റവ.ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ സേവനസമിതിയംഗങ്ങളും മൂലമറ്റം, ഭരണങ്ങാനം, സബ്സോൺ സേവനസമിതി അംഗങ്ങളും ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

**3. വരദാന മദ്ധ്യസ്ഥപ്രാർത്ഥന**

സോണൽ സേവന സമിതി അംഗങ്ങളുടെ നേതൃത്വത്തിൽ വിവിധ സബ് സോൺ കേന്ദ്രീകരിച്ച് വരദാന മദ്ധ്യസ്ഥപ്രാർത്ഥന നടത്തിവരുന്നു. 7 സബ് സോണുകൾ പങ്കെടുത്തു.

**4. ജീസസ് ഏയ്ഞ്ചൽ ധ്യാനം**

ജീസസ് ഏയ്ഞ്ചൽസ് ധ്യാനത്തിന് തുടർച്ചയായി ഇലഞ്ഞി ഫൊറോന പള്ളികളിലും വലവൂർ, അന്തീനാട് ഇടവകകളിലും ഏകദിന പ്രോഗ്രാമുകൾ നടത്തപ്പെട്ടു. റവ.ഫാ.വിൻസെന്റ് മൂങ്ങാമാക്കൽ, ലിൻസിമോൾ കുരിശുംമൂട്ടിൽ എന്നിവർ നേതൃത്വം നൽകി.

**5. പന്തക്കുസ്താതിരുനാൾ ഒരുക്കശുശ്രൂഷ**

ജൂൺ 9-ാം തീയതി ആഘോഷിച്ച പന്തക്കുസ്താ തിരുനാൾ, മിഷൻദിനാചരണവും സമുചിതമായി ആചരിച്ചതിന്റെ ഭാഗമായി രൂപതയിലെ 18 സബ്സോൺ സേവനസമിതി അംഗങ്ങളുടെ നേതൃത്വത്തിൽ പാലാ കത്തീഡ്രൽ, സെന്റ് ജോർജ് ചർച്ച് ളാലം പുത്തൻപള്ളി എന്നീ ദൈവാലയത്തിൽവച്ച് 9 ദിവസത്തെ ആരാധനയും അഖണ്ഡജപമാലയും നടത്തപ്പെട്ടു. എല്ലാ സബ് സോണുകളും സജീവമായി പങ്കെടുത്തു.

**6. പന്തക്കുസ്താതിരുനാളും മിഷൻ ദിനാചരണവും**

2019 ജൂൺ 9-ാം തീയതി രാവിലെ 9.30 മുതൽ 4 മണി വരെ പാലാ കത്തീഡ്രൽ പള്ളിയിൽവച്ച് നടത്തപ്പെട്ടു. വിജയപുരം രൂപത വികാരിജനറാൾ ജോസ് നവാസ് വചനശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. റവ.ഫാ. തോമസ് ഓലായത്തിൽ ദിവ്യകാരുണ്യ ആരാധനയ്ക്ക് നേതൃത്വം നൽകി. ഫാ. സെബാസ്റ്റ്യൻ വെട്ടുകല്ലേൽ, റവ.ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, റവ.ഫാ. കുര്യൻമറ്റം, റവ. ഫാ. സിറിൽ തയ്യിൽ, ഫാ. ജോസഫ് മണിയങ്ങാട്ട്, ഫാ. മാത്യു തുരുത്തിപ്പള്ളിൽ, സോണൽ സേവനസമിതി അംഗങ്ങളും വിവിധ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. രൂപതയിലെ ഭൂരിപക്ഷം ഇടവകകളുടെയും പ്രാതിനിധ്യം ഉണ്ടായിരുന്നു. നവചൈതന്യത്തിലേയ്ക്ക് പുതിയ പന്തക്കുസ്താ അനുഭവത്തിലേയ്ക്ക് എല്ലാവരും ആനയിക്കപ്പെട്ടു.

**7. രാത്രി ആരാധന**

രൂപതാ സേവന സമിതിയുടെ നേതൃത്വത്തിൽ മാസാവസാന ശനിയാഴ്ചകളിൽ ഭരണങ്ങാനം സെന്റ് അൽഫോൻസാ തീർത്ഥാടന ദൈവാലയത്തിൽവച്ച് നടന്നുവരുന്ന രാത്രി ആരാധന ജൂൺ 29-ാം തീയതി ശനിയാഴ്ച 7 മണിക്ക് വി. കുർബാനയോടുകൂടി ആരംഭിച്ച് 30-ാം തീയതി വെളുപ്പിന് 4 മണിക്ക് വി. കുർബാനയോടുകൂടി അവസാനിച്ചു. റവ.ഫാ. മാത്യു വയലാമണ്ണിൽ സി.എസ്.റ്റി. വചനശുശ്രൂഷയും ആരാധനയും നയിച്ചു. ഫാ. ജോസ് വള്ളോംപുരയിടം, റവ.ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, കരിസ്മാറ്റിക് സർവ്വീസ് ടീം അംഗങ്ങൾ എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ (ഡയറക്ടർ)**

# മൗണ്ട് നെബോ ധ്യാനകേന്ദ്രം

മെയ് ഇരുപത്തഞ്ചാം തിയതി ശനിയാഴ്ച രാവിലെ 8.30 മുതൽ 2.30 വരെ ഡയറക്ടർ ഫാ. തോമസ് വാഴചാരിയ്ക്കൽ, അസി. ഡയറക്ടർ ഫാ. ജോർജ് തെരുവിൽ എന്നിവരുടെ നേതൃത്വത്തിൽ ഏകദിന ദൈവരാജ്യാനുഭവശുശ്രൂഷ നടത്തപ്പെട്ടു. ജൂൺ രണ്ടാം തിയതിമുതൽ എട്ടാം തിയതിവരെ നടത്തപ്പെട്ട ദൈവരാജ്യാനുഭവധ്യാനത്തിൽ നൽകി. മോൺ. ജോസഫ് കുഴിഞ്ഞാലിൽ വി. കുർബാനയർപ്പിച്ച് പ്രാരംഭസന്ദേശം നൽകി ആരംഭിച്ച ധ്യാനത്തിന് ഡയറക്ടർ, അസി.

ഡയറക്ടർ എന്നിവർക്കൊപ്പം, ഫാ. ജോർജ് വയലിൽകളപ്പുര CMI, ഫാ. സെബാസ്റ്റ്യൻ തോട്ടുങ്കൽ OFM Cap, ഫാ. ജസ്റ്റിൻ മേപ്പുറത്ത് HGN, ഫാ. ജോസഫ് തെരുവിൽ, ഫാ. മാത്യു കുരിശുംമൂട്ടിൽ, ഫാ. മാത്യു പിണക്കാട്ട്, ഫാ. കുര്യാക്കോസ് വട്ടമുകളേൽ, ഫാ. കുര്യാക്കോസ് വടക്കേതകിടിയേൽ, അഡ്വ. സെബി ചെറിയാൻ വിലങ്ങുപാറ, സി. റോസിലി കുറിച്ച്യാപറമ്പിൽ ASI, സണ്ണി മാന്നാത്ത്, ജോസ് ടോം കാടൻകാവിൽ, ബിനി കലൂർ, മനോജ് വാഗമൺ എന്നിവർ വിവിധ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. മൗണ്ട് നെബോയിൽ അടുത്ത ദൈവരാജ്യാനു വധ്യാനങ്ങൾ ജൂലൈ ഏഴ് മുതൽ പതിമൂന്ന് വരെയും ഓഗസ്റ്റ് നാല് മുതൽ പത്ത് വരെയും. ബുക്കിംഗിന്: 9847472522, 9747252227, 9447488624.

**ഫാ. തോമസ് വാഴചാരിക്കൽ** (ഡയറക്ടർ)

**ഫാ. ജോർജ് തെരുവിൽ** (അസി. ഡയറക്ടർ)

# ഫ്രാൻസിസ്കൻ അല്മായ സഭ

**അൽഫോൻസാ തീർത്ഥാടനം**

ഫ്രാൻസിസ്ക്കൻ അല്മായ സഭ രൂപത കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ വി. അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് നടത്തുന്ന ജപമാല റാലി ജൂലൈ 20-ാം തീയതി നടത്തും. ഭരണങ്ങാനം അസ്സീസി ആശ്രമത്തിൽനിന്ന് ആരംഭിച്ച് മേരിഗിരി വഴി തീർത്ഥാടന കേന്ദ്രത്തിലേക്ക് നടക്കും. 2.30 ന് തീർത്ഥാടന കേന്ദ്രത്തിൽ വി. കുർബാന ഫാ. മൈക്കിൾ പറുശ്ശേരി OFM Cap, ഫാ. ആന്റണി വെച്ചൂർ OFM Cap എന്നിവർ മുഖ്യകാർമ്മികത്വം വഹിക്കും.

**സെമിനാർ**

അല്മായ സഭാംഗങ്ങൾക്കായി ഏകദിന സെമിനാർ ഭരണങ്ങാനം അസ്സീസി ആശ്രമ ദേവാലയത്തിൽ വച്ച് നടക്കുന്നു. ശ്രീ. പി.യു. തോമസ് (നവജീവൻ ട്രസ്റ്റ്, കോട്ടയം) ക്ലാസ് നയിക്കും.ദ

**ഫാ. ആന്റണി വെച്ചൂർ** OFM Cap (ഡയറക്ടർ)

# ദീപിക ഫ്രണ്ട്സ് ക്ലബ്

**1. എക്സിക്യൂട്ടീവ് യോഗം**

ദീപിക ഫ്രണ്ട്സ് ക്ലബിന്റെ എക്സിക്യൂട്ടീവ് യോഗം പാലാ ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തി. രൂപതാ വൈസ് പ്രസിഡന്റ് ബെന്നി വടക്കേടം യോഗത്തിൽ അധ്യക്ഷത വഹിച്ചു. സെക്രട്ടറി ടോമി തുരുത്തിക്കര, സാലിമ്മ ജോളി അറയ്ക്കൽ, ഫാ. സ്കറിയ വേകത്താനം തുടങ്ങിയവർ പ്രസംഗിച്ചു.

**2. വാകക്കാട് ഇടവകയിൽ മാധ്യമ സെമിനാർ**

ഡിഎഫ്സി യുടെ ആഭിമുഖ്യത്തിൽ മാധ്യമസെമിനാർ നടത്തി. യൂണിറ്റ് പ്രസിഡന്റ് ജോർജ് വട്ടപ്പാലം അധ്യക്ഷത വഹിച്ച മീറ്റിംഗിൽ വികാരി ഫാ. ജെയിംസ് കുടിലിൽ, ഫാ. സ്കറിയ വേകത്താനം, ടോമി തുരുത്തിക്കര, ജോർജ് വടക്കേൽ, പോൾസൺ പൊരിയത്ത് തുടങ്ങിയവർ പ്രസംഗിച്ചു.

**3. വിളക്കുമാടം ഇടവകയിൽ മാധ്യമസെമിനാർ**

വിളക്കുമാടം ഇടവകയിൽ മാധ്യമസെമിനാർ നടത്തി. വികാരി ഫാ. ജോസഫ് പാണ്ടിയാംമാക്കൽ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. ഫാ. ജിനോ പുന്നമറ്റത്തിൽ സെമിനാർ നയിച്ചു. തുടർന്ന് ഡിഎഫ്സിയുടെ പുതിയ പുരുഷ-വനിതാഭാരവാഹികളെ തെരഞ്ഞെടുത്തു. ടോമി തുരുത്തിക്കര, ചാക്കോച്ചൻ കളപ്പുരയ്ക്കൽ, രാജു കൊക്കപ്പുഴ തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**4. കാളികാവ് ഇടവകയിൽ മാധ്യമസെമിനാർ**

കാളികാവ് ഇടവകയിലെ മാധ്യമസെമിനാറിന് വികാരി ഫാ. ജെയിംസ് വെട്ടുകല്ലേൽ അധ്യക്ഷത വഹിച്ചു. ഫാ. ജിനോ പുനമറ്റത്തിൽ സെമിനാർ നയിച്ചു. ഫാ. സ്കറിയ വേകത്താനം, ടോമി തുരുത്തിക്കര, ജോസഫ് വട്ടംതൊട്ടി, മാത്തുകുട്ടി ജോസഫ് ചെമ്പകശ്ശേരിൽ തുടങ്ങിയവർ പ്രസംഗിച്ചു. തുടർന്ന് യൂണിറ്റിലെ പുതിയ പുരുഷ, വനിതാഭാരവാഹികളെ തെരഞ്ഞെടുത്തു.

**5. ഡ്രീംലൈൻ പ്രോജക്ട് വാകക്കാട് ഇടവകയിൽ**

ദീപിക പത്രപ്രചാരണ പരിപാടി നടത്തി. ദീപിക ജനറൽ മാനേജർ റവ.ഫാ. മാത്യു ചന്ദ്രൻകുന്നേൽ മുഖ്യപ്രഭാഷണം നടത്തി. മുപ്പതോളം പുതിയ പത്രങ്ങൾ ലഭിച്ചു.

**6. ഡ്രീംലൈൻ പ്രോജക്ട് പ്ലാശനാൽ ഇടവകയിൽ**

പ്ലാശനാൽ ഇടവകയിൽ ദീപിക പ്രചാരണം നടത്തി. വികാരി റവ.ഫാ. ജോസഫ് പാതാമ്പുഴ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. ദീപിക എം.ഡി. റവ.ഫാ. മാത്യു ചന്ദ്രൻകുന്നേൽ മുഖ്യപ്രഭാഷണം നടത്തി. രൂപത കോർഡിനേറ്റർ ഫാ. സ്കറിയ വേകത്താനം, ഫാ. ജോസഫ് തെരുവിൽ, ടോമി തുരുത്തിക്കര, ചാക്കോച്ചൻ കളപ്പുരയ്ക്കൽ തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി. ഇരുപത്തിയെട്ട് പുതിയ പത്രങ്ങൾ ലഭിച്ചു.

**7. ഡ്രീംലൈൻ പ്രോജക്ട് വിളക്കുമാടം ഇടവകയിൽ**

വിളക്കുമാടം ഇടവകയിൽ ദീപികയുടെ പ്രചാരണപരിപാടി സംഘടിപ്പിച്ചു. ദീപിക എം.ഡി. റവ.ഫാ. മാത്യു ചന്ദ്രൻകുന്നേൽ മുഖ്യപ്രഭാഷണം നടത്തി. അറുപത്തിനാലും പുതിയ പത്രവരിക്കാരെ ചേർത്തു.

**8. ഡ്രീംലൈൻ പ്രോജക്ട് കാളികാവ് ഇടവകയിൽ**

ദീപിക പത്രപ്രചാരണ പരിപാടി സംഘടിപ്പിച്ചു. റവ.ഫാ. മാത്യു ചന്ദ്രൻകുന്നേൽ മുഖ്യപ്രഭാഷണം നടത്തി. അൻപത്തിയൊന്ന് പുതിയ പത്രവരിക്കാരെ ചേർത്തു.

**9. പത്രപ്രചാരണം – കോർപ്പറേറ്റ് പ്രഥമാധ്യാപകസമ്മേളനം**

പാലാ രൂപത കോർപ്പറേറ്റ് പ്രഥമാധ്യാപകസമ്മേളനം പാലാ ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തി. കോർപറേറ്റ് സെക്രട്ടറി റവ.ഫാ. ബർക്കുമാൻസ് കുന്നുംപുറം മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. പ്രസ്തുത യോഗത്തിൽ ദീപിക നമ്മുടെ ഭാഷാപദ്ധതി, ദീപിക അനുബന്ധ പ്രസിദ്ധീകരണങ്ങൾ എന്നിവയെക്കുറിച്ച് ഫാ. സ്കറിയ വേകത്താനം പ്രസംഗിച്ചു.

**10. അനുമോദിച്ചു**

മീനച്ചിൽ താലൂക്ക് ലൈബ്രറി കൗൺസിലിന്റെ നേതൃത്വത്തിൽ ഏർപ്പെടുത്തിയ തോമസ് പാലാ സാഹിത്യ അവാർഡ് കരസ്ഥമാക്കിയ പാലാ രൂപത സാഹിത്യവേദി അംഗമായ ജോസ് വട്ടപ്പലത്തെ ദീപിക ഫ്രണ്ട്സ് ക്ലബ് സാഹിത്യവേദി അനുമോദിച്ചു.

**11. അനുശോചിച്ചു**

ഡി.എഫ്.സി. മറ്റത്തിപ്പാറ യൂണിറ്റ് പ്രസിഡന്റും തുടങ്ങനാട് മേഖല ട്രഷറുമായ ആൻസി ഷാജി ചക്കാലയുടെ നിര്യാണത്തിൽ ഡിഎഫ്സി പാലാ രൂപത നേതൃസമിതി അനുശോചിച്ചു.

**12. പ്രതിഷേധിച്ചു കാർട്ടൂൺ പുരസ്കാരം**

സംസ്ഥാന ലളിതകലാ അക്കാദമിയുടെ വിവാദ കാർട്ടൂൺ പുരസ്കാരത്തിനെതിരെ ഡിഎഫ്.സി. പാലാ രൂപതാ നേതൃസമിതി പ്രതിഷേധിച്ചു. 'വിശ്വാസം രക്ഷതി' എന്നീ അടിക്കുറിപ്പോടെയുള്ള കുരിശിനെയും ക്രൈസ്തവമതചിഹ്നങ്ങളെയും അവഹേളിക്കുന്ന കാർട്ടൂണിനു പുരസ്കാരം നൽകാനുള്ള ലളിതാകലാ അക്കാദമിയുടെ തീരുമാനം മതവിശ്വാസത്തെ വ്രണപ്പെടുത്തുന്നതും അപകീർത്തിപ്പെടുത്തുനന്നതുമാണെന്ന് യോഗം അഭിപ്രായപ്പെട്ടു. ലളിതകലാ അക്കാദമിയുടെ ഈ തീരുമാനം പുനഃപരിശോധിക്കണമെന്ന് യോഗം ആവശ്യപ്പെട്ടു. രൂപതാ പ്രസിഡന്റ് ഡോ. സണ്ണി വി. സ്കറിയ യോഗത്തിൽ അധ്യക്ഷത വഹിച്ചു.

**ഫാ. സ്കറിയ വേകത്താനം** (കോർഡിനേറ്റർ)

---

# ഇൻഫാം

---

ഇൻഫാം സംസ്ഥാനസമിതിയുടെ ആഭിമുഖ്യത്തിൽ പാറത്തോട് എം.ഡി.എസ്. ദ്വിദിന സംസ്ഥാന സമിതി ചേരുകയുണ്ടായി. പ്രസ്തുത യോഗത്തിൽ ഇൻഫാം രക്ഷാധികാരി മാർ മാത്യു അറയ്ക്കൽ പിതാവ് സന്ദേശം നൽകി. അതിനുശേഷം നടന്ന ഇൻഫാമിന്റെ വിഷൻ-മിഷൻ എന്ന വിഷയത്തെ ആസ്പദമാക്കി ഇൻഫാം ഡയറക്ടർ ഫാ. തോമസ് മറ്റമുണ്ടയിൽ ക്ലാസ് നയിച്ചു. ഇൻഫാം ദേശീയ പ്രസിഡന്റ് ഡി.സി. സിറിയക്, വി.സി. സെബാസ്റ്റ്യൻ തുടങ്ങിയവർ പ്രസംഗിച്ചു. പാലാ രൂപത കമ്മറ്റിയിൽനിന്നും പ്രസിഡന്റ് മാത്യു മാമ്പറമ്പിൽ, സെക്രട്ടറി ബേബി പുറപ്പള്ളിൽ, ജോർജ് പൂവത്താനി തുടങ്ങിയവർ സംബന്ധിച്ചു.

ഇൻഫാം. പാലാ രൂപത സമിതി 16-6-2019 ൽ ഷാലോം പാസ്റ്ററൽ സെന്ററിൽ ചേർന്നു. പ്രസ്തുതയോഗത്തിൽ ഇൻഫാം പാലാ രൂപത ഡയറക്ടർ ഫാ. സിറിയക് തയ്യിൽ ആമുഖപ്രഭാഷണം നടത്തി. ഇൻഫാമിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള മാർഗ്ഗങ്ങൾ യോഗം ചർച്ച ചെയ്തു. പ്രസിഡന്റ് മാത്യു മാമ്പറമ്പിൽ സെക്രട്ടറി ബേബി പന്തപ്പള്ളിൽ, സണ്ണി അരഞ്ഞാണി, ബെന്നി തുളുവനാനി, ജെയിംസ് കാഞ്ഞിരമറ്റം തുടങ്ങിയവർ സംസാരിച്ചു.

**ഫാ. ജോസ് തറപ്പേൽ** (ഡയറക്ടർ)
**ഫാ. സിറിൽ തയ്യിൽ** (അസി. ഡയറക്ടർ)

# *Received Heavenly Reward*



# ആദരാഞ്ജലികൾ



## സി. ട്രീസ മുത്തുമാക്കുഴി എസ്.എം.സി.

പാലാ രൂപത കാഞ്ഞിരമറ്റം ഇടവക മുത്തുമാക്കുഴി മാത്യു-അന്നമ്മ ദമ്പതികളുടെ എട്ട് മക്കളിൽ 4-ാമത്തെ സന്താനമായി സി. ട്രീസ ഭൂജാതയായി. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം മൂലമറ്റം മഠത്തിൽ അർത്ഥിനിയായി ചേർന്നു. 1974 മെയ് 22-ാം തീയതി ആദ്യവ്രതവാഗ്ദാനവും 1981 മെയ് 4-ാം തീയതി നിത്യവ്രതവാഗ്ദാനവും നടത്തി. മൂലമറ്റം, അമനക്കര, മുരിക്കാശ്ശേരി, കട്ടപ്പന, കുടയത്തൂർ, ചെങ്ങളം, കാഞ്ഞിരപ്പള്ളി എന്നീ മഠങ്ങളിൽ സോഷ്യൽവർക്കറായും ശാന്തിഗ്രാം മഠത്തിലെ സുപ്പീരിയറായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഇടവകയിലെയും ഭവനത്തിലെയും വിവിധങ്ങളായ ശുശ്രൂഷകൾ വഴി തന്റെ സമർപ്പണ ജീവിതത്തെ കൂടുതൽ തിളക്കമുള്ളതാക്കാൻ അമ്മ പരിശ്രമിച്ചിരുന്നു. ഭവനസന്ദർശനം നടത്തുവാനും മറ്റുള്ളവരുടെ ക്ഷേമമന്വേഷണങ്ങൾ നടത്തുവാനും അവരെ സഹായിക്കാനും അമ്മയ്ക്കു താല്പര്യമായിരുന്നു. എല്ലാ കടന്നുപോകും എന്ന ധ്വനിയിൽകൂടി മരണമെന്ന യഥാർത്ഥ്യത്തെക്കുറിച്ച് ഇടയ്ക്കിടയ്ക്ക് സഹസഹോദരികളെ അമ്മ ഓർമ്മിപ്പിക്കുമായിരുന്നു.

നിഷ്കളങ്കവും ശിശുതുല്യവുമായ പുഞ്ചിരിയിലൂടെയും പ്രവർത്തനശൈലിയിലൂടെയും എല്ലാവർക്കും സൽമാതൃകകൾ നൽകാൻ അമ്മ ശ്രദ്ധിച്ചിരുന്നു. ആതിഥ്യശുശ്രൂഷയിൽ പ്രത്യേക താല്പര്യം കാണിച്ചിരുന്ന അമ്മ എല്ലാവരെയും സ്നേഹിക്കുവാനും ഉൾക്കൊള്ളുവാനും തന്റെ ദൗത്യനിർവ്വഹണത്തിൽ ബദ്ധശ്രദ്ധയായിരുന്നു. വാർദ്ധക്യസഹജമായ അസുഖങ്ങളാൽ അമ്മ ബുദ്ധിമുട്ടിയിരുന്നെങ്കിലും ചെറുപുഞ്ചിരി

യോടെ അതെല്ലാം സ്വീകരിച്ചിരുന്നു. ശാരീരികാസ്വാസ്ഥ്യത്താൽ കൂടുതൽ ക്ഷീണിതയായ അമ്മയെ കാർമ്മൽ ഹോസ്പിറ്റലിൽ പ്രവേശിപ്പിക്കുകയും 2019 മെയ് 16-ാം തീയതി വൈകിട്ട് 8.30 ന് താൻ പ്രതീക്ഷിച്ചിരുന്ന നിത്യസമ്മാനത്തിനായി യാത്രയാവുകയും ചെയ്തു. അഭിവന്ദ്യ കല്ലറങ്ങാട്ട് പിതാവ് അമ്മയ്ക്കുവേണ്ടി ഒപ്പീസ് ചൊല്ലി പ്രാർത്ഥിക്കുകയും അനുശോചനസന്ദേശം നൽകുകയും ചെയ്തിരുന്നു. അതുപോലെ അനേകം ബഹു. വൈദികരും അമ്മയ്ക്കുവേണ്ടി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചിരുന്നു.

പിറ്റേദിവസം 7-ാം തീയതി ഉച്ചയ്ക്കു 1 മണിക്ക് അമ്മയുടെ കുടുംബാംഗമായിരുന്നു ബഹു. ഇമ്മാനുവേൽ മുത്തുമാക്കുഴിയുടെ പ്രധാന കാർമ്മികത്വത്തിൽ പാലാ ജനറലേറ്റ് ചാപ്പലിൽ വച്ച് സമൂഹബലിയോടെ സംസ്കാരശുശ്രൂഷകൾ ആരംഭിച്ചു. ദിവ്യബലിക്കുശേഷം പള്ളിയിൽ മൃതശരീരം എത്തിയപ്പോൾ പാലാ രൂപത വികാരി ജനറാളും ഞങ്ങളുടെ സഭയുടെ സ്പിരിച്ചൽ ഡയറക്ടറുമായ റവ.ഫാ. ജോസഫ് കുഴിഞ്ഞാലിൽ അനുശോചനസന്ദേശം നൽകുകയും സംസ്കാരശുശ്രൂഷയ്ക്ക് മുഖ്യ കാർമ്മികത്വം വഹിക്കുകയും ചെയ്തു. അനേകം വൈദികരുടെയും സിസ്റ്റേഴ്സിന്റെയും ഇടവക ജനങ്ങളുടെയും കുടുംബാംഗങ്ങളുടെയും സാന്നിദ്ധ്യത്തിൽ മൃതദേഹം പാലാ ളാലം പുത്തൻപള്ളി സിമിത്തേരിയിൽ സംസ്കരിച്ചു. നിത്യനായവന്റെ കൂടെ നിത്യമായി വസിക്കാൻ നല്ലവനായ ദൈവം അമ്മയെ അനുഗ്രഹിക്കട്ടെ.



## റവ.സി. ആവിലാ പുതുച്ചിറ എഫ്.സി.സി.

പാലാ രൂപത പൂവരണി ഇടവകയിൽ പുതുച്ചിറ കുടുംബത്തിൽ ജോസഫ്-ഏലി ദമ്പതികളുടെ 6 മക്കളിൽ 6-ാമത്തെ സന്താനമായി 28-7-1930 ൽ ബഹു. ആവിലാമ്മ ഭൂജാതയായി. മുത്തോലി സെന്റ് ജോസഫ് എച്ച്.എസിൽനിന്ന് 1949-ൽ എം.എച്ച്.സി.യും മുത്തോലി സെന്റ് ജോസഫ് ബി.റ്റി.എസിൽനിന്ന് 1950 ൽ ടി.ടി.സി.യും പാസ്സായി. 4-10-1953 ൽ പെരിങ്ങുളം എഫ്.സി. കോൺവെന്റിൽ അർത്ഥിനിയായി ചേർന്നു. 1954 മെയ് 24-ാം തീയതി സഭാവസ്ത്രസ്വീകരണവും 1955 മെയ് 29-ാം തീയതി പ്രഥമ വ്രതവാഗ്ദാനവും 1958 മെയ് 29-ാം തീയതി നിത്യവ്രതവാഗ്ദാനവും ചെയ്തു.

സ്വീകരിക്കുന്നതിനേക്കാൾ കൊടുക്കുന്നതാണ് ശ്രേയസ്ക്കരം എന്ന യേശുനാഥന്റെ തിരുവചനം തന്റെ ജീവിതത്തിൽ ചാലിച്ചുചേർത്ത ബഹു. ആവിലാമ്മ മദർ സുപ്പീരിയർ, ട്രഷറർ, ഫാം സൂപ്പർവൈസർ, ജൂണി

യർ മിസ്ട്രസ്, കൗൺസിലർ, സോഷ്യൽ വർക്കർ എന്നീ വിവിധങ്ങളായ ഭാരിച്ച ഉത്തരവാദിത്വങ്ങൾ അതിന്റെ പൂർണ്ണതയിൽ ഏറെ സന്തോഷ ത്തോടെ നിർവ്വഹിച്ചു.

ബഹു. ആവിലാമ്മയുടെ നിസ്തുലങ്ങളായ സേവനങ്ങൾക്ക് സാക്ഷ്യം വഹിച്ച വിവിധ മഠങ്ങളാണ് പെരിങ്ങുളം, മലയിഞ്ചിപ്പാറ, ളാലം, കോതനെല്ലൂർ, മഞ്ഞാമറ്റം, മണിയംകുന്ന്, കല്ലൂർക്കുളം, മണലുങ്കൽ, രത്നഗിരി, പൂഞ്ഞാർ, കുറിഞ്ഞി, തീക്കോയി, ചെമ്മലമറ്റം എന്നിവ. ഈ കാലയളവിൽ 34 വർഷം യു.പി.സ്കൂൾ അദ്ധ്യാപികയായും 4 മഠങ്ങളിൽ സുപ്പീരിയറായും അനേകായിരങ്ങളെ ദൈവസ്നേഹത്തിലേക്ക് കൈപിടിച്ചു നടത്തുവാൻ അമ്മയ്ക്ക് സാധിച്ചു.

2001 മുതൽ കാക്കോളി മഠാംഗമായി തീർന്ന ബഹു. ആവിലാമ്മ കൗൺസിലർ, ഫാ. സൂപ്പർവൈസർ എന്നീ ഉത്തരവാദിത്വങ്ങൾ വഹിച്ചുകൊണ്ട് ഈ മഠത്തിലെ തന്റെ സ്നേഹസേവനങ്ങൾ സഹോദരങ്ങളുമായി പങ്കുവച്ചു. ഏതാനും വർഷങ്ങളായി പ്രായത്തിന്റെയും രോഗത്തിന്റെയും ചെറിയ അസ്വസ്ഥതകൾ അലട്ടിയിരുന്നുവെങ്കിലും ഒരു വിശുദ്ധയാകുക എന്ന തന്റെ ആദർശവാക്യം ജീവിതത്തിൽ പ്രാവർത്തികമാക്കുവാനായി യാതൊരു പരാതിയുമില്ലാതെ അതെല്ലാം സന്തോഷപൂർവ്വം സ്വീകരിക്കുവാനും ഈശോയോടുള്ള വ്യക്തിപരമായ ബന്ധത്തിലൂടെ സന്തോഷപൂർവ്വം സഹിക്കുവാനും അമ്മയ്ക്കു സാധിച്ചിരുന്നു.

2019 മെയ് 21-ാം തീയതി ചുമയും ശ്വാസംമുട്ടലുമായി മരിയൻ മെഡിക്കൽ സെന്ററിൽ പ്രവേശിപ്പിച്ചു. ക്ഷീണം വർദ്ധിച്ചതിനാൽ ജൂൺ 1-ാം തീയതി ഐ.സി.യു വിൽ പ്രവേശിപ്പിക്കുകയും ഉച്ചയ്ക്ക് 2 മണിയോടുകൂടി ഭരണങ്ങാനം സെന്റ് മേരീസ് ഫൊറോനാ അസി. വികാരി ബഹു. ഫാ. മാത്യു കുരിശുംമൂട്ടിലച്ചനിൽ നിന്ന് രോഗീലേപനം സ്വീകരിക്കുകയും ചെയ്തു. 2019 ജൂൺ 8-ാം തീയതി ബഹു. ആവിലാമ്മയെ തിടനാട് കോൾബെ ഡിസ്പെൻസറിയിലേയ്ക്ക് മാറ്റി. 2019 ജൂൺ 10 ഉച്ച കഴിഞ്ഞ് 2.55 ന് അമ്മയുടെ ആത്മാവ് ശാന്തമായി തിരുസന്നിധിയിലേക്ക് യാത്രയായി.

2019 ജൂൺ 11-ാം തീയതി ചൊവ്വാഴ്ച ഉച്ചയ്ക്ക് 1.30-ന് റവ.ഫാ. ജോർജ് നെല്ലിക്കുന്ന് ചെരിവുപുരിയിടത്തിന്റെ പ്രധാന കാർമ്മികത്വത്തിൽ കാക്കോളി മഠം ചാപ്പലിൽ സമൂഹബലി അർപ്പിച്ചു. ദിവ്യബലി മദ്ധ്യേ റവ. ഫാ. റിന്റു OFM കപ്പൂച്ചിൻ ചരമപ്രസംഗം നടത്തി. പാലാ രൂപത വികാരി ജനറാൾ മോൺസിഞ്ഞോർ ഡോ. ജോസഫ് മലേപ്പറമ്പിൽ സംസ്കാരശുശ്രൂഷകൾക്ക് പ്രധാന കാർമ്മികത്വം വഹിക്കുകയും അനു

ശോചനസന്ദേശം നൽകുകയും ചെയ്തു. 3 മണിയോടെ ഭരണങ്ങാനം സെന്റ് മേരീസ് ഫൊറോന പള്ളി സെമിത്തേരിയിൽ അമ്മയുടെ മൃത ദേഹം സംസ്കരിച്ചു. ദിവ്യനാഥൻ തന്റെ വിശ്വസ്തദാസിയെ മഹത്വ ത്തിന്റെ കിരീടം അണിയിക്കട്ടെ എന്ന് നമുക്ക് ആത്മാർത്ഥമായി പ്രാർത്ഥി ക്കാം.



## സി. മേരി ഫിലിപ്പീന പ്ലാക്കൂട്ടത്തിൽ എസ്.എച്ച്.

പാലാ രൂപത മേലുകാവ് ഇടവകയിൽ പ്ലാക്കൂ ട്ടത്തിൽ അവിരാ–ഏലി ദമ്പതികളുടെ 4 മക്കളിൽ 2–ാ മത്തെ മകളായി 1929 മാർച്ച് 11–ാം തീയതി ഭൂജാതയാ യി. മാമ്മോദീസായിൽ മറിയം എന്ന പേരു സ്വീകരിച്ച ഈ ദൈവപൈതൽ ദൈവസ്നേഹത്തിന്റെയും സഹോ ദരസ്നേഹത്തിന്റെയും നല്ല മാതൃകകൾ കണ്ടുംകേട്ടും അനുഭവിച്ചു വളർന്നു സാമാന്യ വിദ്യാഭ്യാസത്തിനുശേഷം 1946 ൽ മേലു കാവ് തിരുഹൃദയ മഠത്തിൽ അർത്ഥിനിയായിചേർന്നു. യഥാകാലം പരി ശീലനം പൂർത്തിയാക്കി 1948 സെപ്തംബർ 8–ാം തീയതി ആദ്യവ്രതവാ ഗ്ദാനം ചെയ്ത് സി. മേരി ഫിലിപ്പീന എന്ന സന്യാസനാമം സ്വീകരിച്ചു.

അധികാരികളുടെ തീരുമാനങ്ങൾ ദൈവഹിതമായി സ്വീകരിച്ച സദാ ദൈവഹിതം നിറവേറ്റുന്നതിൽ ഉത്സുകയായി പാപികൾക്കുവേണ്ടി പ്രാർത്ഥിക്കുക, പാവങ്ങൾക്കുവേണ്ടി ജീവിക്കുക എന്നത് ജീവിതപ്രമാ ണമാക്കി വേദപാഠ അധ്യാപിക, ജൂണിയർ സിസ്റ്റേഴ്സിന്റെ ഗുരുനാഥ മെസ് മാനേജർ, ഫാം സൂപ്പർവൈസർ, അതിഥികളെ സ്വീകരിക്കൽ എന്നീ തന്റെ ചുമതലകളെല്ലാം 100% വിശ്വസ്തതയോടെ പൂർത്തിയാക്കി.

മേലുകാവ്, അറക്കുളം, ചേറ്റുതോട്, നരിയങ്ങാനം, അടിവാരം, ഏഴാച്ചേരി, മേരിലാന്റ്, വെള്ളിയാമറ്റം, മൂലമറ്റം എന്നീ ഭവനങ്ങളിൽ ആയി രുന്നതുകൊണ്ട് സാക്ഷ്യ ജീവിതത്തിലൂടെ സമൂഹത്തിനും ഇടവകയ്ക്കും അനുഗ്രഹമായിതീർന്നു. ഫലിതപ്രിയയും സന്തോഷവതിയുമായിരുന്ന അമ്മയുടെ സാന്നിധ്യം ഏവർക്കും ആനന്ദം പകരുന്നതായിരുന്നു. 2004 മുതൽ 2019 വരെ മൂലമറ്റം തിരുഹൃദയമഠത്തിൽ പ്രാർത്ഥനയിലും പര സ്നേഹപ്രവർത്തികളാലും വിശ്രമജീവിതം നയിച്ച ഫിലിപ്പിനാമ്മ രോഗാ വസ്ഥയിലും ഓർമ്മശക്തി ദുർബലമായപ്പോഴും ഒരു സ്വർഗ്ഗീയാനന്ദം അനു ഭവിച്ചിരുന്നതായി മുഖത്ത് പ്രകടമായിരുന്നു.

ഏറെ ക്ഷീണിതയായിതീർന്ന ഫിലിപ്പിനാമ്മയെ 2019 മെയ് 16–ന് മൂലമറ്റം ബി.വി.എം.സി. ൽ അഡ്മിറ്റ് ചെയ്തു. ഈശോയുടെ കൂടെ നട

ക്കാനുള്ള കടമ മറന്നുപോകാതെ നിസ്സഹായതയുടെയും സഹനത്തിന്റെയും നാളുകളിൽ നിത്യതയിലേയ്ക്ക് കണ്ണുംനട്ട് നിറഞ്ഞ സന്തോഷത്തോടെ ജീവിതയാത്രപൂർത്തിയാക്കി 2019 ജൂൺ 3-ാം തീയതി രാവിലെ 8.15 ന് നിത്യതയിലേക്ക് യാത്രയായി. മൃതസംസ്കാരശുശ്രൂഷകൾ 4-ാം തീയതി രാവിലെ 9 മണിക്ക് മൂലമറ്റം മഠം ചാപ്പലിൽ വി. കുർബാനയോടെ ആരംഭിച്ചു. മഠത്തിലെ ശുശ്രൂഷകൾക്കുശേഷം പാലാ രൂപത വികാരി ജനറാൾ പെരിയ ബഹു. ജോസഫ് കുഴിഞ്ഞാലിൽ അച്ചന്റെ കാർമ്മികത്വത്തിൽ മൃതദേഹം മൂലമറ്റം സെന്റ് ജോർജ് ഫൊറോനപള്ളി സിമിത്തേരിയിൽ സംസ്കരിച്ചു. വാക്കുകളുടെ പ്രഘോഷണത്തെക്കാൾ നിശബ്ദമായ സേവനത്തിലൂടെ അനേകർക്ക് സ്നേഹത്തിന്റെ കരുണയുടെ ശുശ്രൂഷ നൽകി നിത്യതയിലേക്ക് യാത്രയായിരിക്കുന്ന പ്രിയപ്പെട്ട ഫിലിപ്പീനാമ്മയുടെ പാവനസ്മരണയ്ക്കുമുമ്പിൽ ആദരാഞ്ജലികൾ അർപ്പിച്ച് പ്രാർത്ഥിക്കുന്നു.



# അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ ഡയറിയിൽനിന്ന്

## JUNE 2019

| | | |
|---|---|---|
| 1 | 9.45 am | അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടന്ന സൺഡേ സ്കൂൾ ഹെഡ്മാസ്റ്റേഴ്സ് കോൺ ഫറൻസിൽ പങ്കെടുത്തു. |
| | 11.00 am | അരുവിത്തുറ ഫൊറോന പള്ളിയിൽ വിവാഹം ആശീർവദിച്ചു. |
| | 3.30 pm | പാലാ സെന്റ് തോമസ് കോളേജിൽ കൊമേഴ്സ് ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ പണികഴിപ്പിച്ച ഭവനത്തിന്റെ താക്കോൽദാനകർമ്മം നിർവ്വഹിച്ചു. |
| | 05.00 pm | മണലുങ്കൽ ഇടവക ദേവാലയത്തോടനുബന്ധിച്ചു പണികഴിപ്പിച്ച വിദ്യാഭ്യാസ സ്ഥാപനത്തിന്റെ വെഞ്ചിരിപ്പ് കർമ്മത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| | 7.00 pm | നരിയങ്ങാനം ഇടവകയിൽ സന്ദർശനം നടത്തി. |
| 2 | 7.45 am | നരിയങ്ങാനം ദൈവാലയത്തിൽ ഇടവക സന്ദർശനം നടത്തി. |
| 4 | 10- 12noon | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| 5 | 11.30 am | കത്തീഡ്രലിൽ വച്ച് ഫാമിലി അപ്പസ്തോലേറ്റിന്റെ നേതൃത്വത്തിൽ നടന്ന വിവാഹ ജൂബിലി ആഘോഷം ഉദ്ഘാടനം ചെയ്തു. |
| | 2.45 pm | ചേർപ്പുങ്കൽ ദൈവാലയത്തിൽ വച്ച് ജോൺ മറ്റത്തിൽ അച്ചന്റെ സഹോദരന്റെ മൃതസംസ്കാര ശുശ്രൂഷ യിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| 6 | 2.00 pm | തിരുവല്ല മലങ്കര കത്തീഡ്രലിൽ അഭിവന്ദ്യ ഗീവർഗീസ് മാർ തിമോത്തിയോസ് പിതാവിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ സംബന്ധിച്ചു. |
| 7 | 10-12 noon | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 4.00 pm | പാലാ അരമനയിൽ Temporal കമ്മീഷൻ മീറ്റിംഗിൽ സംബന്ധിച്ചു. |

| | | |
|---|---|---|
| | 4.30 pm | ചേർപ്പുങ്കൽ മാർ സ്ലീവാ മെഡിസിറ്റിയിൽ വച്ച് നടന്ന മീറ്റിംഗിൽ സംബന്ധിച്ചു. |
| 8 | 9.30 am | കോതനല്ലൂർ ഫൊറോനായിൽ വച്ച് നടന്ന ഇരട്ടകളുടെ സംഗമത്തിൽ വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി. |
| | 2.00 pm | പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടന്ന Aided and unaided സ്കൂൾ ഹെഡ്മാസ്റ്റേഴ്സ് മീറ്റിംഗിൽ സംബന്ധിച്ചു. |
| | 4.00 pm | മണിയംകുളം ഇടവകയിൽ സന്ദർശനം നടത്തി. |
| 9 | 8.00 am | മണിയംകുളം ദൈവാലയത്തിൽ ഇടവക സന്ദർശനം നടത്തി. |
| | 6.00 pm | വടവാതൂർ പൗരസ്ത്യ വിദ്യാപീഠത്തിൽ പുതിയ കെട്ടിടത്തിന്റെ വെഞ്ചിരിപ്പ് കർമ്മത്തിൽ പങ്കെടുത്തു. |
| 10 | 6.30 am | പാലാ മാർ അപ്രേം വൈദിക മന്ദിരത്തിൽ വിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നൽകി. |
| | 6.00 pm | പാലാ അരമനയിൽ നടന്ന മാസധ്യാനത്തിൽ സംബന്ധിച്ചു. |
| 11 | 10-12noon | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| 12 | 03.30 pm | ഉദയഗിരി ഇടവകയിൽ നടന്ന ബഹു. അഗസ്റ്റിൻ അരഞ്ഞാണി പുത്തൻപുരയച്ചന്റെ സഹോദരൻ സെബാസ്റ്റ്യന്റെ മൃതസംസ്കാരശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| 14 | 10-12 noon | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 02.00 pm | കുറവിലങ്ങാട് ഇടവകയിൽ നടന്ന മെറിറ്റ് ഡേ ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി. |
| 15 | 11.30 am | അരുവിത്തുറ ഇടവകയിൽ വിവാഹം ആശീർവദിച്ചു. |
| | 04.00 pm | മൂഴൂർ ഇടവകയിൽ സന്ദർശനം നടത്തി. |
| 16 | 08.00 am | മൂഴൂർ ദൈവാലയത്തിൽ ഇടവക സന്ദർശനം നടത്തി. |
| 17 | 11.30 am | മേലുകാവുമറ്റം ഇടവകയിൽ വിവാഹം ആശീർവദിച്ചു. |
| 18 | 10-12 noon | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 03.30 pm | ചെമ്പിളാവ് ഇടവകാതിർത്തിയിൽ ഹോം പാലാ പ്രോജക്ടിനോടനുബന്ധിച്ച് ഒരു ഭവനം വെഞ്ചിരിച്ചു. |

| | | |
|---|---|---|
| | 07.00 pm | കോട്ടയത്ത്, വിജയപുരം അരമനയിൽ വച്ച് നടന്ന അഭി വന്ദ്യ പിതാക്കന്മാരുടെ മാസധ്യാനത്തിൽ സംബന്ധിച്ചു. |
| 19 | 09.00 am | കോട്ടയത്ത്, വിജയപുരം അരമനയിൽ വച്ചുനടന്ന അഭി വന്ദ്യ പിതാക്കന്മാരുടെ മാസധ്യാനത്തിൽ സംബന്ധിച്ചു. |
| | 03.00 pm | വിളക്കുമാടം ഇടവകയിൽ നടന്ന മെറിറ്റ് ഡേ ഉദ്ഘാടനം ചെയ്തു. |
| 20 | 10.00 am | കാക്കനാട് നടന്ന മീറ്റിംഗിൽ സംബന്ധിച്ചു. |
| 21 | 10-12 noon | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| 22 | 10.00 am | പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടന്ന കെ.സി.എസ്. എൽ. മീറ്റിംഗ് ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി. |
| | 04.00 pm | കിഴതടിയൂർ ഇടവകയിൽ സന്ദർശനം നടത്തി. |
| 23 | 07.45 am | കിഴതടിയൂർ ദൈവാലയത്തിൽ ഇടവക സന്ദർശനം നടത്തി. |
| 24 | 02.30 pm | പാലാ അരമനയിൽ നടന്ന ഇൻഫാം സോഷ്യൽ സർവ്വീസ് സംയുക്ത സംഘടനാമീറ്റിംഗിൽ സംബന്ധിച്ചു. |
| 25 | 10.00 am | കാഞ്ഞിരപ്പള്ളിയിൽ നടന്ന ഇന്റർ എപ്പാർക്കിയൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| | 04.00 pm | ഇലഞ്ഞി ഇടവകയിൽ ഹോം പാലയോടനുബന്ധിച്ച് പണി പൂർത്തിയാക്കിയ 3 ഭവനങ്ങൾ വെഞ്ചിരിച്ചു. |
| 26 | 08.30 am | വടവാതൂർ സെമിനാരിയിൽ കമ്മീഷൻ മീറ്റിംഗിൽ സംബന്ധിച്ചു. |
| 27 | 10.00 am | കാക്കനാട് നടന്ന സംഘടന ഡയറക്ടേഴ്സ് മീറ്റിംഗിൽ സംബന്ധിച്ചു. |
| 28 | 10-12 noon | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 04.00 pm | ഇലഞ്ഞി ഇടവകയിൽ സുറിയാനി കുർബാനയർപ്പിച്ചു. |
| 29 | | സ്ലീവാപുരം ഇടവകയിൽ സന്ദർശനം നടത്തി. |
| 30 | 08.00 am | സ്ലീവാപുരം ദൈവാലയത്തിൽ ഇടവക സന്ദർശനം നടത്തി. |



# അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവിന്റെ ഡയറിയിൽനിന്ന്

## JUNE 2019

| | | |
|---|---|---|
| 1 | 10.00 am | ഇടമറ്റം ഇടവകയിൽ വി. കുർബാനയർപ്പിച്ചു. |
| 2 | 03.30 pm | മാൻവെട്ടം കോൺവെന്റിൽ ജൂബിലിയോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു. |
| 3 | 06.00 am | പാലാ മാർ അപ്രേം സെമിനാരിയിൽ വി. കുർബാനയർപ്പിച്ചു. |
| 4 | 10-12 noon | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 11.00 am | കത്തീഡ്രലിൽ വിവാഹം ആശീർവദിച്ചു. |
| | | കെ.സി.ബി.സി. മീറ്റിംഗിൽ സംബന്ധിച്ചു. |
| 5 | | കെ.സി.ബി.സി. മീറ്റിംഗിൽ സംബന്ധിച്ചു. |
| 07 | 10-12 noon | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 05.00 pm | കോതനല്ലൂർ ഫൊറോനയിൽ കന്തീശങ്ങളുടെ തിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. |
| 08 | 10.00 am | ചേർപ്പുങ്കലിൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| | 03.00 pm | കത്തീഡ്രലിൽ വി. കുർബാനയർപ്പിച്ചു. |
| | 05.15 pm | കാഞ്ഞിരമറ്റത്ത് മീറ്റിംഗിൽ സംബന്ധിച്ചു. |
| 10 | 06.00 pm | പാലാ അരമനയിൽ വച്ച് നടന്ന മാസധ്യാനത്തിൽ പങ്കെടുത്തു. |
| 11 | 10-12 noon | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| 14 | 10-12 noon | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 04.00 pm | ബിഷപ്സ് ഹൗസിൽനടന്ന മീറ്റിംഗിൽ സംബന്ധിച്ചു. |
| 17 | 11.00 am | ളാലം പഴയപള്ളിയിൽ വെഞ്ചരിപ്പ് നടത്തി. |
| | 03.00 pm | അരമനയിൽ ഒരു മീറ്റിംഗിൽ സംബന്ധിച്ചു. |
| 18 | 10-12 noon | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |

| | | |
|---|---|---|
| | 7.00 pm | കോട്ടയത്ത്, വിജയപുരം അരമനയിൽ വച്ച് നടന്ന അഭി വന്ദ്യ പിതാക്കന്മാരുടെ മാസധ്യാനത്തിൽ സംബന്ധിച്ചു. |
| 19 | 09.00 am | കോട്ടയത്ത്, വിജയപുരം അരമനയിൽ വച്ച് നടന്ന അഭി വന്ദ്യ പിതാക്കന്മാരുടെ മാസധ്യാനത്തിൽ സംബന്ധിച്ചു. |
| 21 | 10-12 noon | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| 22 | 06.30 am | മൈനർ സെമിനാരിയിൽ വി. കുർബാനയർപ്പിച്ചു. |
| 23 | | വാലാച്ചിറ ഇടവകയിൽ സന്ദർശനം നടത്തി. |
| 24 | 03.00 pm | അരമനയിൽ നടന്ന മീറ്റിംഗിൽ സംബന്ധിച്ചു.. |
| 25 | 10.00 am | കാഞ്ഞിരപ്പള്ളിയിൽ നടന്ന ഇന്റർ എപ്പാർക്കിയൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| 26 | 03.00 pm | അരമനയിൽ നടന്ന മീറ്റിംഗിൽ സംബന്ധിച്ചു. |
| 27 | 11.30 am | കത്തീഡ്രലിൽ വിവാഹം ആശീർവദിച്ചു. |
| 28 | 10-12 noon | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| 30 | 03.00 pm | ഭരണങ്ങാനം ഡി.എസ്.റ്റി. ജനറലേറ്റിൽ ജൂബിലി സമാ പനത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു. |



# Bishop's Engagements
## Mar Joseph Kallarangatt
### JULY 2019

| | | | |
|---|---|---|---|
| 1 | Mon | 02.00 pm | Bharananganam : Qurbana |
| 2 | Tue | 10-12 noon | Visitor's Day |
| | | 02.30 pm | Bishop's House : Meeting |
| | | 03.30 pm | St. Thomas Press : Blessing |
| | | 04.30 pm | Cathedral : Blessing |
| | | | Cherpunkal : Meeting |
| 3 | Wed | 10.00 am | Cathedral : Raza |
| 4-5 | | | Engaged |
| 6 | Sat | 11.30 am | Ramapuram : Marriage |
| | | 05.30 pm | Mulakkulam : Blessing |
| 7 | Sun | 04.00 pm | Keezhoor : Holy Qurbana |
| 8 | Mon | 11.00 am | Bishop's House : Meeting |
| 9 | Tue | 10-12 noon | Visitor's Day |
| | | | Cherpunkal : Meeting |
| 10 | Wed | | Engaged |
| 11 | Thu | 11.00 am | Bishop's House : Meeting |
| 12 | Fri | 10-12 noon | Visitor's Time |
| | | | Cherpunkal : Meeting |
| 13 | Sat | 10.30 am | Mutholapuram : Holy Qurbana |
| | | 02.30 pm | Lalam Old : Meeting |
| | | | Pastoral Visit : Vakkadu |

| | | | |
|---|---|---|---|
| 14 | Sun | | Pastoral Visit : Vakkadu |
| | | 04.30 pm | Arunapuram : Blessing |
| 15 | Mon | 10.30 am | Bishop's House : Meeting |
| 16 | Tue | 10-12 noon | Visitor's Time |
| | | | Cherpunkal : Meeting |
| 17 | Wed | 10.00 am | Bishop's House : Meeting |
| 18 | Thu | 05.00 pm | Kayyoor : Blessing |
| 19 | Fri | 10.45 am | Bharananganam : Kodiyettu |
| | | | Cherpunkal : Meeting |
| 20 | Sat | | Pastoral Visit : Mevada |
| 21 | Sun | | Pastoral Visit : Mevada |
| 22 | Mon | | Kappadu : Ongoing Formation |
| 23 | Tue | 10-12 noon | Visitor's Time |
| | | | Cherpunkal : Meeting |
| | | | Kappadu : On going Formation |
| 24-25 | | | Engaged |
| 26 | Fri | 10-12 noon | Visitor's Time |
| | | | Cherpunkal : Meeting |
| 27 | Sat | | Engaged |
| 28 | Sun | | Bharananganam : Raza |
| 29 | Mon | 11.00 am | Cathedral : Marriage |
| 30 | Tue | 10-12 noon | Visitor's Time |
| | | | Cherpunkal : Meeting |
| 31 | Wed | 03.00 pm | Bishop's House : Meeting |



# Auxiliary Bishop's Engagements

## Mar Jacob Muricken

### JULY 2019

| | | | |
|---|---|---|---|
| 01 | Mon | 10.00 am | Ernakulam : Meeting |
| 02 | Tue | 06.15 am | Pastoral Institute : Qurbana |
| | | 10-12 noon | Visiting Time |
| 03 | Wed | 06.15 am | DST : Qurbana |
| 04 | Thu | 10.30 am | Lalam New : Jubilee Qurbana |
| 05 | Fri | 10-12 noon | Visiting Time |
| | | 02.00 pm | Moonnilavu : Merit Day |
| 06 | Sat | 02.30 pm | Mutholapuram : Jubilee Qurbana |
| 07 | Sun | 12.00 noon | Blessing |
| 08 | Mon | 11.00 am | Podimattam : Meeting |
| 09 | Tue | 10-12 noon | Visiting Time |
| 10 | Wed | 03.00 pm | Bishop's House Meeting |
| 11. | Thu | 11.00 am | Cathedral : Marriage |
| 12 | Fri | 10-12 noon | Visiting Time |
| 13 | Sat | 11.00 am | Kizhathadiyoor : Marriage |
| 14 | Sun | | Kaduthuruthi: Pastoral Visit |
| 15 | Mon | 10.00 am | Edapally : Blessing |
| 16 | Tue | 10-12 noon | Visitor's Time |
| 17 | Wed | 10-12.30 pm | Bishop's House : Young Priest Meet |
| 18 | Thu | | Engaged |
| 19 | Fri | 10.00 am | Bharananganam : Qurbana |

| | | | |
|---|---|---|---|
| 20 | Sat | | Engaged |
| 21 | Sun | 05.00 pm | OCD Ashramam : Qurbana |
| 22-27 | | | Adilabad Visit |
| 28 | Sun | 07.30 am | Bharananganam Qurbana |
| 29 | Mon | 11.00 am | Bishop's House : Meeting |
| | | 02.00 pm | Bishop's House : Meeting |
| 30 | Tue | 10-12 noon | Visiting Time |
| 31 | Wed | 03.00 pm | Bishop's House : Meeting |



കോതനല്ലൂർ പള്ളിയിൽ നടന്ന ഇരട്ടകളുടെ സംഗമം



പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ചു നടന്ന സൺഡേസ്‌ക്കൂൾ ഹെഡ്മാസ്റ്റേഴ്‌സ് കോൺഫ്രൻസ് മീറ്റിംഗ്




പാലാ കോർപ്പറേറ്റിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച  എ പ്ലസ് വിന്നേഴ്‌സ് മീറ്റ്

**2019**
**JULY**

# SANTHWANAPRAKASHAM

## PALAI DIOCESAN BULLETIN




Printed at St. Thomas Press, Palai and Published by Fr. John Edettu